KOTTAYAM PUBLIC LIBRARY

Call No. M F 9 Acc.No 70469

Author വിനയൻ

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# തീയും തിരയും

KOTTAYAM PUBLIC LIBRARY
70469
KOTTAYAM.

വിനയൻ

---

പ്രസാധകന്മാർ:
പി. കെ. ബ്രദേർസ്
കോഴിക്കോട്ട്

ഒന്നാം പതിപ്പ്

കോപ്പി 1000

ജൂൺ 1965

പകർപ്പവകാശം:

പ്രസാധകന്മാർക്ക്

വില: രണ്ടുറുപ്പിക.

അച്ചടി:

സരോജ് പ്രസ്സ്

കോഴിക്കോട്ട്

## കഥകൾ


1. തീയും തിരയും
2. ബാക്കി അരമണിക്കൂർ
3. പിഴകൾ
4. ടപ്പിയോക്ക
5. നീ എന്നെ മനുഷ്യനാക്കുകയാണ്
6. ഭീരു
7. പാതിര കഴിഞ്ഞപ്പോൾ
8. റെയിൽവേസ്റ്റേഷനിൽ ഒരു പ്രസവം

# തീയും തിരയും

എങ്ങും കൂരിരുട്ടാണ് പുറത്ത്. അർദ്ധരാത്രി കഴിഞ്ഞിരിക്കുമോ എന്ന് അയാൾക്കറിഞ്ഞുകൂടാ, ഒരനക്കവുമില്ലെങ്ങും. ആട്ടിൻകൂട്ടിലെ ആട്ട് അനങ്ങുന്നതിന്റെ ശബ്ദങ്ങൾ മാത്രം ഇടക്കിടെ കേൾക്കാനുണ്ട്. ആ ശബ്ദങ്ങൾ അയാളുടെ ചിന്തകൾക്ക് തടസ്ഥമായിത്തീർന്നുകൊണ്ടിരുന്നു. ആ കൂരിരുളിലൂടെ നടന്നുവരുന്ന ഒരു പിശാചിന്റെ കാൽവെപ്പുകൾപോലെ ആ ശബ്ദങ്ങൾ അയാൾക്കനുഭവപ്പെട്ടു. തന്നെ ആശ്വസിപ്പിക്കാനും ഒരു മാർഗ്ഗം കാണിച്ചുതരാനും അമ്മ വരികയായിരിക്കുമോ–എന്നയാൾ വിചാരിച്ചു. അപ്പോൾ, ആ കിണററിന്നടുത്തേക്കു നോക്കാതിരിക്കാൻ അയാൾക്കു കഴിഞ്ഞില്ല. തകർന്നിടിഞ്ഞു വീണുകിടക്കുന്ന കിണർച്ചുവരുകളിൽ മുളച്ചു പൊങ്ങിനില്ക്കുന്ന കാട്ടു ചെടിക്കൂട്ടം കണ്ടപ്പോൾ അയാൾക്ക് നേരിയൊരു ഭയമനുഭവപ്പെട്ടു. കിണററിൽ നിന്നു് ഒരു പിശാച് തലയുയർത്തി അങ്ങോട്ടു നോക്കുന്ന

തുപോലെ; ആ വെള്ളിലത്തിരുള്ളകൾ അതിൻെറ കണ്ണു കൾ ആയിരിക്കുമോ? എന്തോ, അങ്ങോട്ടു നോക്കിക്കൂ ടാ. അവ്യക്തമായ ഒരു ഭീതി അന്തരംഗത്തിൽ തലയുയ ർത്തുകയാണു്.

എന്തിനാണിങ്ങിനെ സ്വന്തം അമ്മയെ ഭയപ്പെടു ത്തുന്നതെന്നു് ഓർക്കുമ്പോൾ സങ്കടത്തോടുകൂടി അയാൾ വിചാരിച്ചുപോയി:-

അമ്മ ഉണ്ടായിരുന്നെങ്കിൽ!''

അമ്മ ഉണ്ടായിരുന്നെങ്കിൽ മാർഗ്ഗങ്ങൾ കണ്ടെത്താ തെ വിഷമിക്കേണ്ടിവരില്ലായിരുന്നു. ആരോഗ്യമൊട്ടു മില്ലാതിരുന്ന ആ ശരീരത്തിന്നുള്ളിൽ സ്നേഹത്തിൻെറ ഒരു വലിയ സാമ്രാജ്യമുണ്ടായിരുന്നു!

എല്ലാം അവർ ചെയ്യുമായിരുന്നു. വേണ്ടതു വേ ണ്ടതുപോലെതന്നെ അവർ എന്നും ചെയ്തു. നേരംതെ റ്റാതെ ഒരു നല്ല പെണ്ണിനെ തേടിപ്പിടിച്ചു കല്യാണം കഴിപ്പിച്ചു, വീട്ടുപണികളും ചകിരി പിരിയും അവ ളെ പഠിപ്പിച്ചു. എന്നിട്ടും അവളെക്കൊണ്ടു് അവർ ഒ രു ജോലിയും ചെയ്യിച്ചില്ല.

"ഒക്കെ നീ പഠിച്ചുവെച്ചോ മോളെ. ഞാനില്ലാ ത്തപ്പം ചെയ്താമതി. ഓനു് നീയേള്ളൂ:''

കുഞ്ഞിക്കണാരൻെറ കണ്ണുകളിൽ വെള്ളം നിറ ഞ്ഞുപോയി.

"എന്നിട്ട്........."

ആ കൂരിരുട്ടിലേക്ക് തുളച്ചുകയറുന്ന ഒരു നിശ്വാസം അയാളിൽനിന്നുയൻ്റു.........

അമ്മയും, ചകിരിയും ലോകത്തിലുണ്ടായിരുന്നതു് കൊണ്ടു് വിശപ്പെന്താണു് എന്നറിഞ്ഞിരുന്നില്ല. അമ്മയുള്ള കാലത്ത് കാണാത്തതെല്ലാം കാണുവാനും അനുഭവിച്ചിട്ടില്ലാത്തതെല്ലാം അനുഭവിക്കാനും അയാൾക്ക് മോഹമുണ്ടായി. അതിന്നുവേണ്ടിയായിരുന്നു പട്ടാളത്തിൽ ചേൻ്റിരുന്നതു്. അങ്ങിനെ, കാണാത്തതെല്ലാം കണ്ടു അനുഭവിച്ചിട്ടില്ലാത്തതെല്ലാം അനുഭവിച്ചു ഒന്നിനെപ്പററിയും ചിന്തിക്കാതെ സുഖത്തിൽ മുഴകിയിരുന്ന ആ കാലത്തൊരുദിവസം ഒരു കമ്പികിട്ടി–

"അമ്മ മരിച്ചു! ഉടനെ വരിക" ഞെട്ടിപ്പോയി!

അമ്മക്കു് രോഗമെന്തായിരുന്നു?

നാട്ടിലെത്തിയപ്പോൾ അറിഞ്ഞു.

അതൊരു ആത്മഹത്യയായിരുന്നു!

നട്ടങ്ങിപ്പോയി.

അമ്മ എന്തിന്നു് ആത്മഹത്യ ചെയ്തു?

ആക്കും അറിഞ്ഞുകൂടാ. അമ്മയുടെകൂടെ ജീവിച്ച ഭാൎയ്യക്കും അറിഞ്ഞുകൂടാ: പൊട്ടിക്കരയുന്ന ഹൃദയത്തോടെ അവളോടു നൂറുതവണ അയാൾ ചോദിച്ചു.

"എൻെറ അമ്മ എന്തിനു് കിണററിൽ ചാടി മരിച്ചു?"

അവൾ അല്പംപോലും വികാരമില്ലാതെ പറഞ്ഞു:-

"എന്നോട്ട് ചോദിച്ചാലറിയ്യോ? എനിക്കറിഞ്ഞൂടാ-"

അല്പാംപോലും വേദനയില്ലാതെ അവൾ അങ്ങിനെ പറയുന്നതു് കേൾക്കുമ്പോഴെല്ലാം ക്രൂരനായ ഒരു പട്ടാളക്കാരൻ നിറത്തോക്കും ചൂണ്ടി വന്നുനിന്നു. പക്ഷെ, ഒരു ശക്തി മനസ്സിലെവിടെയോ ഒളിഞ്ഞുനിന്നു മന്ത്രിക്കാറുണ്ടായിരുന്നു:

"വേണ്ട മോനെ. ഓള് നെൻെറതാണെന്നു് നിരീക്കു്!"

ആ ശബ്ദത്തിൽ എന്തൊ ഒരു പന്തികേടുണ്ടെന്നു് അയാൾക്കു് തോന്നാതിരുന്നില്ല. തൻെറതല്ലാത്ത ഒന്നിനെ തൻേറതാണെന്നു് വിശ്വസിക്കാതിരുന്നുകൂടാത്ത ഒരു പരിതഃസ്ഥിതിയിൽ താൻ കുടുങ്ങിക്കിടക്കുകയാണെന്നു് തോന്നിക്കൊണ്ടേയിരുന്നു......

"ഹൌ......അവൾ......!"

കുഞ്ഞിക്കണാരൻ ആ കിണററിൻകരയിലേക്കുതന്നെ കണ്ണെടുക്കാതെ നോക്കി കിടന്നു.

അവിടെ തലപൊക്കി നില്ക്കുന്നതു് അമ്മയോ? കാട്ടുചെടികളൊ?

അതുവരെയുണ്ടായിട്ടില്ലാത്ത ഒരുതരം ഭീതിയോടെ അയാൾ കണ്ണുകൾ മുറുക്കെ പൂട്ടിക്കിടന്നു, കണ്ണുകൾക്കു മുമ്പിൽ അമ്മയുടെ രൂപം വന്നുനില്ക്കുന്നു. എല്ലുകൾ ഉയൎന്ന കഴുത്തും, അമൎന്നു കിടക്കുന്ന മാറിടവും, എണ്ണയില്ലാത്ത മുടിയും.

അതിന്നുമപ്പുറം അവരുടെ മൃതദേഹമാണു്. ജീൎണ്ണിച്ചു വികൃതമായ ആ ശവം, കണ്ണുകൾ തുറിച്ചു പല്ലിളിച്ചു മലൎന്നുകിടക്കുന്നു. കുഞ്ഞിക്കണാരനു് ചിടിയെണീററ് ആ നിശ്ശബ്ദതയെ വിറപ്പിച്ചുകൊണ്ടു് 'ക്കൂ—ക്കൂയ്' എന്നു് ഉറക്കേ കൂകണമെന്നു് തോന്നിപ്പോയി. എങ്കിൽ ലോകമൊന്നടക്കമുണരും. ഉണൎന്നവരെല്ലാം കൂകും. പട്ടികൾ കുരക്കും. അപ്പോൾ താൻമാത്രം ഉണൎന്നു കിടക്കേണ്ടിവരില്ല—അയാൾ ധൈൎയ്യത്തോടുകൂടി പെട്ടെന്നു് കണ്ണുകൾ തുറന്നു. ലോകം ഭീകരമായ ഒരു ശവം കണക്കെ ഉറങ്ങിക്കിടക്കുകയാണു്. ചിന്തകളെ മറെറാരു ഇടത്തേക്കു നയിക്കാൻവേണ്ടി അയാൾ താൻ ജീവിച്ച വിദേശങ്ങളിലെ വേശ്യാത്തെരുവുകളെപ്പററി ഓൎക്കാൻ ശ്രമിച്ചു. ഒന്നും കാണുന്നില്ല, ഉള്ളു് നിറയെ ഇരുളാണു്. അമ്മയില്ലാത്ത മറേറതെങ്കിലുമൊരു സ്ത്രീ മനസ്സിൻെറ മുമ്പിൽ വന്നുനില്ക്കുന്നുണ്ടായിരുന്നില്ല. ഒരുത്തി മാത്രമുണ്ടു്-കല്ല്യാണി. അവൾ അവിടെ ഒരു ആവശ്യമല്ലെന്നു് കുഞ്ഞിക്കണാരനു് അറിയാം. അമ്മയുടെ ആത്മഹത്യയെപ്പററി വേദനയോടുകൂടി ചോദിച്ചപ്പോൾ അല്പംപോലും വികാരം കൂടാതെ ഉത്തരം പറഞ്ഞവളാണവൾ. അവൾക്കുവേണ്ടിയാണു് എല്ലാ സുഖങ്ങളും വേണ്ടെന്നുവെച്ചു് പട്ടാളത്തിൽനിന്നു് ഡിസ്ചാൎജ്ജ് വാ

ങ്ങി വന്നതു്. പട്ടാളത്തിലായിരുന്നെങ്കിൽ എന്തു നല്ല നിലയിൽ എത്തിപ്പോകുമായിരുന്നു! ഈ പ്രാരബ്ധങ്ങൾക്കെല്ലാം അടിമപ്പെടേണ്ടിവരുമായിരുന്നോ? അയാൾ കഷ്ടപ്പെടുന്നതിനെപ്പററി ചിന്തിക്കാനും, വേദനിക്കാനും അയാളൊഴികെ മററാരുമുണ്ടായിരുന്നില്ല. ഉണ്ടാകേണ്ടതു് കല്യാണിയായിരുന്നു. അവൾക്കത്തരം വികാരങ്ങളൊന്നുമില്ല. വൈകുന്നേരമാകുമ്പോഴേക്കും അരിയും സാമാനങ്ങളും, മീനും അവളുടെ മുമ്പിൽ ഉണ്ടായിരിക്കണം. അതില്ലെങ്കിൽ അവൾ നിർദ്ദയമായി ചോദിക്കും:

"കഴിവില്ലെങ്കിൽ പിന്നെന്തിനാ ഒരുത്തീനെ കെട്ടി വലിച്ചു കൊണ്ടുന്നതു്?" അയാൾക്കു് ക്ഷമിക്കാൻ കഴിവുണ്ടായിരുന്നു. അയാൾ ഒരക്ഷരം ഉരിയാടാതെ മുററത്തു് തെക്കും വടക്കുമായി നടക്കും. "നിനക്കിവിടിരുന്നു ചകിരിപിരിച്ചുകൂടെ. എല്ലാ പെണ്ണുങ്ങളും അങ്ങിനെയല്ലേ വീടു പുലർത്തുന്നതു്, അമ്മ നിന്നെ അതു പഠിപ്പിച്ചതെന്തിനായിരുന്നു?" പലപ്പോഴും അങ്ങിനെ ചോദിക്കണമെന്നയാൾ വിചാരിക്കുകയേ ചെയ്തിരുന്നുള്ളു...

അവൾക്കതിന്നു സമയമില്ല: ഒഴക്കരിയുടെ വഴിയുംനോക്കി അയാൾ പുറത്തേക്കിറങ്ങുകയേ വേണ്ടു. വാതില്ലും പൂട്ടി അവളും ഇറങ്ങും. ഒരു ഭിക്ഷാടനക്കാരിയേപ്പോലെ അവൾ ഓരോ അയൽവീട്ടിലും കയറിയിറങ്ങും. എന്തിനാണെന്നറിഞ്ഞുകൂട. ഒരുപക്ഷെ ആ വീടുകളിലെ ഗൃഹാധിപകളോടു് അവരുടെ പുരുഷന്മാരുടെ കഴിവുകളെക്കുറിച്ചു് അന്വേഷിക്കുവാനായിരിക്കും. ഒന്നും

കണ്ടതായി നടിക്കാറില്ല. അവളുടെ വഴി മുടക്കാൻ കുഞ്ഞിക്കണാരൻ ഒരുക്കമില്ലായിരുന്നു...

ചെയ്തിട്ടില്ലാത്ത പ്രവൃത്തികളൊക്കെ അയാൾക്കു് ചെയ്യേണ്ടിവന്നു. മററുള്ളവരുടെ പറമ്പു കിളക്കുവാനും കെട്ടും, പെട്ടിയുമെടുക്കുവാനും അയാൾ മടി കാണിച്ചില്ല. അയാൾക്കു് അതൊക്കെ സന്തോഷമായിത്തോന്നി. "ജീവിക്കുവാനല്ലേ"—അതായിരുന്നു അയാളുടെ വിശ്വാസം.

മുടിയും താടിയും നീണ്ടു കിടക്കുന്നു. ഒന്നു ശരിയാക്കണമെങ്കിൽ ആറോ എട്ടോ അണ വേണം. ആറോ എട്ടോ അണകൾ കണ്ടിട്ടു് വളരെ കാലമായിരുന്നു.

അപ്പോഴാണ് അവളുടെ ആ കത്തു വന്നിരിക്കുന്നതു്. അവൾക്കവിടെ ഒന്നും അറിയേണ്ടതില്ല. അല്ലെങ്കിൽ ഒരു പെണ്ണിനും ജീവിതത്തെപ്പററി ചിന്തിക്കേണ്ട ആവശ്യമില്ല. അവൾ ജീവിക്കാൻവേണ്ടി തിരിഞ്ഞും മറിഞ്ഞുംനോക്കാതെ സുഖമായി ചാരിയിരുന്നവളാണു്. അവളെ ജീവിപ്പിക്കാൻ അവൾക്കു് പുരുഷനുണ്ടു്. അവൻ അതിന്നു് കടമപ്പെട്ടവനാണെന്നു് അവൾ വിശ്വസിക്കുന്നതുകൊണ്ടു് അവൾക്കെന്തുവേണമെങ്കിലും പറയാം. അല്ലെങ്കിൽ പിന്നെ എന്തുകൊണ്ടു് അങ്ങിനെ ഒരു ഓർഡർ എഴുതി അയക്കാൻ അവൾക്കു് വൈമനസ്യമുണ്ടായില്ലാ? കുഞ്ഞിക്കണാരൻ കണ്ണുകൾ അടച്ചു് അല്പനേരത്തോളം ഒന്നും ആലോചിക്കാതെയിരുന്നു. പെട്ടെന്നു് വർദ്ധിച്ച വെറുപ്പോടെ അയാൾ പിറുപിറുത്തു:-

"ഈ വേണ്ടാത്ത ആചാരങ്ങളെല്ലാം മാററേണ്ടിയിരിക്കുന്നു."

പ്രസവിക്കാൻ അവളെ അവളുടെ വീട്ടിലേക്കയക്കണമെന്നു് എല്ലാവരും പറഞ്ഞപ്പോൾത്തന്നെ അയാൾക്കതത്ര ഇഷ്ടമായിരുന്നില്ല. കുറേയൊക്കെ എതിർപ്പുകൾ അയാൾ പ്രദർശിപ്പിച്ചു. പക്ഷേ, അയാൾക്കു് ഒരൊററ ശബ്ദമേയുണ്ടായിരുന്നുള്ളു-അയാളുടേതുമാത്രം. മററു നൂറായിരം ശക്തിയുള്ള ശബ്ദങ്ങളുടെ മുമ്പിൽ അയാളുടെ നാവു കുഴഞ്ഞുപോയി. എന്നിട്ടും; അവസാനമായി അയാൾ ഒരു കാര്യം പറഞ്ഞുനോക്കി.

"പ്രസവിക്കുകയല്ലെ ആവശ്യം? അതു് ഒരു പ്രത്യേക സ്ഥലത്തു്നിന്നാവണമെന്നു് ശാഠ്യം പിടിക്കുന്നതെന്തിനാണെന്നു പറയു"

"അതാണാചാരോം, സമ്പ്രദായോം"

അയാൾ പല്ലിറുമ്മിക്കൊണ്ടു് ഒടുവിൽ പറഞ്ഞു:-

"ഈ വേണ്ടാത്ത ആചാരോം സമ്പ്രദായൊം നശിക്കണം! നശിപ്പിക്കണം!!

അയാളുടെ പല്ലുകളൊന്നും ആരും കണ്ടില്ല. അവൾ അവളുടെ വീട്ടിലേക്കുതന്നെ പ്രസവിക്കാൻ പോയി. കുഞ്ഞിക്കണാരൻ മാത്രം ആ വീട്ടിൽ അവശേഷിച്ചു. ഒരു തത്തക്കൂട്ടപോലത്തെ കൊച്ചുജനാലയുള്ള ആ മുറിയിൽ തനിയെ കിടക്കാൻ അയാൾക്കു് നേരിയ

ഭയം തോന്നി. അയാളും ഭാൎയ്യയും കിടന്നിരുന്ന ആ വലിയ മരപ്പെട്ടിയെ 'പത്തായം' എന്നായിരുന്നു അവർ വിളിച്ചിരുന്നതു്. അതു് അവളുടെ പത്തായമായിരുന്നു. അവളുടെ അച്ഛൻ ദാനം ചെയ്ത പത്തായം. ആ പത്തായത്തിന്മേൽ തനിയെ കിടക്കാൻ അയാൾ ധൈൎയ്യപ്പെട്ടില്ല. അയാൾ പുറത്തു് കോലായിൽ അവരുടെ പഴയ മെത്തപ്പായയിൽ കിടക്കും. ആരും അയാളോടു് ഇല്ലായ്മകൾ പറയാനുണ്ടായിരുന്നില്ല.

രാവിലെ മുതൽ സന്ധ്യയാകുംവരെ സ്വാതന്ത്ര്യമായി അയാൾ ചുററിത്തിരിയും. ആരോടും അയാൾ തമാശ പറയാൻ നിന്നില്ല. ആ ഇടവഴിയുടെ കവലയിൽവെച്ചു് മുച്ചീട്ടുകളിക്കാനവിടെ തങ്ങിനിന്നില്ല. ന്യായമായ ഏതെങ്കിലും വഴിക്കു് അരിയും, ഉപ്പും, മുളകും, മണ്ണെണ്ണയും സമ്പാദിച്ചു. സന്ധ്യയാകാറാകുമ്പോൾ പടിക്കലൂടെ മീൻ കൊണ്ടുപോകുന്ന ഹസ്സൻകുട്ടിയോടു് അരയണക്കു മീൻ വാങ്ങി ഇഷ്ടംപോലെ വെച്ചുണ്ടാക്കി. വളരെ വൈകിയിട്ടു് പരിസരങ്ങളിലുള്ള എല്ലാ വീടുകളിലും വിളക്കണെയ്ക്കുന്നതും നോക്കി അയാൾ കോലായിലിരുന്നു. വെറുതെ സ്വയം ഇരിക്കുമ്പോൾ ഒന്നു മൂളണമെന്നു് തോന്നും. ഉടനെ പാടുകയും ചെയ്യും:

"കണ്ണുനീരിതു കാണ്മതില്ലയൊ
കാർമുകിൽ വൎണ്ണാ—"

അതൊരു വെറും പാട്ടായിരിക്കുകയില്ല. അയാളുടെ മനസ്സിൻെറ അടിത്തട്ടിൽനിന്നാണു് ആ ഗാനം ഉയൎന്നുവരി

ക. ആ കണ്ണുകൾ നിറഞ്ഞൊഴുകി താടിരോമങ്ങളിലൂടെ ഹൃദയംവരെ എത്തും.

ആ പാട്ടിൻെറ അവസാനമാണ് ആ പരിസരത്തിൻെറ ഘടികാരം. ആ പാട്ട് പാടിക്കഴിയുന്നത് കൃത്യം പത്തുമണിക്കാണെന്ന് നാട്ടുകാരോടൊപ്പം കുഞ്ഞിക്കണാരനും വിശ്വസിക്കുന്നു. കാരണം, ആ സമയത്താണ് മൂന്നു നാഴിക അകലെയുള്ള റെയിലിൽക്കൂടി ഒരു വണ്ടി പോകുന്ന ശബ്ദം നാട്ടുകാർ കേൾക്കുന്നത്. ആ വണ്ടി പോകുന്നതു് തെക്കോട്ടോ, വടക്കോട്ടോ എന്ന് അവർക്കാർക്കും വ്യക്തമായറിഞ്ഞുകൂടാ. അത് പത്തുമണിയുടെ വണ്ടിയാണ്. കാരണം, കുഞ്ഞിക്കണാരൻെറ പാട്ട് അവസാനിച്ചിരിക്കുന്നു. എല്ലാവരും വാതിലടക്കുന്നതു് പത്തുമണിക്കാണെന്നാണ് കുഞ്ഞിക്കണാരൻെറ വിശ്വാസം. അയാൾ ചോറുണ്ടശേഷം വാതിലുകൾ അടച്ച് പുറത്തേക്കു വരും. ഉമ്മറപ്പടിമേൽ ചിമ്മിനി വിളക്ക് താഴ്ത്തിവെച്ച് അയാൾ കിടക്കും. അവൾ പ്രസവിക്കുമോ, പ്രസവിക്കാതെ മരിച്ചുപോകുമോ, പ്രസവിച്ചാൽ കുഞ്ഞ് ആരെപ്പോലെയിരിക്കും എന്നൊന്നും ഓർക്കാനും ഭയപ്പെടാനും അയാൾ മിനക്കെട്ടില്ല. എന്തെന്നാൽ, ആചാരങ്ങളിൽക്കൂടി എല്ലാം സുരക്ഷിതങ്ങളാണെങ്കിൽ ആശങ്കകൾക്കവകാശമില്ലെന്നാണ് അയാൾ ഒരു പരിഹാസരസത്തോടെ വിചാരിക്കുന്നതു്.

അവൾ പ്രസവിച്ചു. കുഞ്ഞിക്കണാരൻ യാതൊരു ആഹ്ലാദവും പ്രദർശിപ്പിച്ചില്ല. പക്ഷേ, ആ കണ്ണുകൾ കുറേക്കൂടി ചിന്താധീനങ്ങളായിത്തീർന്നു... ...

"കുട്ടി ആണോ പെണ്ണോ—?"

ചോദിക്കുന്നവരോട്ട് കണാരൻ പറഞ്ഞു:

"ആണായാലെന്ത്? പെണ്ണായാലെന്ത്?" ഒക്കെ കണക്കാണെന്നാണ് കുഞ്ഞിക്കണാരൻ പറയുന്നത്. ആണും പെണ്ണും വളൎന്നുവരുന്നതുവരെ സൂക്ഷ്മതയോടെ നോക്കിനടക്കണം. വളൎന്നുകഴിഞ്ഞ് അടുത്ത നിമിഷത്തിൽ അവർ ഒരു പോക്കുപോകും; പിടിച്ചാൽ പിടികിട്ടാത്ത ഒരു പോക്ക്. ഈ നോക്കിനടക്കുന്നവർ വണ്ടം ഒററപ്പെട്ടുകയാണ്! ആ "തത്വശാസ്ത്ര"ത്തോട്ട് യോജിക്കുന്നവർ അധികംപേരുണ്ടായിരുന്നില്ലെങ്കിലും "അതു നേരാണെ"ന്നു തലയാട്ടുവാൻ പലരും മടിച്ചില്ല.

വേണ്ടതെല്ലാം വേണ്ടതുപോലെതന്നെ ചെയ്തു. വിശപ്പു പൊറുത്തും അയാൾ എല്ലാം ചെയ്തു. ഇനി അവളെയും, കുഞ്ഞിനെയും കൂട്ടിക്കൊണ്ടുവരികയെ വേണ്ടൂ. ആ ദിവസം അടുത്തുകഴിഞ്ഞപ്പോഴാണ് ആ കത്ത് കിട്ടിയതു്—കല്യാണിയുടെ കത്ത്! അയാൾ ഞെട്ടിപ്പോയി! ആ കത്ത് കൈക്കുള്ളിൽ ഞെരുക്കിത്തിരുമ്മീട്ട് അയാൾ കീറി വലിച്ചെറിഞ്ഞ് പറഞ്ഞു;

"ദുഷ്ടത്തി!"

എല്ലാം വേണ്ടതുപോലെ ചെയ്യണമെന്നവൾ നിൎദ്ദേശിച്ചിരിക്കുന്നു. എന്താണ് വേണ്ടതു്? അവളെയും കുഞ്ഞിനെയും കൂട്ടിക്കൊണ്ടുവരുവാൻ ഇത്രയൊക്കെ "വേണ്ടതുകൾ" ഉണ്ടോ? നല്ലൊരു ദിവസംനോക്കി

അങ്ങോട്ട് ചെല്ലണം. കൂട്ടിക്കൊണ്ടുവരണം. അങ്ങിനെയല്ലപോലും ആചാരം. പ്രസവം കഴിഞ്ഞ് കൂട്ടിക്കൊണ്ടുവരാൻ ഭർത്താവ് മാത്രം പോയാൽ പോരാ. മൂന്നനാലു സ്ത്രീകൾകൂടി വേണം. അവരാണ് പ്രസവിച്ച സ്ത്രീയെ കൂട്ടികൊണ്ടുവരേണ്ടതു്. ഇങ്ങോട്ട് വരുമ്പോൾ അവളുടെ വീട്ടിൽനിന്ന് ഒന്നുരണ്ടു പെണ്ണുങ്ങൾകൂടെ വരും. എല്ലാവരുംകൂടി എത്തിക്കഴിഞ്ഞാൽ ചെറിയൊരു സദ്യതന്നെ നടത്തണം. കോഴിയിറച്ചിയും, മററു വിഭവങ്ങളും വേണം. പ്രസവിച്ചവരെ കൊണ്ടുപോരാൻ വെറും കയ്യോടെ അങ്ങ് ചെന്നാൽ പോരാ. വെററിലയും, അടക്കയും, പുകയിലയും, പഞ്ചസാരയും, ചായപ്പൊടിയും വേണം. അവളുടെ അമ്മക്ക് കോടിമുണ്ടുകൾ വേണം. എല്ലാം വേണ്ടതുപോലെ ചെയ്തേ തീരൂ. അതാണ് പണ്ടുപണ്ടേ നടന്നുപോരുന്ന സമ്പ്രദായങ്ങൾ അതിൽനിന്നൊരണുപോലും തെററിപ്പോകാതെ ചെയ്യണമെന്നാണ് അവൾ എഴുതിയിരിക്കുന്നതു്......

ചെള്ളുകടിച്ച ഒരു പട്ടിയെപ്പോലെ കുഞ്ഞിക്കണാരൻ പടിക്കലേക്കോടി, അവിടുന്ന് വീട്ടിലേക്കുതന്നെ തിരിച്ചോടി. പിന്നെ മീണ്ടും ഒരു പോക്കുപോയി. അയാൾ അയൽവീടുകളിലെല്ലാം കയറിയിറങ്ങി. ഇതെല്ലാം ഒഴിച്ചുകൂടാത്തതാണോ എന്ന് കണ്ണിൽ കണ്ട സ്ത്രീകളോടെല്ലാമന്വേഷിച്ചു. ഒഴിച്ചുകൂടാത്തതാണെന്നു തന്നെ എല്ലാവരും ഉപദേശിച്ചു. ഇതിന്നൊന്നും കഴിയാത്തവർ നല്ല കുടുംബങ്ങളിൽ പോയി കല്യാണം കഴിക്കരുതെന്ന് അവർ പ്രത്യക്ഷമായി അധിക്ഷേപിച്ചില്ലാ.

കുഞ്ഞിക്കണ്ണാരൻ മേലോട്ടുനോക്കിപ്പോയി. പറമ്പിലെ എല്ലാ തെങ്ങുകളിലേക്കും അ കണ്ണുകൾ ഓടിച്ചെന്നു പരതിനോക്കി. ഇല്ലാ; ഒന്നുമില്ലാ. അപ്പോൾ അയാൾക്കു് ആ ശൂന്യതയിൽ നിന്നുകൊണ്ടു് ഉച്ചത്തിൽ വിളിച്ചുപറയണമെന്നു തോന്നിപ്പോയി:

"കഴിവില്ലാത്തവരേ, നിങ്ങൾ ഒരിക്കലും കല്യാണം കഴിക്കരുതേ! ഈ വേണ്ടാത്ത സമ്പ്രദായങ്ങൾ നശിക്കുന്നതിലിടക്കു് നിങ്ങൾ കല്യണം കഴിക്കരുതേ! നിങ്ങളുടെ സ്വാതന്ത്ര്യങ്ങൾ ആചാരങ്ങളുടെ നൂലാമാലകളിൽ കുടുങ്ങിമറിഞ്ഞ് കിടക്കുന്ന കാലംവരെ നിങ്ങൾ കല്യാണം കഴിക്കരുതേ!"

അന്തരംഗത്തിൽ ആ കനമുള്ള ശബ്ദങ്ങൾ തിങ്ങിവിങ്ങി വന്നിരുന്നെങ്കിലും അയാളുടെ ശക്തി ക്ഷയിച്ച രസനയിൽക്കൂടി അതൊന്നും പുറത്തു വന്നില്ല......

അയാൾ തലപുകഞ്ഞ് പലതും ആലോചിച്ചുനോക്കി. അയാളുടെ വികാരങ്ങളും, സ്വാതന്ത്ര്യബോധവും അടിമപ്പെട്ടുകയായിരുന്നു. ഒരു നിമിഷം ആ ചിന്തകൾ വിപ്ലവാത്മകങ്ങളായി തിളച്ചുയരും. അടുത്ത നിമിഷം എല്ലാം കെട്ടടങ്ങും......

ഗത്യന്തരമില്ലാതെ, അയാൾ വേണ്ടതു് ചെയ്യുവാൻ വേണ്ടിയുള്ള വഴികൾ ആരാഞ്ഞു. അങ്ങുമിങ്ങും ധൃതിയിൽ ഓടി. അപ്പോൾ, അയാൾ തൻെറ കഴിവില്ലായ്മകളെപ്പററി ലേശംപോലും സഹതാപബോധത്തോടെ

ചിന്തിക്കാൻ തയ്യാറല്ലാത്ത കല്യാണിയെ അയാൾ ശ പിച്ചു.

"എടി ദുഷ്ടത്തീ, നിന്റെ മുമ്പിൽവീണു ഒരു ദിവസം ഞാൻ പിടച്ചു ചാവുമ്പോൾ നിനക്കു് മനസ്സിലാകും പഹച്ചീ!"

നനഞ്ഞ കണ്ണുകൾ തുടച്ച് കുഞ്ഞിക്കണാരൻ വീണ്ടും ആ കിണററിൻകരയിലേക്കു് നോക്കി.

അവിടെ തലയുയർത്തിനില്ക്കുന്ന കാട്ടുചെടികളൊ, അമ്മയൊ തന്റെ മുമ്പിലേക്കു് നീങ്ങി നീങ്ങി വരുന്നുണ്ടോ എന്നയാൾക്കു് ആശങ്കതോന്നി. വേണ്ടതു് വേണ്ടതുപോലെ ചെയ്തു ജീവിച്ച അമ്മ മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചുതരാൻ വരികയാണോ?

"ഭൃം...ം!" ഉമ്മറപ്പടിയിൽ കത്തിക്കൊണ്ടിരുന്ന ചിമ്മിനിവിളക്കു് കെട്ടുപോയി! കുഞ്ഞിക്കണാരൻ ഒന്നു ഞെട്ടി!

"ഭൃം...ം" വലിയൊരു വണ്ടു്! വീണിടത്തുനിന്നു് പിടഞ്ഞുയന്നു് അതു് ഇരുളിലൂടെ വന്നവഴിയെ പറന്നുപോയി! അയാളുടെ ദേഹം കോരിത്തരിച്ചു. വണ്ടു്!

മരിച്ചുപോയവർ വണ്ടുകളായി വന്നു് വീട്ടിലെല്ലാം ചുററിപ്പറന്നു് പോകാറുണ്ടെന്നു് അയാൾക്കറിയാം. തനിക്കു് മാർഗ്ഗങ്ങൾ കാണിച്ചുതരാൻ അമ്മ വണ്ടുപോലെ പറന്നുവന്നതായിരിക്കുമോ? ആ കൂരാക്കൂരിരുട്ടിൽ അയാൾ തണുത്തു മരവിച്ചുപോയി.

അന്നു മുഴവൻ അയാൾ ഉറങ്ങിയില്ല. പിറെറന്നു പ്രഭാതത്തിൽ അയാൾ എഴുന്നേററ് വടക്കെ ഉമ്മറച്ചെരുവിലേക്കു് ചെന്നപ്പോൾ അവിടെ വഴി തുറന്നുവെച്ചിരിക്കുന്നതായി അയാൾ കണ്ടു. ആട്ടിൻകൂട്ടിൽ ആ ആട്ട് തേട്ടിയരച്ച് തിന്നുകൊണ്ട് അയാളേയും നോക്കി കിടക്കുന്നു. കുഞ്ഞിക്കണാരൻെറ അന്തരംഗത്തിൽ പെട്ടെന്ന് ഒരു ചലനമുണ്ടായി. അയാൾ ആ ആട്ടിനെത്തന്നെ കുറേ നിമിഷങ്ങളോളം നോക്കിനിന്നു. ആ വഴിയിലൂടെ പോകാൻ അയാൾ തീരുമാനിക്കുകയും ചെയ്തു......

പിറെറന്ന് വൈകുന്നേരം അയാൾ പടിക്കൽ ചെന്നുനിന്ന് ഇടവഴിയുടെ തെക്കെ അററത്തേക്ക് പ്രതീക്ഷകളോടെ നോക്കി......

മമ്മുക്ക വരികയാണ്. നിത്യവും ആ സമയത്താണ് അയാൾ ആടിനെ വിലയ്ക്കുവാങ്ങുവാൻ ആ വഴിയെ വരിക.

മമ്മുക്കക്ക് ആടിനെ വിററു. പതിനെട്ടരയുറുപ്പിക. പത്തുറുപ്പിക മുൻകൂർ കൊടുത്തു. എട്ടര ഉറുപ്പികക്ക് രണ്ടുദിവസത്തെ അവുധി പറഞ്ഞു. അതയാളുടെ കച്ചവടസ്വഭാവമാണ്. ബാക്കിപണം കൊടുത്തു പറഞ്ഞദിവസം ആട്ടിനേയും കൊണ്ടുപോകും......

കുഞ്ഞിക്കണാരൻ ഒരു പുതിയ മനുഷ്യനായി മാറി. അയാൾ മുടിവെട്ടിച്ചു, താടിവടിച്ചു. എന്നിട്ട് തിരക്കിട്ട് അങ്ങാടിയിലേക്ക് പോയി. വേണ്ടതെല്ലാം സമ്പാദിച്ചു; മൂന്നു പെണ്ണുങ്ങളേയും ക്ഷണിച്ചു. വരു

മ്പോഴേക്കും സദ്യയൊരുക്കാൻ വേറെ രണ്ടു സ്ത്രീകളെ വീട്ടിൽ ഏല്പിക്കുകയും ചെയ്തു.

അടുത്ത പ്രഭാതത്തിന്നു പോകണം... വളരെ നേർത്തെ ഉണർന്നു. ക്ഷണിക്കപ്പെട്ട പെണ്ണുങ്ങളെത്തുമ്പോഴേക്കും ചിലതൊക്കെ ചെയ്തുതീർക്കാനുണ്ട്. മുഖം കഴുകുവാൻവേണ്ടി അയാൾ വടക്കേ കോലായച്ചെരുവിലേക്ക് ചെന്നു. അയാൾ ഞെട്ടിപ്പോയി! ആട്ടിൻകൂട്ട് ഒഴിഞ്ഞുകിടക്കുന്നു! ഒരു പ്രതിമപോലെ ഒരു നിമിഷം അവിടെ തരിച്ചുനിന്നിട്ട് അയാൾ ആ പറമ്പുമുഴവൻ പരക്കംപാഞ്ഞു. ഇല്ലാ! ആടില്ലാ! ആ അയൽ വീട്ടുകാരോടെല്ലാവരോടുമായി അയാൾ ഉറക്കെ വിളിച്ചു ചോദിച്ചു.

"എൻ്റ്യാടിനെ കണ്ടോ? എൻ്റ്യാടിനെകണ്ടോ?"

കണ്ടവരാരുമില്ല. അയാൾ ഉറക്കെ നിലവിളിച്ചുപോയി!

"ഈശ്വര എന്നെ പററിച്ചല്ലോ!" ഉണ്ടായിരുന്ന എല്ലാ ധീരതകളും ഒരു നിമിഷംകൊണ്ട് കത്തി ചാമ്പലായി! അയാൾ ഒരു ഭ്രാന്തനെപ്പോലെ കണ്ടവരോടെല്ലാം ആടിൻെറ കഥ പറഞ്ഞു. ചിലർ അനുഭവങ്ങൾ വിവരിച്ചു.

ഒരു സംഖ്യ മുൻകൂർ കൊടുത്തു പോയിട്ട് അന്നു്രാത്രിതന്നെ ആടിനേയും കട്ട് പിറേറന്ന് ആടിനെകൊണ്ടു

KOTTAYAM PUBLIC LIBRARY KOTTAYAM 70469

പോകാൻവന്ന ഒരു കച്ചവടക്കാരന്റെ കഥ ഒരാൾ പറഞ്ഞു.

“എന്നിട്ടോ?” കുഞ്ഞിക്കണാരൻ ഉദ്വേഗത്തോടെ തുടൻ ചോദിച്ചു.

“മുൻകൂറുപണം?”

“തിരിച്ചു കൊടുക്കേണ്ടിവന്നു.”

“ദൈവേ!”

“വാങ്ങ്യപണം അങ്ങ് തിരിച്ച്കൊടുത്തേക്ക്”

“പണമൊക്കെ ചെലവായിപ്പോയി!” ആരും മിണ്ടിയില്ല.

“ആട്ടിനെ വിററുകഴിഞ്ഞാൽ പിന്നെ അതിനെ പുറത്തു കെട്ടരുത്.”

കുഞ്ഞിക്കണാരൻ ഈ ലോകത്തിലുള്ള എല്ലാവരേയും വിശ്വസിച്ചിരുന്നു. ഒരാളെപ്പോലെ ചിന്താധീനനായി എല്ലാവരേയും നോക്കിനിന്നു...

പിന്നീട്ടുള്ള ചലനങ്ങളിൽ ക്രൂരതയുടെ വെട്ടിത്തിളക്കമുണ്ടായിരുന്നു. ആ കണ്ണുകൾക്ക് ചുകപ്പുനിറമുണ്ട്. കൂട്ടിപ്പിടിച്ച ആ ചുണ്ടുകൾ വിദ്വേഷത്തിന്റെ പൂട്ടിയിട്ട വെടിമരുന്നറപോലെയുണ്ടായിരുന്നു...

കല്ല്യാണിയും കുഞ്ഞും വീട്ടിലെത്തി. ആട്ടിനെ വിററ കഥ അവളറിഞ്ഞപ്പോൾ, അത്ര ഭയങ്കരിയായി താനൊരിക്കലും അവളെ കണ്ടിട്ടില്ലെന്നു് കുഞ്ഞിക്കണാരനു് തോന്നി. അവളുടെ ബഹളങ്ങളുടെ മുമ്പിൽ അയാൾ ക്ഷമിച്ചിരുന്നു ഒടുവിൽ അവൾ പറഞ്ഞു.

ആ ആട്ട് ആരേം മൊതലല്ല. അതു് എൻേറതാണ്. എൻറപ്പച്ചൻ തന്ന മൊതലാണ്. അതിവിടെ വേണം! ആ ആട്ടിൻകൂട്ടില് അതിനെ കൊണ്ടുവന്നു് കെട്ടണം!''

ആ ആജ്ഞ അലംഘനീയമാണെന്നു് കുഞ്ഞിക്കണാരൻ വിശ്വസിച്ചില്ല. അയാൾ പരിഹാസവും, വിദ്വേഷവും കലന്ന കനത്ത സ്വരത്തിൽ ഭയങ്കരമായ ഒരു ചിരിയോടെ പറഞ്ഞു.

'അതു് നെണക്കുകാണ! ഇന്നീംകാണ! നീ നോക്കിക്കൊ!'

മമ്മുക്കാ വന്നു. അയാളുടെ കൂടെ കയറിട്ട മറേറതോ ഒരാടുണ്ടു്, കയ്യിൽ ഒരു വടിയുണ്ടു്, കുഞ്ഞിക്കണാരൻ ഒരു മുയൽക്കുഞ്ഞിൻെറ പരിഭ്രമത്തോടെ അയാളെയും നോക്കി പതുങ്ങിയിരുന്നു. പുരികങ്ങൾക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്ന ആ ചോരക്കണ്ണുകളും, അഗ്രങ്ങൾ പിരിച്ചുയത്തിവെച്ച നീണ്ട മീശയും അയാളെ അസാദ്ധ്യമായി ഭീതിപ്പെടുത്തി. അയാൾ വിചാരിച്ചുപോയി.

"അന്തകനാണോ?"

"ആടിന കയിച്ചോണ്ടരീ" മമ്മുക്ക പറഞ്ഞു. ഉടുത്ത കള്ളിമുണ്ടിന്റെ കനമുള്ള മടിയിൽനിന്നു് എട്ടര യുറുപ്പിക എടുത്തു എണ്ണിക്കൊണ്ടു മമ്മുക്ക നിന്നു. പ്രപഞ്ചം തന്നെയുംകൊണ്ടു് ഗംഭീരമായി ചുററുന്നുണ്ടെന്നു് കുഞ്ഞിക്കണാരന്നു് തോന്നി. ഒരു നിമിഷം അയാൾ വാതുക്കലേക്കു് നോക്കി. കുഞ്ഞിനേയും ഒക്കത്തെടുത്തു കല്യാണി നില്ക്കുന്നു.

"അങ്ങനെ കളിക്കിൻ" എന്നു് വിളിച്ചു പറയുന്ന ആ മുഖഭാവം കണ്ടപ്പോൾ അയാൾ കിതച്ചു. ആ കിതപ്പോടുകൂടി അയാൾ ഒരു രോഗിയുടെ അവശതകളോടെ മമ്മുക്കയുടെ കണ്ണുകളിലേക്കു് നോക്കി വിളിച്ചു,

"മമ്മുക്കാ!"

അയാൾ ശബ്ദിക്കാതെ ഒരു വശത്തേക്കല്പം ചെരിഞ്ഞതങ്ങിനെ നിന്നു. ആ നില്പിൽനിന്നു് കുഞ്ഞിക്കണാരൻ എന്തൊക്കയോ ഊഹിച്ചെങ്കിലും കരടിമയെപ്പോലെ അയാൾ ഒരശ്വാസത്തിൽ പറഞ്ഞു തീർത്തു.

"ങ്ങളെ മുൻക്കൂറുപണം ഞാൻ തരും മമ്മുക്കാ! ആണാണെങ്കിൽ നാളെ ഈ സമയം നിങ്ങളെ പണം ഞാൻ തരും മമ്മുക്കാ. ങ്ങള് വിശ്വസിക്കു്. ഞാനാരേം വിശ്വസിക്കുന്നോനാ മമ്മുക്കാ. ആ ആട്ടിനെ..."

"ആട്ടിനെ?" മമ്മുക്ക ഉൽക്കണ്ഠ പ്രദർശിപ്പിച്ചു.

"ആരോ കട്ടുണ്ടോയി മമ്മുക്കാ!" മുമ്മുക്ക മിണ്ടി യില്ല, ഗംഭീരമായി അയാളൊന്നു തലയിളക്കി. കു ഞ്ഞിക്കണാരൻ ഒരെലിക്കുഞ്ഞിനെപ്പോലെ അയാളെയും നോക്കി ഇരുന്നു.

"ങ്ങളെ മ്മള് ബിസ്ശസിച്ചു. ഒട്ടക്കം ഊക്ക നൊരു ചതീം ചതിച്ചു്. അ് പോട്ടെ. ഉറുപ്പ്യാ നാളെ ഇസ്സമയത്ത് കിട്ടണം. ഓർത്തോളീ!" അയാൾ നടന്നു പോയപ്പോൾ കുഞ്ഞിക്കണാരൻെറ കണ്ണുകൾ നിറഞ്ഞു പോയി. അന്നു വൈകുന്നേരം കുഞ്ഞിക്കണാരൻെറകൂ ടെ ഒരാശാരിയും, വേറൊരു മനുഷ്യനും വീട്ടിൽവന്നു. അവർ നേരെ, തത്തക്കൂട്ടപോലത്തെ കൊച്ചു ജനാലയുള്ള ഇരുണ്ട അകത്തേക്കു് കടന്നുപോയപ്പോൾ കല്യാണി കു ഞ്ഞനേയുമെടുത്തു് വാതില്ക്കലേക്കു ഓടിച്ചെന്നു. അവർ ആ പത്തായത്തിന്നു് വില പറയുകയായിരുന്നു,

"ങ്ഹെ!" കുഞ്ഞിനെ നിലത്തിട്ടു് കല്യാണി അ കത്തേക്കു് 'പ്രവഹി'ച്ചു. പത്തായത്തിന്മേൽ ചാരി കൈകൾ പിന്നിൽ പത്തായത്തിന്മേൽ മുറുകെ ഊന്നി പിടിച്ചുനിന്നുകൊണ്ടു് അവൾ ആഗതരോട്ടു് ഒരു പിശാചിനെപ്പോലെ അലറി.

"തൊട്ടുപോകരുതു്! ഫോ! കടന്നു് പൊറത്തു്! ഇ തെൻെറതാ! ൻെറ അച്ഛൻ തന്ന മൊതലാ! ങ്ഹാ!"

അവൾ നിന്നു് ആളിക്കത്തുകയായിരുന്നു! ആ അ ഗ്നിജ്വാലകളുടെ മുമ്പിലേക്കു് ഒരുക്കൻ തിരമാലപോലെ കുഞ്ഞിക്കണാരൻ അലറി ചാടി വീണിട്ടുണ്ടു്! ആ ഇ

രുണ്ടിട്ടങ്ങിയ മുറിയിൽ ഒതുങ്ങിനിന്നു് പ്രപഞ്ചമൊട്ടാകെ ഭയങ്കരമായി നിലവിളിച്ചതായി എല്ലാവരും കേട്ടു.

ആ മുറിയിലേക്കു് ഒരു ജനസഞ്ചയം കുത്തിയൊഴുകുകയായിരുന്നു!!

# ബാക്കി അരമണിക്കൂർ

ആരോടാണ് ഞാൻ ആദ്യമായി നന്ദി പറയേണ്ടതു്?

എന്റെ അമ്മയോടാണോ?

''കൊട്ടക്കമ്പം വെലക്ക്ണമാക്കത്തിനോടാണോ?''

ഓങ്കാർസിങ്ങിനോടാണോ?

അല്ല. ചിത്രഗുപ്തനോടോ?

ആരും മുമ്പിലില്ലാ. ഓങ്കാർസിംഗിനോട്ടു് പറയാം. പല്ലുതേപ്പും കളിയും കഴിഞ്ഞ് ഇപ്പോൾ തിരിച്ചുവരുമല്ലോ......

ഓങ്കാർസിംഗ് എന്തു നല്ല മനുഷ്യനാണ്! നേരം രാവിലെതന്നെ ക്ലാസിൽ പോകാനും, കുളിക്കാനും അയാൾക്ക് തിടുക്കം തോന്നിയതു് അയാളുടെ നന്മകൊണ്ട

ല്ലെ? അങ്ങിനെയൊരു നല്ല തോന്നൽ അയാൾക്കുണ്ടായിരുന്നില്ലെങ്കിൽ ഒരു കഥയെഴുതാനുള്ള 'പ്ലോട്ട്' എനിക്കു കിട്ടുമായിരുന്നോ. അതുകൊണ്ട് നല്ലവനായ ഓങ്കാർ സിംഗിന്നുതന്നെയാണ് നന്ദി.

ബാക്കിയുള്ളതു് ആരൊക്കെയാണ്? എൻെറ അമ്മ. കൊട്ടക്കമ്പം വെലക്ക്ണ മാക്കം; ചിത്രഗുപ്തൻ.

ചിത്രഗുപ്തൻ ഉണ്ടായതുകൊണ്ട് കൊട്ടക്കമ്പം വെലക്ക്ണ മാക്കത്തിൻെറ കഥയുണ്ടായി. ആ കഥ അമ്മ പറഞ്ഞു. 'അണ്ടിയോ മൂത്തതു് മാവോ മൂത്തതു്?' എന്നു ചോദിക്കുമ്പോലെയാണ്. അതുകൊണ്ട് മററാക്കും നന്ദി കൊട്ടക്കേണ്ട. ഓങ്കാർസിംഗിന്നു മാത്രം മതി.

എന്നാലും, കൊട്ടക്കമ്പം വെലക്ക്ണ മാക്കത്തിന്റെ കഥയില്ലായിരുന്നെങ്കിൽ, ഓങ്കാർസിംഗ് ക്ലാസിൽ പോകുമ്പോൾ എനിക്ക് സംഭാവനചെയ്ത കഥയുടെ പ്ലോട്ടുകൊണ്ട് ഒരു കഥയെഴുതാൻ കഴിയുമായിരുന്നോ? അതുകൊണ്ട് മാക്കത്തിൻെറ കഥ ആദ്യം പറയാം. പിന്നെ മറേറതും......

കഥ പറയുന്നതു് എൻെറ അമ്മയാണ്. ഞാനന്ന് കഥ കേൾക്കാൻ കൊതിയുള്ള ഒരു കുട്ടിയായിരുന്നു. ഞാനും, ചേച്ചിയുംകൂടി മെല്ലെ അമ്മയുടെ അട്ടത്തുനിന്ന് പറയും:

"ആ കഥയൊന്ന് പറയമ്മേ—"

"ഏതുകഥ?"

"കൊട്ടക്കമ്പം വെലക്ക്ണ മാക്കത്തിൻെറ കഥ."

അമ്മ ചിരിക്കും. എന്നിട്ട് പറയും:

"അത് കഥയല്ല മക്കളെ. ഉണ്ടായ സംഗത്യാ,"

എന്താ ഈ അമ്മക്ക് ഉണ്ടായ സംഗതി ഒരിക്കൽ കൂടി പറഞ്ഞുതന്നുകൂടെ? അമ്മയുടെ അരയിൽ പിടി ച്ചുതൂങ്ങി സൈ്വരം കെടുത്തുമ്പോൾ, വെററിലടക്കയും മു റുക്കി അമ്മ ഉണ്ടായ ആ സംഗതി പറയും... ...

കൊട്ടക്കമ്പം വെലക്ക്ണ മാക്കം ജീവിച്ചിരുന്ന പ്പോൾ അമ്മ ചെറിയ കുട്ടിയായിരുന്നു. അമ്മയുടെ അ മ്മയാണ് ആ കഥ അമ്മക്ക് പറഞ്ഞുകൊടുത്തത്. മാ ക്കത്തിന്നു് വയസ്സ് അറുപത്തിയേഴ്. മാക്കത്തിൻെറ ഇളയ സഹോദരൻ രാമക്കുറുപ്പിന്നു് വയസ്സ് അറുപതു് രാമക്കുറുപ്പിന്നു് രോഗം ജലദോഷമായിരുന്നു. അയാൾ അതത്ര ഗൗനിച്ചില്ല. കുറുപ്പിൻെറ ഭാര്യ പ്രസവം കഴി ഞ്ഞ് തൊണ്ണൂററിനാലാംദിവസം കുറുപ്പിൻെറ വീട്ടിലെ ത്തി. കുറുപ്പിന്നു് ജലദോഷമാണു്; അതുകൊണ്ടാണ് അയാൾക്ക് സന്നി കയറിയതെന്നു് എല്ലാവരും പറ ഞ്ഞു. പരിഭ്രമമായി. വൈദ്യർ കയ്യൊഴിച്ചു. കുറുപ്പ് ബോധമില്ലാതെ പിച്ചും, പേയും പറഞ്ഞു... ...എല്ലാവ രും കുററം പറഞ്ഞതു് കുറുപ്പിൻെറ ഭാര്യയായ പാറുക്കു ട്ടിഅമ്മയെയായിരുന്നു... ...

അങ്ങിനെ ഒരു നട്ടുച്ചനേരത്ത് കുറുപ്പ് മരിച്ചു. കുററക്കാരിയായ പാറുക്കുട്ടിഅമ്മ മാറത്തടിച്ച് പൊട്ടി

പ്പൊട്ടിക്കരഞ്ഞു. വടക്കുഭാഗത്തെ വലിയ മാവ് വെട്ടി മുറിക്കുന്ന ശബ്ദം ആ പൊട്ടിക്കരച്ചിലിൻെറ താളംപോലെ മുഴങ്ങി. മരണവാർത്ത അറിയിക്കുവാൻ പലരും പലേടങ്ങളിലേക്കും ഓടി. ഒരാൾ കൊട്ടുക്കുമ്പം വെലക്കുണ മാക്കത്തിന്റെ വീട്ടിലേക്കും......

ശവസംസ്കാരത്തിനുള്ള തിരക്കിന്നിടയിൽ അവസാനമായി രാമക്കുറുപ്പിൻെറ മുഖമൊന്നു കാണാൻ മുഖത്തുനിന്ന് ചരമാവരണം നീക്കിയ ഒരാൾ ഉറക്കേ പറഞ്ഞു:

"പുരികമനങ്ങുന്നു!"

"ങ്ഹെ—!"

"മരിച്ചിട്ടില്ലാ!"

"ഹെന്തു്?"

ബഹളമായി; ഉന്തുണ്ടയായി. ചുററും എല്ലാവരും വളഞ്ഞുകൂടി ഉററുനോക്കി. ഉണ്ട്; കൺപീലികൾക്കു് ചെറിയൊരനക്കം......

പ്രാർത്ഥനകളും ദൈവസ്തുതികളും മുഴങ്ങി. വൈദ്യരെ അന്വേഷിച്ച് ആരൊക്കെയോ ഓടി. ജീരകവെള്ളം എവിടെയാണെന്നു് എത്ര തിരഞ്ഞിട്ടും കണ്ടില്ലാ......

രാമക്കുറുപ്പിൻെറ ഭാര്യ തേങ്ങിത്തേങ്ങിക്കൊണ്ട് ഒരു കുരുഞ്ഞിപ്പൂച്ചയെപ്പോലെ അയാളുടെ മുഖത്തേക്കു് ഉ

റവുനോക്കിയിരുന്നു. വൈദ്യർ വന്നു് മരുന്നു് കൊടു
ത്തു. മന്ത്രവാദി വന്നു......

വളരെനേരം കഴിഞ്ഞപ്പോൾ രാമക്കുറുപ്പിൻെറ അ
വശമായ കണ്ണുകൾ തുറന്നു. എല്ലാവരും ആശ്ചര്യപ്പെ
ട്ടു; സന്തോഷിക്കുകയും ചെയ്തു. മുറിച്ച് ചീന്തിയ മാ
വ് തീക്കത്താനുപയോഗിക്കാമെന്നു് എല്ലാവരും അങ്ങി
നെ സമാധാനിച്ചുകൊണ്ടിരിക്കുമ്പോൾ, പടിയും കയറി
ഓടിക്കിതച്ച് ഒരാളുണ്ടു് വരുന്നു. വന്നപാടെ ഒരു
ചോദ്യം:

"ഇതല്ലെ രാമക്കുറുപ്പിൻെറ വീടു്?"

"അതെ; എവിടുന്നാ?"

"തുവ്വക്കാട്ടീന്നു്." (വരവ് കണ്ടാലും അങ്ങിനെ
തോന്നുമായിരുന്നു.)

"ഉം, എന്താ?"

"തുവ്വക്കാട്ടിലെ മാക്കമ്മ മരിച്ചു!"

"ങ്ഹെ—?" എല്ലാവരും ഞെട്ടിപ്പോയി.

"ഇതെന്തൊരു കഥയാണു്?"

"പെട്ടെന്നാ മരണം." ആഗതൻ പറഞ്ഞു.

"ദൈവേ—!"

രാമക്കുറുപ്പ് ഒന്നും കേട്ടില്ല. മനങ്ങിക്കിടക്കുകയാ
യിരുന്നു. അയാളോടു് ആരും പറഞ്ഞതുമില്ല.

ആരൊക്കെയോ തുവ്വക്കാട്ടിലേക്കു് ഓടി.

ശരിക്കും ബോധംവന്നു് അല്പം സംസാരിക്കാറായപ്പോൾ രാമക്കുറുപ്പ് പരിഭ്രമത്തോടെ ആദ്യംതന്നെ ചോദിച്ചു:

"മാക്കെവിടെ?"

"ൻെറ മാക്കത്തിനെം കൊണ്ടുപോയോ—?"

വീണ്ടും അയാൾ ബോധശൂന്യനായി കിടന്നു.

അന്നു മുഴുവൻ അങ്ങിനെ കഴിഞ്ഞു. പിറെറന്നു് രാമക്കുറുപ്പ് പഴയ രാമക്കുറുപ്പായി. എന്നിട്ടും മാക്കമ്മ മരിച്ച വിവരം ആരും അയാളെ പെട്ടെന്നറിയിച്ചില്ല. പക്ഷെ, അയാൾ കണ്ണീരോടെ പറഞ്ഞു:

"ഓള് മരിച്ചു. ഞാൻ ജീവിച്ചു!"

എന്നിട്ട് അയാൾ ആ കഥ പറഞ്ഞു:

പരമാൎത്ഥത്തിൽ മരിച്ചതു് രാമക്കുറുപ്പായിരുന്നു. അയാൾക്കു് നല്ലപോലെ അറിയാം. പോത്തിൻെറ പുറത്താണു് ഒരാൾ വന്നതു്. തലയിൽ രണ്ടു കൊമ്പുകൾ ഉണ്ടായിരുന്നു. നെററിമേൽ ചുളിവുകൾ ഉണ്ടു്. തുറിച്ചുനില്ക്കുന്ന പല്ലുകൾ; കയ്യിൽ വലിയൊരു കയറും. ആ കയറുകൊണ്ടു് കഴുത്തിൽ കുടുക്കിയിട്ടാണു് മുകളിലേക്കു് വലിച്ചുകൊണ്ടുപോയതു്. താഴത്തു് പാറുക്കുട്ടിയും മററും പൊട്ടിക്കരയുന്നതും, മാവുമുറിക്കുന്ന ശബ്ദവും കേട്ടതാണു്. തിരിഞ്ഞുനോക്കാൻ പാടില്ലെന്നാണു് നിയ

മം. താഴെയുള്ള പുഞ്ചപാടങ്ങളും, പുഴകളും, കടലുമൊക്കെ ഒരു നോക്കുകൂടി കാണണമെന്ന് ആഗ്രഹമുണ്ടായിരുന്നു

അങ്ങിനെ എത്തേണ്ടിടത്ത് എത്തി. തീവണ്ടിയാപ്പീസുപോലത്തെ വലിയൊരാപ്പീസ്. രാമക്കുറുപ്പിനെ അവിടെ ഒരു മൂലയിലേക്ക് കൂട്ടിക്കൊണ്ടുവന്ന ആൾ പിടിച്ചൊരു തള്ളുകൊടുത്തു.

വണ്ണവും, വലുപ്പവുമുള്ള ഒരു പുസ്തകം തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരുന്ന ഒരു തടിയൻ രാമക്കുറുപ്പിനെ ഒന്നു നോക്കീട്ട് ചോദിച്ചു:

"പേര്?"

"രാമക്കുറുപ്പ്."

"വയസ്സ്?"

"അറുപതു്."

"ഉം"

പിന്നീട്ട് അയാൾ ചെയ്തത് രണ്ടു ചെറിയ കുപ്പികൾ എടുത്ത് രാമക്കുറുപ്പിൻെറ മുമ്പിലേക്ക് നീക്കിക്കൊടുക്കുകയായിരുന്നു കറുത്തതും വെളുത്തതുമായ രണ്ടു കുപ്പികൾ. അയാൾ കല്പിച്ചു:

"കറുത്ത കുപ്പീലെ വറേറട്ടത്ത് ഓരോന്നോരോന്നായി വെളുത്ത കുപ്പീലേക്കിട്ട!"

കുറുപ്പ് ഞെട്ടിപ്പോയി. കറുത്ത കുപ്പിയിലേതു് വററല്ലല്ലോ; വെളുത്ത പശയല്ലെ. എന്നാലും ചെയ്യാതെ പററില്ലല്ലോ. പക്ഷെ, കുറുപ്പിന്നു് പ്രയാസമൊന്നുമുണ്ടായില്ല. വററുവററായി കുറുപ്പ് എടുത്തു് വെളുത്ത കുപ്പിയിലിട്ടുതുടങ്ങി. ഉദ്യോഗസ്ഥനായ ചിത്രഗുപ്തൻ അതു് നോക്കിയിരിക്കയാണു്. പെട്ടെന്നു് കുറുപ്പ് കേട്ടു:

''നിത്ത്!''

ഒരു ഞെട്ടലോടെ കുറുപ്പ് നിത്തി. ചിത്രഗുപ്തൻ എന്തോ ഗൗരവമായി ആലോചിച്ചുകൊണ്ടു് കുറുപ്പോടു് വീണ്ടും ചോദിച്ചു:

''പേരെന്താണെന്നാ പറഞ്ഞതു്?''

''രാമക്കുറുപ്പ്.''

വലിയൊരു തെററുപററിയ മട്ടിൽ വലംകൈവിരലുകൾ രണ്ടുതവണ കുടഞ്ഞുകൊണ്ടു് ചിത്രഗുപ്തൻ കുറുപ്പോടു പറഞ്ഞു:

''ഇതു് നിങ്ങൾക്കുള്ളതല്ല കുറുപ്പെ. കൊട്ടക്കമ്പം വെലക്ക്ണ മാക്കത്തിനുള്ളതാ. നിങ്ങൾക്കു് തിരിച്ചുപോകാം.''

അയാൾ യമനെ വിളിച്ച്, രാമക്കുറുപ്പിനെ അയാളുടെ വീട്ടിൽ കൊണ്ടാക്കീട്ടു് ത്രുവ്വക്കാട്ടിലെ മാക്കത്തിനെ കൂട്ടിക്കൊണ്ടുവരാൻ ആജ്ഞാപിച്ചു. കൊട്ടക്കമ്പം വെലക്ക്ണ മാക്കത്തിനെ—

രാമക്കുറുപ്പ് ഞെട്ടിപ്പോയി.

“വേണ്ടസാറെ, അവളെ വിളിക്കണ്ടാ; ഞാൻ എണ്ണിയിട്ടോളാം” എന്നൊന്നും പറയാൻ അയാൾക്കു് സമയം കിട്ടിയില്ല.

അങ്ങിനെ രാമക്കുറുപ്പ് ജീവിച്ചു. കൊട്ടക്കമ്പം വെലക്ക്ണ മാക്കം മരിച്ചു!

‘കൊട്ടക്കമ്പം വെലക്ക്ണ’ എന്ന പേരു് ആദ്യമായി പറഞ്ഞതു് രാമക്കുറുപ്പാണു്. അയാൾ കേട്ടതു് ചിത്രഗുപ്തനിൽനിന്നും.

ചിത്രഗുപ്തന്നു് അങ്ങിനെ പണ്ടൊരു തെററു പറ്റീട്ടുണ്ടു്. എല്ലാവരും ഇതു് വിശ്വസിച്ചോളണമെന്നില്ല. അടുത്ത കഥ എൻെറ കഥയാണു്. കക്കൂസിൽ പോകുമ്പോൾ ഓങ്കാർസിംഗ് സംഭാവനചെയ്ത പ്ലോട്ട്, കൊട്ടക്കമ്പാ വെലക്ക്ണ മാക്കത്തിൻെറ കഥക്കും ഈ കഥക്കും അല്പം സാദൃശ്യമുണ്ടു്. എന്തെന്നാൽ ഈ കഥക്കും കാരണക്കാരൻ ചിത്രഗുപ്തനല്ലേ എന്നൊരു തോന്നൽ. വീണ്ടും അയാൾക്കു് തെററുപററിയിരിക്കുന്നു. ഏതായാലും രണ്ടു കഥകളിലും ചെറിയ രണ്ടു ഗുണപാഠങ്ങൾ ഉണ്ടു്.

1. കുററം ചെയ്തവർ മാത്രമെ ശിക്ഷിക്കപ്പെടുകയുള്ളൂ.

2. ചെയ്യേണ്ടതു് ഇന്നു് ചെയ്തിട്ടില്ലെങ്കിൽ മറെറാരിക്കൽ അതു് ചെയ്തുതീക്കാതെ ഒഴിഞ്ഞുമാറാൻ കഴിയില്ല.

ഒന്ന് ആദ്യത്തെ കഥയുടേയും, രണ്ട് രണ്ടാമത്തെ കഥയുടേതുമാണ്. ഇനി രണ്ടാമത്തെ കഥ പറയാം....

കഥ നടക്കുന്നതു് ഇന്നു് രാവിലെയാണു്. നാളെ ഇരുപത്തിയാറാം തിയ്യതി. നാളെയാണു് ഞാനെൻെറ ഉദ്യോഗത്തിൽനിന്നു് പിരിയുന്ന ദിവസം. മററന്നാൾ ഞാൻ നാട്ടിലേക്കു പോകും. ഇവിടെ വന്നിട്ട് മാസം നാലായി. അങ്ങിനെയാണു് നിയമം. ഈ നാലുമാസവും ജോലിയൊന്നും ചെയ്യേണ്ട. ഉണ്ണുകയും, ഉറങ്ങുകയും ചെയ്താൽ മാത്രം മതി......

ഇന്നലെ രാത്രി തുടങ്ങിയതാണു് നില്ക്കാത്ത മഴ. നല്ല തണുപ്പും. അതുകൊണ്ട് ഉണർന്നതു് ആറേകാൽമണിക്കാണു്, ബാരക്കിൽനിന്നു് മഴക്കോട്ടെടുത്തു ധരിച്ച് നേരെ ഞങ്ങളുടെ സിഗ്നൽ സ്റ്റേഷനിലേക്കുപോയി. നാലുമണി മുതൽ എട്ടുമണിവരെ ജോലിയിലുള്ളവർ സ്റ്റേഷനിലെ 'ഹീറ്ററിൽ'വെച്ച് നല്ല കാപ്പി തയ്യാറാക്കീട്ടുണ്ടാകും. ഒരു കപ്പ് തട്ടിയിട്ടുവേണം മററു നിത്യകൃത്യങ്ങൾ തുടങ്ങാൻ. ചെന്നു നോക്കിയപ്പോൾ ഡ്യൂട്ടിയിൽ ഓങ്കാർസിംഗ് മാത്രമേയുള്ളൂ. ഓങ്കാർസിംഗിനെ ഞാൻ മലയാളത്തിലാണു് വിളിക്കാറു്; 'ഓങ്കരസിംഹൻ.' നികിതാക്രൂഷ്ചേവിനെ, നികേതന കുരുഷദേവൻ എന്നു വിളിക്കുംപോലെ.

ചൂടുള്ള ഒരു കപ്പ് കാപ്പിയും കുടിച്ചുകൊണ്ട് സ്റ്റേഷൻെറ അടച്ചിട്ട ഗ്ലാസ്സ് ജാലകങ്ങളിലൂടെ ഞാൻ കടലിലേക്കുംനോക്കി നിന്നു. മഴയുടെ 'മൽമൽമുണ്ട്'കൊണ്ട് ചക്രവാളത്തിന്നപ്പുറം മുഴുവൻ മറച്ചിട്ടിരിക്കുന്നു.

അപ്പുറത്തുകൂടെ ഒരു വലിയ കച്ചവടക്കപ്പൽ തുറമുഖത്തിലേക്കു പ്രവേശിക്കുന്നതു് അവ്യക്തമായി കാണാം. ഒരു കപ്പൽ അങ്ങിനെ പ്രവേശിക്കുമ്പോഴും സിഗ്നൽസ്റ്റേഷനിൽ യാതൊരു ബഹളവുമില്ല. ഓങ്കാർസിംഗ് എല്ലാ ജോലികളും ചെയ്തുതീർത്തിരിക്കുന്നു. ചീഫ്യോമൻ ഓഫ് സിഗ്നൽസ് അവിടെ ഉണ്ടായിരുന്നെങ്കിലോ? ചുഴലിക്കാററിൽപ്പെട്ട ഒരു കരിയിലപോലെ അയാൾ ആ ഓഫീസ് മുഴുവൻ പരക്കം പായുമായിരുന്നു. സിഗ്നൽ പ്രോജക്ടറിൻെറ 'കട്കട്ട്' ശബ്ദങ്ങളിലൂടെ അയാളുടെ ബഹളങ്ങൾ കേൾക്കുമായിരുന്നു.

'കാൾ ദിഷിപ്പ്! ഇൻഫോം ഡ്യൂട്ടി ഓഫീസർ! റീഡ് ലൗഡ്‌ലി! ഹോയ്സ്റ്റ് ദി സിഗ്നൽ!—' അങ്ങിനെ.

ഡ്യൂട്ടിയിലുള്ളവരെ സമാധാനമായും തെററുകൂടാതെയും എന്തെങ്കിലും ചെയ്യാൻ അയാൾ അനുവദിച്ചിട്ടുണ്ടോ? അതുകൊണ്ടു് ആരോ സിഗ്നൽസ്റ്റേഷന്നു് 'പേനിക്ക് സ്റ്റേഷൻ' എന്നൊരു പേരു നല്കി. ചീഫ്യോമൻെറ ചലനങ്ങൾക്കു് 'കാളിയമർദ്ദന'മെന്നും......

അങ്ങിനത്തെ എത്ര സന്ദർഭങ്ങളിൽ അയാളുടെ മുമ്പിൽ ഇതികർത്തവ്യതാമൂഢനായി അയാളുടെ അഭിപ്രായത്തിൽ യൂസ്‌ലസ്സായി നിന്നിട്ടുണ്ടു്. അതിൽനിന്നെല്ലാം രക്ഷപ്പെട്ടു. നാലുമാസം കഴിഞ്ഞു. എന്നാലും ആ കാളിയമർദ്ദനം നോക്കിക്കണ്ടു രസിക്കാറുണ്ടു്. നാളെ എല്ലാം വിട്ടുപോയാൽ പിന്നെ എന്തെങ്കിലും കാ

ണാൻ കഴിയുമോ? ഒരു കപ്പലിൽ യാത്രചെയ്യാനുള്ള ആഗ്രഹം ഒരിക്കൽ ഉണ്ടായില്ലെന്നുവരുമോ? സിഗ്നൽ പ്രൊജക്ടർകൊണ്ട് കട്കട്ട് ശബ്ദത്തിൽ ലൈററ് സിഗ്നൽ ചെയ്യാൻ കഴിയുമോ? അങ്ങിനെ ഓരോന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ഓങ്കരസിംഹൻ മുന്നിൽ വന്നുനിന്നു ചോദിച്ചു:

"ഒരു അരമണിക്കൂർ ഇവിടെ നില്ക്കാമോ?"

വാച്ചിലേക്കു നോക്കി. കൃത്യം ആറരമണി.

"നിൽക്കാമല്ലൊ"

"എനിക്കൊന്നു കച്ചേരിയിൽ പോകണം. പല്ലുതേക്കണം. ഒരു ചെറിയ കുളി പാസാക്കണം. അരമണിക്കൂർ മതി"

"പോയ്ക്കോളൂ"

സോപ്പും, തോർത്തും, ടൂത്ത്ബ്രഷുമെടുത്ത് അയാൾ ധൃതിയിൽ പോയി. നാലു മാസങ്ങൾക്കുശേഷം, രണ്ടു ടെലിഫോണുകളും, ഫയലുകളും, മഷിക്കുപ്പിയുമെല്ലാമുള്ള ആ വലിയ മേശയുടെ മുമ്പിലുള്ള കസേരയിൽ ചെന്നിരിക്കുകയും ചെയ്തു.

വെറുതെ കടലിലേക്കുംനോക്കി അങ്ങിനെ ഇരുന്നപ്പോൾ, വിചാരിച്ചു:-

ഈ അവസാനകാലത്ത് അരമണിക്കൂർനേരത്തെ ഒരു ഡ്യൂട്ടി."

വിചാരിക്കാൻപുറപ്പെട്ടാൽ പിന്നെ വിചാരങ്ങളുടെ ഒഴുക്കാണ്. ആ ഒഴുക്കിൽ പലതും കുത്തിയൊലിച്ചു വരും.

അരമണിക്കൂർ ജോലികൂടിചെയ്യാൻ എനിക്ക് ബാക്കിയുണ്ടായിരുന്നോ? ഈ പതിനഞ്ചു കൊല്ലങ്ങൾക്കുള്ളിൽ ഞാനെൻെറ ജോലികൾ മുഴുവൻ ചെയ്തുതീർത്തിട്ടില്ലേ? 'അങ്കിൾ' പുറത്തുവന്നു നിൽക്കുന്നുണ്ടെന്നു് കളവുപറഞ്ഞ് എപ്പോഴെങ്കിലും ജോലിയിൽനിന്നു് അരമണിക്കൂർ സമ്മതവും വാങ്ങി രക്ഷപ്പെട്ടിട്ടുണ്ടോ? ഒന്നും ഓർമ്മയില്ല. ഉണ്ടായിരിക്കാം.

ഏതായാലും നാളെ പോകും. നാളെ പോകുമ്പോൾ കിട്ടാനുള്ള ഒരു ചെറിയ തുകയുടെ എക്കൌണ്ടു ഇന്നു് 'പേഓഫീസി'ൽനിന്നും തയ്യാറാക്കുകയായിരിക്കും. ഡബിററുണ്ടാകുമോ? അല്ല ക്രഡിറേറാ? പതിനഞ്ചു കൊല്ലങ്ങൾക്കുള്ളിൽ അധികം കൈപ്പററിയതും, കുറച്ചു കൈപ്പററിയതും ആയ സംഖ്യകൾ നാളെ വെളിച്ചംകാണും. മനുഷ്യന്നു് തെററുപററാതിരിക്കുമോ?...

ഓങ്കാർസിങ്ങ് പല്ലുതേപ്പും കുളിയും കഴിഞ്ഞു് ധൃതിയിൽകടന്നുവന്നു് ചോദിച്ചു:

"എനി മെസെയ്ജസ്?"

"നോ—"

വാച്ചിലേക്ക്നോക്കി. കൃത്യം ഏഴുമണി. അയാൾ നന്ദി പറയുംമുമ്പ് ഞാൻ പറഞ്ഞു:

"വളരെ നന്ദി"

"പറയേണ്ടതു് ഞാനാണ്"

"അല്ല, ഞാൻതന്നെ. നിങ്ങൾ എനിക്ക് ഒരു കഥയുടെ പ്ലോട്ട് തന്നിരിക്കുന്നു."

"ഭേഷ്!"

ആ കഥയെന്താണെന്ന് അയാൾക്ക് കേട്ടേ ഒക്കൂ. കഥ എഴുതാൻ തുടങ്ങിയിട്ടില്ലെങ്കിലും എഴുതാനുദ്ദേശിച്ച വിധം പറഞ്ഞുകൊടുക്കണമല്ലോ. സ്ഥലം ബ്രഹ്മലോകമാണ്.

പ്രധാന കഥാപാത്രങ്ങൾ:- ചിത്രഗുപ്തൻ, ഞാൻ, ഓങ്കാർസിങ്ങ്.

"ഞാനോ?" വാവലിൻെറ ചിറകടിപോലെയുള്ള തൻെറ വിഖ്യാതമായ ചിരി ചിരിച്ചുകൊണ്ടു് ഓങ്കാർസിങ്ങ് ചോദിച്ചു.

"അതെ"

"സബാഷ്"

ചിത്രഗുപ്തൻ കൃത്യനിർവ്വഹണപ്പട്ടിക പരിശോധിക്കുകയാണ്. പതിനഞ്ച്കൊല്ലത്തെ പട്ടികകൾ. "പേ ഓഫീസ്"കാരെപ്പോലെ.

ഡെയ്റ്റ് ഓഫ് എക്സ്പയറി ഓഫ് സർവ്വീസ്; 26-6-58.

കണക്ക് തെററിയോ എന്ന് ചിത്രഗുപ്തൻ സംശയിക്കുന്നു. ജോലിചെയ്ത കണക്കുകളുടെ കോളത്തിൽ ഒരു അരമണിക്കൂറിൻെറ കമ്മി... പരിഭ്രമമായി. ഒരിക്കൽ കൂടി സൂക്ഷ്മമായി പരിശോധിച്ചു. ശരിതന്നെ-അരമണിക്കൂർ!

ചിത്രഗുപ്തൻ ഭയപ്പെടുന്നു. ഫയലുമെടുത്തു നേരെ ബ്രഹ്മാവിൻെറ അടുത്തേക്ക് പോകുന്നു. പലതവണ വാണിങ്ങ് കിട്ടിയതാണ്. വീണ്ടും തെററിച്ചിരിക്കുന്നു. ബ്രഹ്മാവ് ചിത്രഗുപ്തൻെറ നേരെ "ഷൌട്ട്" ചെയ്യുന്നു. ഒടുവിൽ അയാളെ ശിക്ഷിക്കുകയും ചെയ്തു. അതുപ്രകാരം കൃത്യം ആറേക്കാൽമണിക്കു ചിത്രഗുപ്തൻ എൻെറ ആത്മാവിൽ പ്രവേശിക്കുന്നു. എന്നിട്ട് പതിവില്ലാത്തവിധം ചൂടുകാപ്പി കുടിക്കാൻ സിഗ്നൽ സ്റ്റേഷനിലേക്ക് എന്നെ നയിക്കുന്നു. പിന്നെ, ഓങ്കാർസിങ്ങിൻെറ ആത്മാവിൽ പ്രവേശിക്കുകയും, കഌസിൽപോകാൻ അയാൾക്ക് പ്രചോദനം നൽകുകയും ഗത്യന്തരമില്ലാതെ എന്നോട്ട് അരമണിക്കൂർ ജോലിചെയ്യാൻ അപേക്ഷിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അങ്ങിനെ ബാക്കിയുള്ള അരമണിക്കൂർകൂടി ഞാൻ ജോലി ചെയ്യേണ്ടിവരുന്നു...

ഓങ്കാർസിംഗ് തൻെറ വിഖ്യാതമായ ചിരി ചിരിച്ചുകൊണ്ടു് പറഞ്ഞു:-

"വെരിഗുഡ്!"

# പിഴകൾ

ബഹളം അവസാനിച്ചു. വണ്ടി സ്റ്റേഷനിൽ ചെന്നുനിന്നു, എല്ലാം ശുഭമായി കലാശിച്ചു എന്നു മനസ്സിലായതുകൊണ്ടായിരിക്കാം അതുവരെ നിഷ്പക്ഷത പാലിച്ചു നിശ്ശബ്ദനായിരുന്ന ഒരു വായനക്കാരൻ ആരോടെന്നില്ലാതെ പറഞ്ഞു:

"പെണ്ണുങ്ങളെ അവരുടെ മുറിയിലെ കേററാവൂ."

ബഹളത്തിന്നു നേതൃത്വം നല്കിയ രണ്ടു സുന്ദരികൾക്കും, അവരുടെ നേതാവായ യുവാവിന്നും ആ അഭിപ്രായം പിടിച്ചില്ല. അയാൾ പറഞ്ഞു:

"നിങ്ങളെപ്പോലത്തെ പെണ്ണുങ്ങളെ കാണാത്തവർ വണ്ടിയിൽ കേറാൻ വരര്ത്."

വായനക്കാരൻ മിണ്ടിയില്ല. താൻ വല്ലതും പറയുകയോ, പറഞ്ഞതിന്ന് ഉചിത മറുപടി കേൾക്കുകയോ ചെയ്തിട്ടില്ലെന്ന മട്ടിൽ അയാൾ പുസ്തകവും വായിച്ച് അനങ്ങാതിരുന്നു. പരമാർത്ഥത്തിൽ അല്പം വിട്ടുവീഴ്ചകൾക്ക് തയ്യാറല്ലാത്ത ഒരു പെണ്ണും ആണുങ്ങളുടെ മുറിയിൽ കയറിയിരിക്കരുതെന്നായിരുന്നു ആ മുറിയിലെ അവിവാഹിതരുടെ അഭിപ്രായം. അല്പമൊരു വിട്ടുവീഴ്ചക്ക് തയ്യാറായിരുന്നെങ്കിൽ ഒരു ബഹളംകൂടാതെ കഴിക്കാമായിരുന്നു. അത്യധികം തിരക്കുള്ള ആ ചെറിയ കമ്പാർട്ടുമെന്റിൽ കാലുകൾ സ്പർശിച്ചുപോവുക വലിയ കാര്യമൊന്നുമല്ല. മുന്നിലിരിക്കുന്ന സുന്ദരികളിൽ ഒരുത്തിയുടെ കാൽവിരലിൽ ആ കണ്ണടക്കാരന്റെ കാൽ ഒന്നു തൊട്ടുപോയി. അവൾക്കതു് പിടിച്ചില്ല. അവൾ മെല്ലെ തന്റെ നേതാവിനെ അറിയിച്ചു. അയാൾക്ക് പൊറുത്തില്ല. അയാൾ ചാടിയെഴുന്നേറ്റു. എന്നിട്ട് കണ്ണടക്കാരന്റെ കഴുത്തിൽ കേറിപ്പിടിച്ചു. ബഹളമായി. അങ്ങിനെ തന്റെ കാൽ അവളുടെ കാൽവിരലിൽ സ്പർശിച്ചിരുന്നോ എന്നുകൂടി തനിക്കറിയില്ലെന്ന് കണ്ണടക്കാരൻ ന്യൂതവണ്ണ പറഞ്ഞു.

"അവന്റെ ഒരു വല്ല്യ കണ്ണട. അതു് കണ്ടപ്പൊഴേ തോന്നിയതാണ്" എന്നാണ് സ്ത്രീയും, അവളുടെ നേതാവും പറയുന്നതു്. അയാളുടെ കണ്ണടച്ചില്ലുകൾ നുറുങ്ങി താഴെ വീണപ്പോഴേ അയാൾക്ക് ഭയങ്കരമായ കോങ്കണ്ണുണ്ടെന്ന് ബഹുജനങ്ങൾക്ക് മനസ്സിലായുള്ളു. എന്നിട്ടും അവരെത്തന്നെ വളരെനേരത്തോളം അയാൾ കടാക്ഷിച്ചിട്ടുണ്ടെന്നുള്ള വാദം പിൻവലിക്കാൻ അവർ

ക്കുട്ടാക്കിയില്ല. പിടിയും വലിയും മൂത്തപ്പോൾ ഒരാൾ ചാടിയെഴുന്നേററ് 'ചങ്ങല' പിടിച്ചുവലിക്കാൻ ശ്രമിച്ചു. തൂങ്ങിച്ചാകാൻ പോകുന്ന ഒരാളോടെന്നപോലെ 'ചെയ്യല്ലെ, ചെയ്യല്ലെ' എന്നും പറഞ്ഞ് ആരൊക്കെയോ അയാളുടെ കൈകളിൽ പിടിച്ചു തൂങ്ങിക്കളഞ്ഞു. ചങ്ങല പിടിച്ചുവലിച്ചാൽ വണ്ടി നില്ക്കുമെന്ന തൻെറ പാണ്ഡിത്യം ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ അയാൾക്കപ്പോൾ കഴിഞ്ഞില്ല. അതുകൊണ്ട് അയാൾ ആ വിരുദ്ധന്മാരുമായി ഒരു സമരത്തിന്നു കലികൊണ്ടു. അത് ഭാഗ്യമായി. വണ്ടി നില്ക്കാതെത്തന്നെ മറെറാരു സമരം അടങ്ങി. വണ്ടി സ്റ്റേഷനിൽചെന്നു നില്ക്കുകയും ചെയ്തു. ആ കമ്പാർട്ടുമെൻറിൽ യാതൊന്നും സംഭവിച്ചിട്ടില്ലെന്ന ഒരു നിശ്ശബ്ദത പരക്കുകയാണുണ്ടായതു്.

അപ്പോഴാണ് വേറൊരു ബഹളം തുടങ്ങിയതു്. മുറിയുടെ വാതുക്കൽ പ്ലേററുഫോമിൽ കുറേപേർ. അവർ വാതിൽ പിടിച്ചുവലിക്കയാണു്. ആരൊക്കെയോ മുറിക്കുള്ളിൽ നിന്നു് അവരെ വിലക്കുന്നുണ്ടു്.

"തുറക്കില്ല; ഇവിടെ സ്ഥലമില്ല." വണ്ടി വിടാൻ സമയമായി. പെണ്ണുങ്ങളും കുട്ടികളുമുണ്ടു്. പോകുന്നതു് പഴനിക്കാണു്.

"പഴനിക്കല്ല, രാമേശ്വരത്തേക്കായാലും ശരി; വാതിൽ തുറക്കില്ല. പെണ്ണുങ്ങളെ അവരുടെ മുറിയിൽ കേററണം."

വണ്ടി പോകാറായി; വിസിലടിച്ചു.

"ഞങ്ങൾക്കും പോകണമല്ലോ. നിങ്ങളൊക്കെ ഇങ്ങിനെ ചെയ്താലൊ." പഴനിക്കു പോകുന്നവരിലെ ഏക പുരുഷൻ അഭ്യർത്ഥിച്ചു.

"ആണുങ്ങള്ക്ക് കയറിക്കോളിൻ......പെണ്ണുങ്ങളെ അവരുടെ മുറീൽ കേററണം"

"ആണുങ്ങള്ക്ക് ഒരാളേള്ളു. ബാക്കിയുള്ളത് പെണ്ണുങ്ങളും കുട്ട്യോളുമാണ്. ഒരു സഹായം ചെയ്യിൻ."

വണ്ടി, ചൂളം വിളിച്ചു. വണ്ടി ഓടിക്കുന്നവക്ക് ഇതൊന്നും അറിഞ്ഞുകൂടാ. അവക്ക് വണ്ടി ഓടിക്കുകയേ വേണ്ടു.

ഒട്ടവിൽ ഭക്തനായ ഒരു മദ്ധ്യവയസ്കന്ന് കാരുണ്യമുണ്ടായി. അയാൾ രണ്ടുതവണ പഴനിയിൽ പോയ മനുഷ്യനാണ്. മററുള്ളവരോട്ട് അപേക്ഷിച്ച് അയാൾ അവക്ക് വാതിൽ തുറന്നുകൊടുത്തു. അതൊരു കുത്തിയൊഴുക്കായിരുന്നു. അവരുടെ പരിഭ്രമംപിടിച്ച ചലനങ്ങൾ കണ്ടു മററുള്ളവർ രസിച്ചു.

നാലു സ്ത്രീകൾ, രണ്ടുമൂന്നു കുട്ടികൾ, പതിനാലു പ്രായംവരുന്ന ഒരു പാവാടക്കാരി. അവരാരും അതിന്നുമുമ്പ് വണ്ടിയിൽ കയറിയിട്ടില്ലെന്നാണ് തോന്നുക. പാവാടക്കാരി മൂന്ന് പൂട്ടിയകുടകൾ മാറോട്ട് അടുക്കിപ്പിടിച്ച് ചുററുംനോക്കി അന്തം വിട്ടു നിൽക്കുകയാണ്. അവളുടെ കാലുകളിൽ, ചലിക്കുമ്പോൾ മെല്ലെ കുലുങ്ങുന്ന പാദസരങ്ങളുണ്ട്. കാതുകളിൽ 'സ്റ്റാറോ', മുടിയിൽ പൂന്തോട്ടമോ. മുഖത്തു പൌഡറോ ഇല്ല. അവളുടെ മു

ടി എലിവാല്വപോലെ അഗ്രംവരെ മെടഞ്ഞിട്ടിട്ടുണ്ട്. പെണ്ണുങ്ങളിൽ മൂന്നും പ്രായം കൂടിയവരാണ്. കാവിമുക്കിയ തോർത്തുമുണ്ടുകൊണ്ട് അത്ര ഗൌരവം ഒന്നുമില്ലാത്ത മട്ടിലാണവർ മാറുമറച്ചിട്ടുള്ളത്. കാതുകളിൽ വലിയ തോടകളുണ്ട്. നാലാമത്തെ സ്ത്രീ വലിയ ചെറുപ്പക്കാരിയൊന്നുമല്ലെങ്കിലും അവളുടെ ചുമലിൽകിടന്ന 'അലാറം' പോലെ കരഞ്ഞുകൊണ്ടേ ഇരിക്കുന്ന കുഞ്ഞിന്നു ആറുമാസമേ ആയിട്ടുള്ളു. അതിന്നു് "ചോറു കൊടുക്കുവാൻ" പോകയാണവർ പഴനിയിലേക്കു്. അവരെയെല്ലാം നയിക്കുന്ന പുരുഷൻ അവളുടെ ഭർത്താവാണ്. ധരിച്ച 'കോളർ ബനിയ'ൻെറ സൈഡ് പോക്കററു'കൾ കനത്തു തുങ്ങിക്കിടക്കുന്നുണ്ട്. അയാളുടെ മുഖത്തു് മുറിയിലുള്ളവരോടെല്ലാം നന്ദിയും, ഒരു നേതാവിൻെറ വിഷമതകളും, വ്യാപിച്ചുകിടന്നിരുന്നു. ആകപ്പാടെ, അല്പം പോലും പരിഷ്ക്കാര ബോധമെത്തിയിട്ടില്ലാത്ത ഒരു കുഗ്രാമത്തിൽനിന്നു വരുന്നതാണെന്നു് ആർക്കും മനസ്സിലാക്കാമായിരുന്നു.

വണ്ടി ഓടിക്കൊണ്ടിരുന്നു. അവരെല്ലാം ഇരിക്കാൻ ഇടമില്ലാതെ രണ്ടു ബെഞ്ചുകളുടെ മദ്ധ്യത്തിൻനിന്നു് വിഷമിക്കുകയായിരുന്നു. ആറുമാസം പ്രായമായ ആ കുഞ്ഞ് വിടാതെ നിലവിളിക്കുകയാണ്. അമ്മയുടെ ചുമലിൽകിടന്നു് അതു് ഞെളിയുകയും. പുളയുകയുമാണ്. അതിൻെറ അച്ഛൻ തോർത്തുമുണ്ടു് മടക്കി കുഞ്ഞിനെ വീശുന്നുണ്ട്. പ്രായമായ സ്ത്രീകൾ "പൊന്നേ, തങ്കമണ്യേ മുത്താച്ചിൻെറ കട്ടേ" എന്നൊക്കെ വിളിക്കുകയും കുഞ്ഞിൻെറ കവിളുകളിൽ ഉമ്മവെക്കുകയും ചെയ്തുകൊണ്ടി

രുന്നു. ചെറുപ്പക്കാരിയായ അമ്മ 'വാ...വാ...വാ'' നീട്ടിവലിച്ച് പാട്ടുകയാണ്. സുന്ദരികളായ ചെറുപ്പക്കാരികളുടെ മുഖത്തു എന്തോ ചില പുച്ഛഭാവങ്ങൾ എല്ലാവരുടെയും കണ്ണുകൾ ആ പഴനി യാത്രക്കാരിൽ ചെന്നു തറച്ചു നിൽക്കുകയായിരുന്നു, അമ്മ ബ്ലൌസുയർത്തി പരസ്യമായി കുഞ്ഞിന്നു മുല കൊടുത്തു. അതു് കണ്ടു് ചെറുപ്പക്കാരികളായ സുന്ദരികൾ തലതാഴ്ത്തി. ആരോ പറഞ്ഞു:

''ചൂട്ടുകൊണ്ടാണ്''

മറെറാരാൾ പറഞ്ഞു:

''കുട്ടീന്യേംവെച്ച് കൊറച്ച് ഇരിക്കി''

ഇരിക്കാനാണ് സ്ഥലമില്ലാത്തതു്, പെണ്ണുങ്ങളെക്കണ്ടാൽ എണീറേറാളണമെന്ന മര്യാദ ഇല്ലാത്തവരാണ് ബെഞ്ചിലിരിക്കുന്നവർ. 'അതെല്ലാം ബസ്സിലെ 'സ്ത്രീകളുടെ സീററി'ലാണെങ്കിൽ മതി' എന്നൊരു ഭാവമാണ്. എന്നാലും അങ്ങിനെയല്ലല്ലോ. സ്ത്രീകൾ എത്രയാണ് കുത്തനെ നിൽക്കുക. സ്ത്രീകൾക്കെല്ലാമിരിക്കാൻ ബെഞ്ചിൽ ഒരു സ്ഥലമുണ്ടാക്കിക്കൊടുത്തു. അവർ എല്ലാവരും ഇരുന്നു. അപ്പോഴും മൂന്നു കുട്ടിപ്പിടിച്ച കുടകൾ ചെറുപ്പക്കാരിയുടെ മാറിലുണ്ടായിരുന്നു.

''കുട വാങ്ങി മോളില് വെച്ചേക്കു്'' ആരോ അവരുടെ പുരുഷനോട്ട് പറഞ്ഞു. അപ്പോഴാണ് അങ്ങിനെയൊരു 'യന്ത്ര'വുംകൂടി വണ്ടിയിലുണ്ടെന്നു സ്ത്രീകൾ മ

നസ്സിലാക്കിയതു്. അവർ ആശ്ചര്യത്തോട്ടകൂടി അങ്ങോട്ട നോക്കി.

കുട്ടി അപ്പോഴും നിത്താതെ നിലവിളിച്ചുകൊണ്ടിരുന്നു. വായനക്കാരൻെറ വായനക്ക് അതു് ഒരു ശല്യമായിരുന്നു. ഇടക്കിടെ വെറുപ്പോട്ടകൂടി അയാൾ നിലവിളിക്കുന്ന കുട്ടിയെ നോക്കുന്നുണ്ടായിരുന്നു. കുട്ടി അങ്ങിനെ തുടർച്ചയായി നിലവിളിക്കുന്നതു് അപസ്മാരത്തിൻെറ രോഗം കൊണ്ടാണെന്നു് ഒരാൾ അഭിപ്രായപ്പെട്ടു. അങ്ങിനെ നിലവിളിച്ച 'ഹാർട്ട്' പൊട്ടി തീവണ്ടിയിൽവെച്ചുതന്നെ ഒരു കുട്ടി മരിച്ചുപോയതായി മറെറാരാൾ പറഞ്ഞു.

"നേരോ?" വേറൊരാൾ ഉല്ക്കണ്ഠ പ്രദർശിപ്പിച്ചു.

അവരും പഴനിക്കു പോവുകയായിരുന്നെന്നു് അനുഭവസ്ഥൻ പറഞ്ഞു. പെണ്ണുങ്ങളെല്ലാം സംഭാഷണം ശ്രദ്ധിച്ച്കൊണ്ടിരിക്കുകയായിരുന്നു.

"പഴനിക്കു പോകുന്ന കുട്ടി വഴീല്‌വെച്ച് മരിക്ക്യോ?" എന്നായിരുന്നു അവരുടെ സംശയം.

"അതു് വല്ല പെഴേം വന്നതുകൊണ്ടായിരിക്കു"മെന്നു് കക്കൂസിൻെറ വാതുക്കൽ ഒതുങ്ങിക്കൂടി നില്ക്കുന്ന ഒരാൾ പറഞ്ഞു. അതു് നേരായിരിക്കുമെന്നു് പലരും വിശ്വസിക്കാൻ കാരണം അയാൾ ഒരു ശുദ്ധഗതിക്കാരനാണെന്നു് കണ്ടവക്കെല്ലാം തോന്നിയതുകൊണ്ടായിരു

ന്നു. അയാളുടെ അഭിപ്രായം കേട്ട സ്ത്രീകൾ പേടിച്ചു പോയി. അവരിലൊരുവൾ വിളിച്ചു പ്രാർത്ഥിച്ചു:

"ൻെറ സൊബ്രഹ്മണ്യാ—!"

"ഹരഹരോ ഹരാ—!" എന്ന് ഭക്തിയോടുകൂടി വേറൊരുവളും വിളിച്ചു.

കള്ളസിന്നടുത്ത് നില്ക്കുന്ന ആൾ പറഞ്ഞു: "ങ്ങള് പേടിക്കണ്ട. സാമി ദയള്ള്യാളാണ്!"

സ്വാമിയിൽ പൂർണ്ണമായി വിശ്വസിക്കുന്ന ആ മനുഷ്യനെ അവർ കണ്ണെടുക്കാതെ നോക്കിയിരുന്നു.

ആ നീണ്ടുതുടങ്ങുന്ന മുഖരോമവും കാവി മുക്കിയതുപോലെയുള്ള മുണ്ടും ചുമലിലിട്ടതുമെല്ലാം അവൾക്ക് വളരെ ഇഷ്ടപ്പെട്ടു. അതുകൊണ്ട് സ്ത്രീകളിലൊരുവൾ ചോദിച്ചു:

"ങ്ങളെങ്ങോട്ടാ?"

ദൃഷ്ടികൾ ഉയർത്തിപ്പിടിച്ച് ഭക്തനെപ്പോലെ അയാൾ പറഞ്ഞു:

"ങ്ങനെ പോണു! എത്ത്യേടത്തെത്തും, ഓൻണ്ടല്ലൊ—! സ്വാമീ ശരണം!"

ആ ഭക്തനെ പഴനിയാത്രക്കാർ ഒരാശ്ചര്യവസ്തുവെപ്പോലെ നോക്കി.

"തീർത്ഥയാത്ര ചെയ്യുന്ന പുണ്യവാൻ!"

കുഞ്ഞ് അപ്പോഴും പൊട്ടിക്കരയുകയാണ്. 'വാവാവോ' ഉയരുന്നു. കുടുംബത്തലവൻ വലിയ പൊതി ക്കെട്ടഴിച്ച് രണ്ടു ചീഞ്ഞ പഴം എടുത്ത് കുട്ടിയുടെ രണ്ടു കൈകളിലും കൊടുത്തു. പഴം താഴെയിട്ട് അതു് നിലവിളി തുടരുകതന്നെ ചെയ്തു. ആ പഴനിയാത്രക്കാ ക്കെല്ലാം വല്ലാത്ത അസ്വാസ്ഥ്യമുണ്ടായിരുന്നു. അവർ അന്യോന്യം മെല്ലെമെല്ലെ ചോദിച്ചുകൊണ്ടിരുന്നു.

"എന്തോം പെഴ വന്നുപോയൊ?"

സ്ത്രീകൾ ഭക്തിയോടുകൂടി വിളിച്ചുകൊണ്ടിരുന്നു:

"സുബ്രഹ്മണ്യ സാമീ!"

വണ്ടി പല സ്റ്റേഷനുകളും പിന്നിട്ടുപോയി. പലരും വന്നുകയറി. ആരൊക്കെയോ ഇറങ്ങിപ്പോവുകയും ചെയ്തു. പക്ഷെ, ആ കമ്പാർട്ടുമെന്റ് അപ്പോഴും നിറഞ്ഞുനിന്നിരുന്നു. നേരം ഇരുണ്ടുതുടങ്ങി; മുറിയിൽ വിളക്കുകത്തി. കരയുന്ന കുഞ്ഞിന്നു് വിളക്ക് കാണിച്ചുകൊടുത്തുകൊണ്ടു് അതിനെ കുലുക്കിക്കുലുക്കി അമ്മ പറഞ്ഞുകൊണ്ടിരുന്നു:

"ൻെറ മോൻ കണ്ടോ; ഞാഞ്ഞ......ഞാഞ്ഞ!"

അതിന്നു ഞാഞ്ഞയും, മാഞ്ഞയും ഒന്നും കാണേണ്ടായിരുന്നു. വണ്ടി ഒരു സ്റ്റേഷനിൽ ചെന്നുനിന്നു് ഇളകി നീങ്ങുകയാണു്. കക്കൂസിൻെറ വാതുക്കൽ നില്ക്കുന്ന

തീർത്ഥയാത്രക്കാരൻ ഒന്നു പരുങ്ങി. അയാൾ ചുററും നോക്കി പതുക്കെ പറഞ്ഞു:

"ലിക്കട്ടാലട്ടർ!" എല്ലാവരും അങ്ങോട്ടുനോക്കി. ടിക്കററുകലക്ടർ ഒരററത്തുനിന്നു് ടിക്കററ് പരിശോധി ച്ച് വരികയാണു്.

"പിടിക്കപ്പെല്ലോ സാമീ!" തീർത്ഥയാത്രക്കാരൻ.

"ടിക്കററില്ലേ?"

"ല്ല." ഓടുന്ന വണ്ടിയിൽനിന്നു് താഴോട്ടുചാടി ഓടിക്കളയണമെന്നു് ആഗ്രഹിക്കുന്ന പരിഭ്രമത്തോടെ അയാൾ പറഞ്ഞു.

"കക്കൂസിന്നുള്ളിലേക്കു പോയ്ക്കോളിൻ." ഒരാൾ

"അയാൾ വന്നു മുട്ടിത്തുറക്കും."

"പിന്നെന്ത്യാ ചെയ്യ്യാ?"

വലിയൊരു പ്രശ്നമായിരുന്നു. അയാളെ രക്ഷിക്ക ണമെന്നായിരുന്നു എല്ലാവരുടേയും വിചാരം. എന്താ ണു് ചെയ്യുക? പലരും പല വഴികളും നിർദ്ദേശിക്കു ന്നു. ഒന്നും അയാൾക്കു് ബോധിക്കുന്നില്ല. അയാൾ എലിക്കൂട്ടിൽവീണ ഒരെലിയെപ്പോലെ നിന്നു് വിഷമി ക്കുകയാണു്. ടിക്കററുകലക്ടർ നീങ്ങിനീങ്ങി വരിക യാണു്.

"വെറുതെയങ്ങു വിടുന്ന മോനൊന്നുമല്ല." ഒരാൾ തീർത്ഥയാത്രക്കാരനെ ഒന്നു പേടിപ്പിച്ചു.

ച്ചുകന്ന കണ്ണുകളാണു്. ഊക്കൻ കൊമ്പൻമീശയുണ്ടു്. കറുത്ത മുഖത്തുനിറയെ വസൂരിക്കലയും; തടിച്ച് പൊക്കംകൂടിയ ഭയങ്കരൻ. അയാൾ അട്ടത്തെത്തിത്തുടങ്ങുകയാണു്. പെട്ടെന്നു് ഒരാൾക്കൊരു യുക്തി തോന്നി:

"ബെഞ്ചിന്നടിയിൽ കെടന്നോളീ." അതു് നല്ലതാണെന്നു് എല്ലാവർക്കും തോന്നി. കേൾക്കേണ്ട താമസം; അയാൾ ബെഞ്ചിന്നടിയിലേക്കു് നൂണ്ടുപോയി കിടന്നു. പഴനിയാത്രക്കാരുടെ നേതാവ് പതിനാലുകാരിയായ പാവാടക്കാരിയോടു് പറഞ്ഞു:

"കാലുകൊണ്ടു് മറച്ചുപിടിച്ചാള മോളേ—"

അവൾ കാലുകൾ വിടത്തിപ്പിടിച്ചു. പാവാടയുടെ തിരശ്ശീലക്കുപിന്നിൽ നല്ലവനായ തീർത്ഥയാത്രക്കാരൻ ചുരുണ്ടുകിടന്നു. സ്ത്രീകൾ പറഞ്ഞു:

"പാവംട്ടോ—" എന്നിട്ടു് അവർ കേമമായൊന്നു മുറുക്കി. അപ്പോഴും കുട്ടി കരയുകയായിരുന്നു. ടിക്കററു കലക്ടർ അവരുടെ ബെഞ്ചിൻെറ പിന്നിലെത്തി. കുട്ടിയുടെ അമ്മ ഇത്തവണ ഒരു വിദ്യ കണ്ടുപിടിച്ചു. അവൾ കുട്ടിയെ പിടിച്ചുയർത്തി ടിക്കററുകലക്ടരെ ചൂണ്ടിക്കാണിച്ച്കൊണ്ടു് സങ്കോചംകൂടാതെ പറഞ്ഞു:

"കരേണ്ട...കണ്ടോ ചിന്നിനകണ്ടോ. പിടിച്ചോണ്ടോവും. ചിന്നാണു്; പിടിച്ച് മുണ്ങ്ങ്ണ ചിന്ന്!"

കേട്ടവരെല്ലാം ചിരിച്ചുപോയി. ടിക്കററു കലക്ടർ മാത്രം ചിരിച്ചില്ല. അയാൾ അവളെയും കുട്ടിയേയും ഗൌരവത്തിലൊന്നു് നോക്കി. അവൾ പറഞ്ഞു:

"ങ്ങള്' പിടിക്കണ്ട ചിന്നേ. ഇനി മോൻ കരയില്ല...!"

അപ്പോഴും എല്ലാവരും അടക്കിപ്പിടിച്ചു ചിരിച്ചു. ചിരിക്കുന്നതിൻെറ ഗൌരവം ആ പഴനിയാത്രക്കാർക്കാക്കും മനസ്സിലായില്ലെന്നു് എല്ലാവക്കും മനസ്സിലായി. ടിക്കററു കലക്ടർക്കു് തൻെറ കയ്യിലുള്ള കട്ടിയുള്ള പുസ്തകങ്ങൾ വലിച്ചു് അവളുടെ തലക്കിട്ടു് ഒരേറുകൊട്ടുക്കാനുള്ള ദേഷ്യമുണ്ടായിരുന്നു. എന്തുതന്നെയായാലെന്താണ്? കുട്ടിയുടെ കരച്ചിൽ നിന്നു. അതു അമ്മയുടെ കഴുത്തിൽ മുറുകെ കെട്ടിപ്പിടിച്ചു കണ്ണുമടച്ചു കിടന്നുകളഞ്ഞു.

തകരാറുകളൊന്നുമുണ്ടായില്ലാ. തീർത്ഥയാത്രക്കാരൻ രക്ഷപ്പെട്ടു. ടിക്കററു കലക്ടർ പോയപ്പോൾ ബെഞ്ചിനുള്ളിലേക്കു് നോക്കി ആരോ പറഞ്ഞു

"പോയി"

"ഞാനിവിടെ കിടന്നോളാം.

വണ്ടി ഓടിക്കൊണ്ടിരുന്നു. സമയവും പാഞ്ഞുപോയി. എല്ലാവക്കും ഉറക്കത്തിൻെറ ലഹരി പിടിച്ചിരിക്കയാണ്. താഴ്ത്തിപ്പിടിച്ചുകല്ലുകെട്ടിവിട്ട ഒരിളം മുളച്ചില്ലപോലെ തലകൾ താഴുകയും ഉയരുകയും ചെയ്തുകൊണ്ടിരുന്നു. എല്ലാ അസൌകര്യങ്ങളും ഒന്നാന്തരം

സൗര്യങ്ങൾപോലെയായിത്തീർന്നു. വൃത്തിയും, വൃത്തികേടും കൈകോർത്തുപിടിച്ചു, സഹവർത്തിത്വത്തിലേപ്പെട്ടു. ചിലർ ചിലർക്കു ചാരുകസേരകളാണ്. മററു ചിലരുടെ വൃത്തികെട്ട കാലുകളിലാണ് ചിലർ തലവെച്ചു സുഖമായി ഉറങ്ങുന്നത്. എല്ലാവരും ഉറങ്ങിയിരിക്കുന്നു. ആക്കും ഒന്നും അറിഞ്ഞുകൂടാ...

അങ്ങിനെ നേരം പുലരുകയും ചെയ്തു.

അപ്പോഴാണ് പഴനിയാത്രക്കാരിൽ ഒരു കൊട്ടങ്കാററുയന്നത്. പാവാടക്കാരിയുടെ 'പാദസരം' കാണാനില്ല. വലത്തെ കാലിലെ പാദസരം.

"ൻെറ സാമി പെണ്ണിന്റെ പാദസരം പോയല്ലൊ"

പെണ്ണ് നിന്നു കിതയ്ക്കുകയാണ്. കണ്ണുകളിൽ വെള്ളം ഊറിവരുന്നു.

"എവിടെപ്പോയെടീ?" കുടുംബാധിപൻ

പെണ്ണിന്നു് മിണ്ടാൻ കഴിയുന്നില്ല. "പറെടീ!" പാദസരം പോയാൽ മറെറാന്നുണ്ടാക്കിക്കാം. പക്ഷെ ഇതിന്നെല്ലാം കാരണമെന്താണ്? വല്ല പിഴയും വന്നുപോയൊ?

"സാമീ—!"

വണ്ടിയിലുള്ള ചിലരെല്ലാം പാദസരം തിരയലിൽ ജാഗരൂഗരായി.

അപ്പോൾ ഒരാൾ ചോദിച്ചു:

"എവിടെപ്പോയി ആ ടിക്കററില്ലാത്തോൻ?"

നേരാണ്

"എവിടെപ്പോയി?" എല്ലാവരും ചോദിച്ചു. ബെഞ്ചിന്നുള്ളിൽ അവനില്ല. അവൻപോയി!

"അവനാണ് കട്ടത്. കള്ള സുബറ്!"

"അങ്ങിനെ വേണം!"

"അവനെ പിടിച്ച് കൊണ്ടുപോകേണ്ടതായിരുന്നു."

"പിടിക്കാതിരിക്കാൻ അവർതന്നെയാണല്ലൊ അവനെ പിടിച്ച് മറച്ച്വെച്ചതു്."

"ഖള്ള സുബറ്!"

"അവനതു് വിററു കാശാക്കി ചായകുടിക്കുകയായിരിക്കും."

"ൻെറ സാമീ!"

'പോത്തുപോലെ ഉറങ്ങ്യാപിന്നെ പോതംവേണ്ടേ?'

"അവനല്ലേ ആ കിടക്ക്ണതു്?" ഒരാൾ അവൻ കിടന്നിരുന്ന എതിർവശത്തെ ബെഞ്ചിന്നു കീഴിലേക്ക് ചൂണ്ടിക്കാണിച്ച് സംശയിച്ചു. എല്ലാവരും അങ്ങോട്ടു നോക്കി.

"ഓ നല്ല, ഒരു പെണ്ണാണ്."

"അവളെപ്പഴാ വന്നേ—?"

"ആവോ—?"

അവൾ ഒരു യാചകിയായിരുന്നു. കീറി മുഷിഞ്ഞ ഉടുപ്പുകളാണ് ധരിച്ചിരിക്കുന്നത്. എന്നാലും തടിച്ചുകൊഴുത്ത ശരീരം. ബ്ലൗസിൻെറ ബട്ടനുകൾ അഴിഞ്ഞിട്ടുണ്ട്. മാറിടം നഗ്നമായി കിടക്കുകയാണ്. കരിപുരണ്ട അവളുടെ ഉടുപ്പുകൾക്കിടയിലൂടെ നല്ല നിറമുള്ള ശരീരം ഒരു കൗതുകവസ്തുതന്നെയായിരുന്നു.

ആരോ സംശയിച്ചു:

"എടുത്തതു് അവളായിരിക്ക്യോ?"

"അതാണ് ശരി. ടിക്കററില്ലാത്ത ആൾ ഒരു തീർത്ഥയാത്രക്കാരനായിരുന്നു. പാവം!" പഴനിയാത്രക്കാരിലൊരുത്തി അഭിപ്രായപ്പെട്ടു.

"എന്നാൽ അവളെ ഒന്നു പരിശോധിക്കണം."

അവളെ വിളിച്ചുണർത്താൻ ഒരാൾക്കു് ധൈര്യമുണ്ടായി.

"എണീക്കാൻ?"

അവൾ ഞെട്ടിയുണർന്നു.

"ടിക്കററങ്കെ?"

അവൾ പിടഞ്ഞെഴുന്നേററിരുന്നു്, അഴിഞ്ഞുപോയ ബ്ലൗസിൻെറ കീഴററങ്ങൾ പിടിച്ചു് മുറുക്കിക്കെട്ടി എല്ലാവരേയും മിഴിച്ചുനോക്കി.

“ഇവളുടെ പാദസരമെവിടെ?” ഒരാൾ തമിഴിൽത്തന്നെ കശ്നമായി ചോദിച്ചു.

“ഞാനെടുത്തിട്ടില്ല.”

“എഴുന്നേല്ക്കു്!”

അവൾ എഴുന്നേല്ക്കാൻ മടിച്ചു.

“എഴുന്നേല്ക്കാൻ!”

ചോദിച്ച ആളുടെ കണ്ണുകൾ കണ്ടു ഭയപ്പെട്ടു് അവൾ എഴുന്നേററു.

“ക്ലിം!” അവളുടെ ദേഹത്തിലെവിടെയോനിന്നു് പാദസരം ഉതിർന്നുവീണു.

“ഹട വമ്പത്തീ!”

അവൾ കിതപ്പോടുകൂടി എല്ലാവരേയും മാറിമാറി നോക്കി.

“വണ്ടി നില്ക്കട്ടെ; പിടിച്ചു് പോലീസിലേല്പിക്കണം!”

അവൾ ഞെട്ടിപ്പോയി. അമ്പരപ്പോടുകൂടി അവൾ കിടന്നിരുന്ന ബെഞ്ചിന്നു് എതിർവശത്തെ ബെഞ്ചിന്നുകീഴെ നോക്കീട്ടു് പറഞ്ഞു:

"അയാൾ പോയി."

"ഏതാൾ?"

"ടിക്കററില്ലാത്ത ആ കള്ളൻ." ആരോ ഒരാൾ ഉത്തരം പറഞ്ഞു.

"അയാള്ള് എട്ടത്തുതന്നതാ—"

കേട്ടവരൊക്കെ ആശ്ചര്യത്തോടെ അന്യോന്യംനോക്കി. അതിൻെറ രഹസ്യം അന്വേഷിച്ചവരോട്ട് അവൾക്കെന്തെങ്കിലും പറയാൻ കഴിഞ്ഞില്ല. അവൾക്ക് ആണുങ്ങളെ നോക്കിയപ്പോൾ ഭയവും, പെണ്ണുങ്ങളെ നോക്കാൻ നാണവുമുണ്ടായിരുന്നു. അവൾ തലയുംതാഴ്ത്തി അങ്ങിനെ നില്ക്കുമ്പോഴും ആരൊക്കെയോ അവളോട്ട് ആ രഹസ്യം അന്വേഷിക്കുകയായിരുന്നു

— ० —

# ടപ്പിയോക്ക

വണ്ടി പുറപ്പെടാൻ രണ്ടുമിനിട്ട് ഉള്ളപ്പോഴാണ് അയാൾ തിരക്കുപിടിച്ച ആ കമ്പാർട്ടുമെൻറിലേക്കു കയറിവന്നതു്. അവിടെ ഒരു ശീതസമരം നടക്കുകയാണെന്നു മനസ്സിലായതുകൊണ്ടോ എന്തോ, അയാൾ എല്ലാവരേയുമൊന്നു നോക്കി ഒരു മൂലയിൽ അടങ്ങിയൊതുങ്ങി നിന്നു. ആരും അയാളെ ശ്രദ്ധിച്ചിരുന്നില്ല. എന്നാലും, എല്ലാവർക്കും വേണ്ടിയെന്നപോലെ ആ ചുണ്ടുകളിൽ വിനീതമായൊരു പുഞ്ചിരി തിങ്ങിനിൽപുണ്ടായിരുന്നു. കൈത്തണ്ടയിൽ തൂക്കിയിട്ട വൃത്തിയുള്ള വലിയൊരു സഞ്ചിയും......

മുറിയിൽ നല്ല ചൂടുണ്ടു്. ഒന്നനങ്ങാൻ ഇടയുമില്ല. വേണ്ടതിൽ കവിഞ്ഞു സ്ത്രീകളും, കുട്ടികളും കയറിക്കൂടീട്ടുണ്ടു്. പുകച്ചിൽകൊണ്ടു് കുട്ടികൾ കരഞ്ഞുകൊണ്ടേയിരിക്കയാണു്. ആരെങ്കിലും തൊട്ടുപോയാൽ

പൊട്ടിത്തെറിച്ചുപോകുമെന്ന ആശങ്കയുള്ളതുപോലെ അടങ്ങിയൊതുങ്ങി മുഖം കുനിച്ച് നില്ക്കുകയാണ് ചെറുപ്പക്കാരികൾ. സ്ത്രീകളെ അവരുടെ മുറിയിൽ കയററാതെ കൂടെ കൊണ്ടുനടക്കുന്നവരോട്ട് സമരംചെയ്ത് പരാജയമടഞ്ഞ ഒരു മദ്ധ്യവയസ്ക്കൻമാത്രം സൗകര്യമായിരുന്ന് ഒരു കുററാന്വേഷണ കഥാപുസ്തകം വായിക്കുന്നുണ്ടായിരുന്നു.

മണിയടിച്ചു; വണ്ടി ചൂളംവിളിച്ച് നീങ്ങാറായി. അപ്പോൾ മറെറാരു സഞ്ചിക്കാരൻ വാതിലും തള്ളിത്തുറന്ന് മുറിയിലേക്കു കടന്നുവന്നു. ആരും അയാളെ പ്രതിഷേധിച്ചില്ല. എന്തെന്നാൽ, കുററാന്വേഷണ കഥ വായിക്കുന്ന മനുഷ്യനോടായിരുന്നു എല്ലാവരുടേയും പ്രതിഷേധം. താനൊഴിച്ച് ആരും ആ മുറിയിൽ ഉണ്ടായിരിക്കരുതെന്ന് അയാൾക്കു് വിചാരമുണ്ടായിരുന്നു......

'എന്നാൽ ആ പുതിയങ്ങ് മനസ്സിലിരിക്കട്ടെ' എന്ന് മററുള്ളവർക്കെല്ലാം മനസ്സിലുള്ളതുകൊണ്ട് ആർക്കും ആ മുറിയിൽ പ്രവേശനം തടയപ്പെട്ടില്ലാ.

വണ്ടി നീങ്ങിയപ്പോൾ പുതിയ സഞ്ചിക്കാരൻ കൂവാൻ പുറപ്പെട്ട ഒരു പൂവൻകോഴിയെപ്പോലെ കഴുത്തുയർത്തിപ്പിടിച്ച് എന്തിനോ തയ്യാറായിനിന്നു.' അപ്പോൾ പഴയ സഞ്ചിക്കാരൻ എല്ലാവരോടുമെന്ന മട്ടിൽ പറഞ്ഞു:

"എന്നാൽ ഇതങ്ങ് കഴിഞ്ഞിട്ടാവാം നമ്മുടേതു്."

അപ്പോഴും ആ ചുണ്ടുകളിൽ പുഞ്ചിരി തങ്ങിനിൽ പുണ്ടായിരുന്നു. ആ വാക്കുകളാണ് എല്ലാവരേയും അ ങ്ങോട്ടാകർഷിച്ചതു്. അയാൾ അടങ്ങിയൊതുങ്ങി അങ്ങ നെ നില്ക്കുന്നുണ്ടു്. പുതിയ സഞ്ചിക്കാരൻ ഒരു മണ്ണൂട്ട യുടെ ശബ്ദത്തിൽ യൂക്കാലിപ്ട്സ് തൈലത്തെപ്പററി ഗംഭീരമായി പ്രസംഗിക്കുകയായിരുന്നു.... ...

ഞാൻ അപ്പോഴും ആ പുഞ്ചിരിക്കാരനെ ശ്രദ്ധ യോടെ നോക്കിയിരിക്കുകയായിരുന്നു. കുറേനേരം കഴി ഞ്ഞപ്പോൾ അയാളുടെ പേർ ഉണ്ണികൃഷ്ണൻ എന്നല്ലേ എ ന്നൊരു സംശയമുണ്ടാവുകയും ചെയ്തു. നെററിയുടെ ഇ ടത്തേ അററത്തു് ചെറിയൊരു കാഞ്ഞിരയിലത്തിരുൾ പററിച്ചുവെച്ചപോലെയുള്ള അടയാളം അവിടെത്തന്നെ യുണ്ടു്. പിന്നെ നെററിയിൽ ഒരു സിന്ദൂരക്കുറി തൊട്ട തുപോലെയുള്ള മറുവിൻെറ ചുകന്ന കലയും. അധികം നേരിയതല്ലാത്ത ആ നീളൻമീശ. അതുമാത്രം ആ മുഖ ത്തുണ്ടായിരുന്നില്ല. പുതുതായൊരു മീശയുള്ളതുകൊണ്ടു മാത്രം ഉണ്ണികൃഷ്ണനല്ലെന്നു വരാമല്ലോ. ഉണ്ണികൃഷ്ണൻ തന്നെ; പക്ഷെ, ആ സഞ്ചിനിറയെ എന്തായിരിക്കും? അയാൾക്കു് എന്താണു് പറയാനുണ്ടാവുക? യൂക്കാലി പ്ട്സുകാരൻെറ പ്രസംഗവും കേട്ടു് എല്ലാവരും ഇരിക്കു മ്പോൾ ഞാൻ ഉണ്ണികൃഷ്ണനെപ്പററി ഓർമ്മിക്കുകയായി രുന്നു.

പോക്കുവെയിലിൻെറ മനോഹാരിതയിൽ കുളിച്ചു നീന്തുന്ന കപ്പലിൻെറ ഫോക്സലിൽവെച്ചാണു് ആദ്യമാ യി ഉണ്ണികൃഷ്ണനുമായി പരിചയപ്പെട്ടതു്. പ്രശാന്തമാ

യ കടൽ; അതിൽനിന്നുയരുന്ന നേരിയ കാററുമേററ് ഒരുകൂട്ടം മലയാളികൾ അവിടെ വട്ടമിട്ടിരിക്കുകയാണ്. അവരുടെ മദ്ധ്യത്തിൽ ചമ്രം പടിഞ്ഞിരുന്ന് തൻെറ ജോലിയുടെ മാഹാത്മ്യത്തെക്കുറിച്ച അയാൾ സരസമായ ങ്ങിനെ സംസാരിക്കുകയായിരുന്നു.

"ഒരു സ്ററുവേർഡ്! അവൻ ഒരു പൂവ്വജന്മസുകൃതത്തിൻെറ സന്തതിയാണ്. വലിയ വലിയ ശമ്പളം വാങ്ങുന്ന ഓഫീസ്സർമാക്ക് ഭക്ഷണം വിളമ്പിക്കൊട്ടക്കുന്നതു് ഒരു ഭാഗ്യം. തടിയിങ്ങ പോരട്ടെ എന്നു് വിചാരിച്ച്കൊണ്ടു് വിററാമിൻസ് ധാരാളമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ കട്ടുതിന്നാനുള്ള സാദ്ധ്യത മറ്റൊരു ഭാഗ്യം."

എല്ലാവരേയും ചിരിപ്പിച്ചുകൊണ്ടു് അയാൾ അങ്ങിനെ പ്രസംഗം തുടന്നുകൊണ്ടിരുന്നു. ആൾ രസികനാണെന്നു തോന്നിയപ്പോൾ, മെല്ലെ അട്ടത്തുകൂടി. ഒട്ടവിൽ വലിയ സ്നേഹിതന്മാരായി തീരുകയും ചെയ്തു. അയാളെ എല്ലാവരും ഇഷ്ടപ്പെട്ടു. മലയാളിയും, ബംഗാളിയും, പഞ്ചാബിയും എല്ലാം. കാരണം അയാൾ ഒരു നല്ല മനുഷ്യനായിരുന്നു.

നന്മകളെപ്പററി മാത്രമെ അയാൾക്കു് പറയാനുണ്ടായിരുന്നുള്ളു. പെണ്ണുങ്ങളെപ്പററി ആത്തിയോടെ പറയുകയും ചിന്തിക്കുകയും ചെയ്യുന്നവരോട്ടു് ഉണ്ണികൃഷ്ണൻ പറയും:

"അട്ടത്ത ലീവിൽ പോയാൽ ഒരു കല്യാണം കഴിക്കും."

മനസ്സ് നിയന്ത്രിക്കപ്പെടണമെങ്കിൽ കല്യാണം കഴിക്കൽ ഒരു എളുപ്പവിദ്യയാണെന്നാണ് അയാൾ പറയുക.

"നിങ്ങളെയും കാത്ത് കണ്ണെത്താത്ത നാട്ടിൽ കണ്ണീരും നിശ്വാസവുമായി ജീവിക്കുന്ന ഭാര്യയെ ഓക്കുമ്പോൾ നിങ്ങൾക്കു് മറെറാരു പെണ്ണിനെപ്പററിയും ചിന്തിക്കാൻ കഴിയില്ലാ!"

ഉണ്ണികൃഷ്ണൻ പറയുന്നതെന്തും എല്ലാവരും വിശ്വസിച്ചിരുന്നു. അതുകൊണ്ട് ലീവിൽ പോയി പലരും കല്യാണം കഴിച്ചു. കല്യാണം കഴിക്കാൻ തിട്ടക്കമുണ്ടായിരുന്നവരിൽ ചിലർ വേണ്ടെന്നുവെയ്ക്കുകയും ചെയ്തു.... "അപ്പോൾ ഇനി നമുക്കു് തുടങ്ങാമല്ലോ." ഉണ്ണികൃഷ്ണന്റെ ശബ്ദങ്ങൾ എന്റെ ചിന്തയെ തടഞ്ഞുനിർത്തി. യൂക്കാലിപ്ടസ്സുകാരൻ ഓടിത്തളന്ന ഒരു പൂവൻകോഴിയെപ്പോലെ ഒരിടത്തു നില്ക്കുകയായിരുന്നു.

കമ്പാർട്ടുമെൻറിലുള്ള എല്ലാപേരും ഉണ്ണികൃഷ്ണനെ ഉല്ക്കണ്ഠയോടെ നോക്കിയിരിക്കുകയാണ്. അയാൾ പറഞ്ഞുതുടങ്ങി......

"എന്നാൽ ഇതു് വയററുവേദന, തലവേദന, വായനാററം മുതലായ മഹാവ്യാധികൾക്കുള്ള ഒരു ഔഷധമൊന്നുമല്ല"

ആ ചുണ്ടുകളിൽ അപ്പോഴും ആകർഷകമായ ആ പുഞ്ചിരി തങ്ങിനിൽപുണ്ടായിരുന്നു. "പിന്നെ എന്താ

ണെന്നറിയണമെങ്കിൽ അടുത്തുതന്നെ പുറത്തിറങ്ങുന്ന പരസ്യം നോക്കിയാൽ മതി. ആ പരസ്യം ഇങ്ങിനെയായിരിക്കും:

തിരക്കുള്ള ആ കമ്പാർട്ടുമെൻറിലേക്കു് ഗംഭീരനും, ക്രൂരനുമായ ടിക്കററുചെക്കർ കടന്നുവന്നു് എല്ലാവരേയും ഒന്നു നോക്കി. അവരെല്ലാം ടപ്പിയോക്കാ ചിപ്സും, ടപ്പിയോക്കാ ശക്കരഉപ്പേരിയും, വറുത്തുപ്പേരിയും ചവച്ചുകൊണ്ടു് യാത്രാക്ലേശങ്ങൾ മറന്നു് ആനന്ദം കൊള്ളുകയായിരുന്നു. അതുകണ്ടു് സംതൃപ്തനായ ടിക്കററുചെക്കർ അവരോടു് പറഞ്ഞു:

"ഈ മുറിയിലുള്ളവരെല്ലാവരും യാത്ര തുടരുവാൻ അർഹരായ ടിക്കറേറാടുകൂടിയവരായിരിക്കണമെന്നില്ല. പക്ഷേ, ടപ്പിയോക്കാകൊണ്ടു് നിർമ്മിച്ച ഭക്ഷണസാധനങ്ങൾ ഉപയോഗിച്ച് ഉന്മേഷവാന്മാരായി യാത്രചെയ്യുന്നവരാകയാൽ നിർബാധം യാത്രചെയ്യപ്പെടുവാൻ അർഹതയുള്ളവരായിരിക്കുന്നു......"

എല്ലാവരും ഉറക്കെ ചിരിച്ചു. അപ്പോഴും ഉണ്ണി കൃഷ്ണൻ പ്രസംഗിക്കുകയായിരുന്നു......

"ഇതു് ടിനോപ്പാൾ വാഷ്ചെയ്ത ഉടുപ്പുകൾ ധരിച്ച കാന്തയുടെ അനർഹമായ ക്ലാസ്സുകയററംപോലെയുള്ളതല്ലെന്നു് പറയേണ്ടതില്ലല്ലോ......"

ആളുകൾ ചിരിക്കുന്നുണ്ടായിരുന്നു. തൊട്ടാൽ പൊട്ടുമെന്നു് ശങ്കയുള്ള സുന്ദരികൾ ചുണ്ടുകൾ വായിലേ

ക്കു് മടക്കിപ്പിടിച്ച് ചിരിയടക്കാൻ ശ്രമപ്പെട്ടുകൊണ്ടിരുന്നു.

എല്ലാവരേക്കാളുമേറെ ആ പ്രസംഗത്തിൻെറ മാധുര്യമാസ്വദിക്കാൻ കഴിഞ്ഞതു് എനിക്കാണെന്നുതോന്നി. നിറയെ നേരിയ മിനുപ്പൻ കടലാസിൽ പേക്കുചെയ്ത ചിപ്സും, ശക്കരുപ്പേരിയുമുള്ള രണ്ടു കൈകളും ബഹുജനങ്ങളുടെ നേരെ മലത്തി നീട്ടിപ്പിടിച്ച് അയാൾ പ്രസംഗം തുടരുകയാണു്.

യുദ്ധകാലത്തെപ്പററി, അന്നത്തെ പട്ടിണിയെപ്പററി......പക്ഷേ, കേരളം അന്നു് പട്ടിണിയിൽനിന്നു രക്ഷപ്പെട്ടു. അതിൻെറ രഹസ്യം മരച്ചീനിക്കിഴങ്ങിൽ ഒളിച്ചുകിടക്കുകയായിരുന്നു......അയാൾ ആവേശത്തോടെ പറഞ്ഞുകൊണ്ടിരുന്നു. എല്ലാം കേൾക്കുന്നുണ്ടായിരുന്നെങ്കിലും ഉണ്ണികൃഷ്ണനെ ഒരു ടപ്പിയോക്കാ ചിപ്സ് വില്പനക്കാരനാക്കിയ സാഹചര്യങ്ങളെക്കുറിച്ചായിരുന്നു ഞാൻ ഓർത്തുകൊണ്ടിരുന്നതു് ......

കപ്പൽ ഒരു നീണ്ട വിദേശയാത്രയും കഴിഞ്ഞു തിരിച്ചെത്തിയതിൻെറ പിറേറദിവസം......

കപ്പലിൻെറ ക്വാർട്ടർ ഡക്ക് ഭംഗിയായി അലങ്കരിച്ചിട്ടുണ്ടു്. വെള്ളനിറമുള്ള ക്യാൻവാസ് തുണികൊണ്ടു് ഒരു പന്തൽ നിമ്മിച്ചിരിക്കുന്നു. ചുകപ്പും വെള്ളയും നിറമുള്ള കൊടികൾ അതിൻെറ ശാസ്ത്രീയമായ രീതിയിൽ തൂക്കിയിട്ടിരിക്കുന്നു. വണ്ണവൈവിദ്ധ്യമുള്ള വിദ്യുത്ഗോളങ്ങളും ഭംഗിയുള്ള ബലൂണുകളും കാററിൽ

ന്നുത്തം വസ്സുകയാണ്. കുഷ്യൻ കസേരകളും കൊച്ചു കൊച്ചു മേശകളും ഭംഗിയായി നിരത്തിവെച്ചിട്ടുണ്ട്.

സന്ധ്യകഴിഞ്ഞു ഇരുൾ പരന്നു തുടങ്ങിയപ്പോൾ കപ്പലിലേക്ക് പൂന്തോപ്പുകൾ ഒഴുകിക്കൊണ്ടിരുന്നു. കപ്പാട്ടർഡക്ക് മനോഹരങ്ങളായ സംഭാഷണങ്ങളുടെയും, പൊട്ടിച്ചിരികളുടെയും, പരിമളത്തിൻെറയും ലോകമായിരിക്കയാണ്.

എല്ലാം ഒരുങ്ങിക്കഴിഞ്ഞു. ബീരിൻെറയും ബ്രാണ്ടിയുടെയും രൂക്ഷമായ മണം ഉയൎന്നുതുടങ്ങി.

ബേൻഡ് മുഴങ്ങി. എല്ലാവരും എഴുന്നേററു. എല്ലാവരും ശക്തിയുള്ള കാററിൽപെട്ടുപോയ ഒരു പൂന്തോട്ടംപോലെ അവിടെ എന്തെന്നില്ലാത്ത ഒരു ചലനമുണ്ടായി. താളങ്ങൾക്കൊത്ത് ആ ചലനങ്ങൾ തുടരുകയാണ്. അതൊരു ചുഴലിയുള്ള ഒഴുക്കായിരുന്നു. ആ ഒഴുക്കിന്നു പൌഡറിൻെറയും, കുന്തളതൈലത്തിന്റെയും ഗന്ധമുണ്ട്. ബ്രാണ്ടിയുടെയും. ബീരിൻെറയും രൂക്ഷമായ മണവും. അവരുടെ ചുണ്ടുകളിൽ ആനന്ദത്തിൻെറ നനവുണ്ട്. കണ്ണുകൾ അൎദ്ധനിമീലിതങ്ങളാണ്......

അവരെ മദ്യംകുടിപ്പിച്ച് സ്ററുവേർഡ്മാർ അപ്പോൾ വിശ്രമിക്കുകയാണ്. അവരുടെ കണ്ണുകൾ ആ പൂന്തോപ്പിൻെറ ചലനങ്ങളിൽ തറച്ചുനിന്നു. മനസ്സിൽ ശക്തിയുള്ള ബേൻഡ് അടികൾ മുഴങ്ങി. അപ്പോൾ അവർ പല മനോരാജ്യങ്ങളും ആലോചിക്കുകയാണ്, പുറംരാജ്യങ്ങളിൽ അവരും അങ്ങനെ സ്വതന്ത്രമായി കു

ടിക്കുകയും, നൃത്തം ചെയ്യുകയും ചെയ്തിരുന്നു. തൊലി വെളുത്ത യൂറോപ്യൻ സ്ത്രീകളുടെ ഒതുങ്ങിയ അരക്കെട്ടിൽ കൈ ചുററി അങ്ങിനെ നൃത്തംവെക്കുമ്പോൾ ചിറകുകൾ ഉണ്ടെന്നു് തോന്നിയിരുന്നു......

അങ്ങിനെ മാധുര്യമുള്ള ഓർമ്മകളിൽ മുഴുകിയിരിക്കുമ്പോൾ അവിടെ നൃത്തം അവസാനിക്കുകയാണു്. പിന്നെ തിരക്കായി. ബ്രാണ്ടി...ബീർ...ക്രഷ്...

വീണ്ടും ബേൻഡ് മുഴങ്ങി; നൃത്തം തുടങ്ങി. ഉറവെട്ടുകുന്ന ഓർമ്മകളോട്ടുകൂടി അവർ വിശ്രമിച്ചു......

ഉണ്ണികൃഷ്ണനു് അത്തരം കാര്യങ്ങളെക്കുറിച്ചു ചിന്തിന്തിക്കാൻ ഒന്നുമില്ലായിരുന്നു. അയാൾ പുറംരാജ്യങ്ങളിൽ നൃത്തം ചെയ്തിരുന്നില്ല. ജീവിതത്തിലൊരിക്കലും മറെറാരു പെണ്ണിന്റെ അരക്കെട്ടിൽ കൈചുററി കണ്ണുകളിലേക്കു് ആശകളോടെ ഉററുനോക്കി നൃത്തം വെയ്ക്കുവാൻ അയാൾക്കു മനസ്സുവന്നിട്ടില്ല.

പുറംനാട്ടുകളിലൊരിടത്തുവെച്ച് സുന്ദരിയായ ഒരു സ്ത്രീ അയാളുടെ കൈകൾ കടന്നുപിടിച്ച് ക്ഷണിച്ചിട്ടുണ്ടു്. അന്നു മുഴുവൻ അയാൾക്കു് ഉറക്കം വന്നിരുന്നില്ല. ഹൃദയമുള്ള ഒരു ഭർത്താവ് ഇതിനൊക്കെ മിനക്കെട്ടുമോ? എന്നയാൾ സ്നേഹിതന്മാരോട് ചോദിക്കാറുണ്ടു്. കണ്ണെത്താത്ത നാട്ടിൽ കണ്ണീരും നിശ്വാസവുമായി ജീവിക്കുന്ന ഭാര്യയാണു് എന്നും അയാളുടെ മുമ്പിൽ. അവളുടെ ഓർമ്മകൾ അയാളെ മനുഷ്യനാക്കുന്നതായി അ

യാൾ വിശ്വസിക്കുകയും, ആ ഭാഗ്യത്തെക്കുറിച്ച് മററുള്ള വരോട്ട് അയാൾ പറയുകയും ചെയ്യും.

എന്നിട്ടും ഉണ്ണിക്കൃഷ്ണന് ഇത്തവണ സഹിക്കാൻ കഴിവുണ്ടായില്ല. ഇത്തരം നൃത്തങ്ങളുടെ മുമ്പിൽ പല തവണ ബ്രാണ്ടിക്കുപ്പിയുമായി നില്ക്കേണ്ടിവന്നപ്പോഴൊന്നും ഉണ്ടായിട്ടില്ലാത്ത ഒരാവേശം.

എല്ലാം അവസാനിച്ചു. കൊടുങ്കാററിൽ പെട്ടു പോയ ഒരു പൂന്തോട്ടംപോലെ ആ ക്വാർട്ടർഡക്ക് ശൂന്യമായി. അർദ്ധരാത്രി കഴിഞ്ഞിരുന്നു. എല്ലാവരും കിടന്നു. എല്ലാവർക്കും നല്ല ക്ഷീണമുണ്ടായിരുന്നു. ഡക്കിൽ ആകാശത്തിലേക്കു് നോക്കി ഉണ്ണിക്കൃഷ്ണൻ മലർന്നു കിടന്നു; ഉറക്കം വന്നില്ല. തലച്ചോറിൽ കൊടുങ്കാററടിച്ചു. മനസ്സ് വല്ലാതെ ചലിച്ചു. ഒന്നിൻെറ മാത്രം ലക്ഷ്യത്തിലേക്കു് നോക്കി അയാൾ എല്ലാം മറന്നു. ഒടുവിൽ അയാൾ ധൃതിപ്പെട്ട് എഴുന്നേററ് മെസ്സ് ഡക്കിൽ ചെന്നു് ലോക്കർ തുറന്നു് കടലാസ്സും പെന്നുമെടുത്തു് ഉടനെ ഒരപേക്ഷയെഴുതി. ഒന്നിലും ഒരു സംശയവും ഉണ്ടായില്ലാ. നേരെ പോയതു് ക്യാപ്ടൻെറ കേബിനിന്നടുത്തേക്കായിരുന്നു. അവിടെ അല്പമെങ്കിലും സംശയിച്ചു നിന്നില്ലാ. അടച്ചിട്ട വാതിലിന്നു തുടരെത്തുടരെ മുട്ടി.

"ആരാതു്?" ദ്വേഷ്യത്തോടുകൂടി അദ്ദേഹം ചോദിക്കുകയും വിളക്കിട്ട് വാതിൽ തുറന്നു് തിരശ്ശീലനീക്കി പ്രത്യക്ഷപ്പെടുകയും ചെയ്തു. ഉണ്ണിക്കൃഷ്ണൻ അററൻഷനായി നില്ക്കുകയാണു്. ആ ഓഫീസർ അയാളെ അടിമുടി തുറിച്ചുനോക്കീട്ട് ചോദിച്ചു:

"നിനക്കെന്താണ് വേണ്ടതു്!"

"സാർ ഒരു റികചസ്റ്റ്..."

"വാട്ട്"

"റികചസ്ററ് സാർ?"

"ആർ യു മേഡ്?"

ചെയ്യാൻ പാടില്ലാത്തതാണ് ചെയ്തതെന്നു് ചിന്തിക്കാൻകൂടി ഉണ്ണികൃഷ്ണൻെറ ഹൃദയത്തിന്നു ശക്തിയില്ലായിരുന്നു. അയാൾ പറഞ്ഞു:

"സാർ, എനിക്കു് നാളെ ലീവിന്നു് വീട്ടിൽ പോകണം സാർ, അർജൻടാണു് സാർ. അർജൻ......"

"ഗറെറൗട്ട് യൂ!"

അയാൾ ഒരു സിംഹത്തെപ്പോലെ ഉണ്ണികൃഷ്ണൻെറ മുഖത്തേക്കു് നോക്കി. എന്നിട്ടു്, അടക്കവയ്യാത്ത രോഷത്തോടെ ഫോണെടുത്തു...

ഒരു നിമിഷംകൊണ്ടു് അവിടെ, ഡ്യൂട്ടി ഓഫീസറും, കചാർട്ടർമാസ്റ്ററും എല്ലാം എത്തി. ഉണ്ണികൃഷ്ണൻ എല്ലാവരേയും ഭീതിയോടെ മാറി മാറി നോക്കി.

ആരൊക്കെയോ എന്തൊക്കയോ ചോദ്യങ്ങൾ ചോദിച്ചു. അയാൾ വിഭ്രമത്തോടും പരിഭ്രമത്തോടുംകൂടിയും പറയാൻ ശ്രമിച്ചു.

"എനി...ക്ക് ...ലീ...വ്"

"സാരമായ എന്തോ തകരാറുണ്ട്" ആരോ അഭിപ്രായപ്പെട്ടു.

ആ കണ്ണുകളിൽ അവർ തകരാറുകൾ കണ്ടുപിടിച്ചു. ആ ഭാവത്തിലും സംസാരത്തിലുമെല്ലാം തകരാറുകളുണ്ടെന്നു് അവരെല്ലാം മനസ്സിലാക്കി. ആ വിശ്വാസത്തോടുകൂടി ആരോ ചോദിച്ചതായി ഉണ്ണികൃഷ്ണൻ കേട്ടു.

"ഇപ്പോൾ രാത്രിയോ പകലോ"

ആ ചോദ്യത്തിൻെറമുമ്പിൽ ഉണ്ണികൃഷ്ണൻ ഗംഭീരമായി ഞെട്ടിപ്പോയി! അയാൾ അവരെയെല്ലാം നിസ്സാഹായതയോടെ മാറിമാറിനോക്കി,

ഒടുവിൽ രണ്ടു സെൻട്രികളുടെ നടുവിൽ അയാൾക്കു് ഡോക്ടരുടെ മുമ്പിൽ ചെന്നു നില്ക്കേണ്ടിവന്നു.

അന്നു രാത്രി മുഴവൻഉണ്ണികൃഷ്ണനു് ഉറങ്ങാൻ കഴിഞ്ഞില്ല. രണ്ടു കാവൽക്കാരുടെ നടുവിൽ മിണ്ടാതെ അനങ്ങാതെ കിടന്നു് അയാൾ നേരം പുലർത്തി.

പ്രഭാതത്തിൽ ചോദ്യങ്ങളുമായി വീണ്ടും മേലുദ്യോഗസ്ഥന്മാർ വന്നു. ഉണ്ണികൃഷ്ണൻ ഒന്നും കേട്ടതായൊ ആരെയും കണ്ടതായൊ നടിച്ചില്ലാ. നിശ്ചലങ്ങളായ കണ്ണുകളോടുകൂടി അയാൾ അകലത്തേക്കു് നോക്കിയിരുന്നു. ആ ഹൃദയത്തിൽ എന്തെന്നില്ലാത്ത വികാരങ്ങളുടെ ശക്തിയുള്ള സമ്മർദ്ദനം സംഭവിക്കുകയായിരുന്നു.

അങ്ങനെ അയാൾ, തികഞ്ഞ ഒരു ബുദ്ധിഭ്രമക്കാരനായി പ്രഖ്യാപിക്കപ്പെട്ടു. അവക്കുള്ള ആശുപത്രിയിലേക്ക് അയാളെ അയക്കുകയും ചെയ്തു.

എല്ലാവരേയും ആ സംഭവം വല്ലാതെ വേദനിപ്പിച്ചു. കാരണം, അയാൾ ഒരു നല്ല മനുഷ്യനായിരുന്നു. ഒടുവിൽ, ഉണ്ണികൃഷ്ണൻ ബോർഡൌട്ടായി. അങ്ങിനെ നൃത്തത്തിൻെറയും മദ്യത്തിൻെറയും ലഹരി പിടിച്ച രംഗത്തിൽനിന്ന് അയാൾ ശാന്തമായ അയാളുടെ വീട്ടിലേക്ക് പോയി.

"എനിക്കെല്ലാം വിററുതീക്കണം. ഇന്നെൻെറ കുടുംബത്തിൽ പട്ടിണി പാടില്ലെങ്കിൽ ഇതെല്ലാം വില്ക്കാതെ നിവൃത്തിയില്ല" ഉണ്ണികൃഷ്ണൻ പ്രസംഗം തുടരുകയായിരുന്നു. അതൊരപേക്ഷയായിരുന്നില്ല. ആ മുഖം പ്രസന്നമായിരുന്നു. ചുണ്ടുകളിൽ പുഞ്ചിരിയുണ്ട്. കഷ്ടപ്പാടുകളും, നിരാശയും ജീവിതത്തിലുണ്ടായിരിക്കാം. പക്ഷെ, അയാൾ അതിൻെറ നിഴലുകളെ ആ മുഖത്ത് നിരത്തി വെച്ചില്ല. കൈകൾ നിറയെ പേക്കററുകൾ നീട്ടിപിടിച്ചുകൊണ്ട് അയാൾ പറഞ്ഞു:

"ആവശ്യക്കാൎക്ക് വാങ്ങി പരിശോധിക്കാം. ഇതു നമ്മുടെ ജീവൻെറ ഒരംശമാണ്!"

പക്ഷേ ആരും ആവശ്യക്കാരായിരുന്നില്ല.

വണ്ടി നിന്നു.

"ആൎക്കും വേണ്ടല്ലോ"

നിരാശയുടേതല്ലാത്ത നിശ്ശബ്ദമായ ഒരു ചിരിയോടുകൂടി അയാൾ പേക്കററുകൾ സഞ്ചിയിൽ നിക്ഷേപിച്ചു. ആ രംഗം എന്നെ വല്ലാതെ വേദനിപ്പിച്ചുകളഞ്ഞു.

"ദേ, ഒരു പേക്കററ്" എന്നു പറയാൻ തുടങ്ങും മുമ്പ് അയാൾ വാതിൽ തുറന്നു പുറത്ത് കടന്നുകഴിഞ്ഞിരിക്കുന്നു.

"ഇന്നെൻെറ കുടുംബത്തിൽ പട്ടിണി പാടില്ലെങ്കിൽ!"

ധർമ്മബോധത്തിൻെറ ആ അലയടി കമ്പാർട്ടുമെൻറിലെങ്ങും മുഴങ്ങി കേൾക്കുന്നതായെനിക്കു തോന്നി.

ഒരു നാലണത്തുട്ട് കൈവിരലുകൾക്കിടയിൽ ഇറുക്കിപ്പിടിച്ച് ജനാലയ്ക്കരുകിൽ ചെന്നുനിന്ന് പ്ലാററുഫാമിലെ ജനത്തിരക്കിൽ ഞാനയാളെ തിരഞ്ഞു. അയാൾ മറെറാരു മുറിക്കുമുമ്പിലേക്ക് നീങ്ങുകയായിരുന്നു.

"ഉണ്ണികൃഷ്ണാ—!" ഞാൻ വിളിച്ചു. അയാൾ ഞെട്ടിത്തിരിഞ്ഞു നോക്കി.

"രണ്ടു പാക്കററ്......" വിരലുകൾക്കിടയിൽ പിടിച്ച നാലണ നാണ്യം നീട്ടിക്കൊണ്ട് പറഞ്ഞു. അയാൾ സഞ്ചിയിൽ കയ്യിട്ട് പേക്കററുകളുമായി തിരക്കിവന്നു. ആ കണ്ണുകൾ ഒന്നു വിടന്നു; വാ പകുതി പിളന്നു. ഒരു നിമിഷം! ആ കണ്ണുകൾ പ്രകാശിച്ചു. ആശ്ചര്യത്തോടുകൂടി ചിരിച്ചുകൊണ്ടയാൾ ചോദിച്ചു:

"നിങ്ങളിപ്പോൾ?"

അയാൾ എന്റെ കൈകൾ കൂട്ടിപ്പിടിച്ച് മുഖത്തേക്ക് സന്തോഷത്തോടെ നോക്കി. വല്ലതും പറയുന്നതിനുമുമ്പ് വണ്ടി ചൂളംവിളിച്ചു മെല്ലെ നീങ്ങി. അയാൾ ആ രണ്ടു പേക്കററുകൾ കയ്യിൽ തന്നുകൊണ്ട് നീങ്ങുന്ന വണ്ടിയോടൊപ്പം മുന്നോട്ടുനടന്നു് പറഞ്ഞു:

"ഞാൻ ഈ മുറിയിൽ കയറാം." വണ്ടിയുടെ വേഗത കൂട്ടുകയാണ്.

"ഒരു കുടുംബത്തിൽ പട്ടിണി പാടില്ലെങ്കിൽ...."

ആ ശബ്ദം വീണ്ടും മനസ്സിൽ മുഴങ്ങി.

"വേണ്ട ഉണ്ണികൃഷ്ണാ; സാധനങ്ങൾ വിൽക്കൂ."

അയാൾ എന്റെ കണ്ണുകളിലേക്ക് ഉററുനോക്കി നിശ്ശബ്ദമായി ചിരിച്ചു. ആ ചിരി താങ്ങാനാകാത്ത കഷ്ടപ്പാടുകളുടെ വേദനയുള്ള കഥ പറയുന്നതായി എനിക്കു തോന്നി. അയാൾക്ക് വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു.

വണ്ടിക്ക് വേഗത കൂട്ടുകയാണ്.

"നമുക്ക് പിന്നെക്കാണാം" ഞാൻ പറഞ്ഞു. വിരലിന്നുള്ളിലെ നാണ്യത്തിലേക്കുനോക്കി വേദനയുള്ള ആ ചിരിയോടുകൂടിത്തന്നെ അയാൾ പറഞ്ഞു:

"അതവിടെ വെച്ചോളൂ."

ഞങ്ങളുടെ കൈകൾ വേർപെട്ടു. അടുത്തുവന്ന മറെറാരു കമ്പാർട്ടുമെൻറിൻെറ ചവിട്ടുപടികളിൽ കയറിനിന്നു് ചിരിച്ചുകൊണ്ടുതന്നെ അയാൾ പറഞ്ഞു:

"ഇനിയും കാണണം."

അയാൾ വാതിൽ തുറന്നു് ഉള്ളിലേക്കു കടന്നുപോയപ്പോൾ മനസ്സിലെവിടെയൊ എന്തോ ചില നൊമ്പരങ്ങൾ അനുഭവപ്പെട്ടുകയായിരുന്നു.

# നീ എന്നെ മനുഷ്യനാക്കുകയാണു്!

ധൃതിയിൽ ജോലിചെയ്തുകൊണ്ടിരിക്കുമ്പോഴാണു് കത്തു് കിട്ടിയതു്. ഇടത്തോട്ടു് ചെരിഞ്ഞു് അത്ര ഭംഗിയില്ലാത്ത മേൽവിലാസം കണ്ടപ്പോൾതന്നെ മീനയുടേതാണെന്നു് മനസ്സിലായി. പിന്നെ നല്ല കനവുമുണ്ടു്. കനമുള്ള കത്താണെങ്കിൽ അവളുടേതുതന്നെ. നാലോ അഞ്ചോ നീണ്ട പേജുകൾ ഉണ്ടായിരിക്കും. അതു് നിവത്തി വായിക്കുമ്പോൾ വിവാഹിതരായ സ്നേഹിതന്മാർ ചോദിക്കാറുണ്ടു്:

''ഇതു് കത്തോ, കഥയോ മിസ്റ്ററേ—?''

മെല്ലെ ഒന്നു് പുഞ്ചിരിച്ചുകൊണ്ടു് കൃഷ്ണൻകുട്ടി വായന തുടരുകയേയുള്ളു. മറുപടി എഴുതുമ്പോഴും അഞ്ചാറു പേജുകൾ ഉണ്ടായിരിക്കും. വിവാഹിതരായ കൂട്ടുകാ

ക്ക് ആശ്ചര്യമാണ്. അപ്പോൾ കൃഷ്ണൻകുട്ടിക്കുതന്നെ തോന്നാറുണ്ട്:

"ഇത്രയൊക്കെ എഴുതാൻ എങ്ങിനെയാണ് കഴിയുന്നതു്?"

കഴിഞ്ഞ ഏഴു വർഷങ്ങളായി എഴുതാൻ തുടങ്ങിയതാണ്. എന്നിട്ടും എഴുതാനുള്ള വിഷയങ്ങൾ കൂടുന്നതേയുള്ളു. അവൾ പറയാറുണ്ട്:

"മറെറാന്നുമല്ലെങ്കിലും ഒരുപാട് വലിയ കത്ത് അയച്ചുകിട്ട്യാൽ മതി—" കൃഷ്ണൻകുട്ടിയുടേയും ആഗ്രഹം അതുതന്നെയാണ്.

അതുകൊണ്ട് ആ രണ്ട് ജീവിതങ്ങൾ വേദനപ്പെടാതെ മുന്നോട്ടുപോകുന്നു.

പത്തുപന്ത്രണ്ട് ദിവസങ്ങളായി കപ്പൽ കടലിൽ തന്നെയായിരുന്നു. അതുകൊണ്ട് കത്ത് കിട്ടിയിരുന്നില്ല. തുറമുഖത്തെത്തിയപ്പോൾ കിട്ടിയ ആദ്യത്തെ കത്താണ്. എന്നിട്ടും പൊളിച്ച് വായിക്കാൻ കഴിഞ്ഞില്ല. ഡ്യൂട്ടിയിലായിരുന്നു. ഡ്യൂട്ടിയിലിരിക്കുമ്പോൾ കത്തും പുസ്തകങ്ങളും വായിക്കാൻ പാടില്ല എന്നാണ്. അതുകൊണ്ട് ഡ്യൂട്ടിയെ ശപിച്ചുകൊണ്ടു കത്തു കീശയിൽ വെച്ചു. അപ്പോൾ മനസ്സും കീശയിലേക്കു നൂണുപോയതായി കൃഷ്ണൻകുട്ടിക്കു തോന്നി. എങ്ങിനെയെങ്കിലും രണ്ട് മണിക്കൂറുകൾ കഴിക്കണം. ജോലി ചെയ്യുമ്പോൾ ചിന്ത കത്തിനെപ്പററിയായിരുന്നു. എന്തൊക്കെയായിരിക്കും അവൾ എഴുതിയിരിക്കുക?

ജോലികഴിഞ്ഞു മെസ്സ്ഡക്കിലേക്കു പോയി. അപ്പോഴും കത്ത് വായിക്കാൻ കഴിഞ്ഞില്ല. മുഖത്തും കൈകളിലുമെല്ലാം അഴുക്കുപററിയപോലെ. ഉപ്പുകാറേററതുകൊണ്ടാണു്. സുഖമായൊന്നു കുളിക്കുക; ഉടുപ്പുകൾ മാററുക, എന്നിട്ട് വായന തുടങ്ങുന്നതു് ഒരു സുഖംതന്നെയാണു്.

കുളി കഴിഞ്ഞു; മുടി ചീകി. മുഖത്ത് അല്പം പൗഡർകൂടി പുരട്ടിയപ്പോൾ അനല്പമായ സുഖം തോന്നി. അപ്പോൾ ഒരു സിഗരററ് ആവശ്യമാണു്. ടിന്നിൽ നോക്കിയപ്പോൾ സിഗരററ് ഇല്ല. കേൻടീൻ തുറന്നിട്ടുണ്ട, ഒരു ടിൻ ഗോൾഡ്ഫ്ളേയിക്ക് സിഗരററുവാങ്ങി. ഒന്നെടുത്ത് കത്തിച്ചു വലിച്ചപ്പോൾ തൻെറ മുറിയിലെ വിരിച്ചിട്ട കട്ടിലിൽ അവളോടൊപ്പം ഇരിക്കുന്നതായി അനുഭവപ്പെട്ടു......

കത്തു പൊളിച്ചു; നല്ല കനമുണ്ട്. എടുത്ത് നിവർത്തിയപ്പോൾ...ഓ, അന്തരംഗത്തിൽ ഒരു ചെന്താമരപ്പൂ വിടരുന്നുണ്ടോ എന്നു തോന്നി. കൊച്ചുമോൻ വിനുവിൻെറ ഫോട്ടോ. വെറും നിലത്ത് കമിഴ്ന്നുകിടന്നു തലയുയർത്തിപ്പിടിച്ച് ഉല്ലാസയോടെ നോക്കുന്നു. എത്ര നേരം അങ്ങിനെ ആ ചിത്രത്തിലേക്ക് നോക്കിയിരുന്നെന്നറിഞ്ഞുകൂട. ഹൃദയം ഒരു ചെന്താമരപ്പൊയ്കയായി മാറുകയായിരുന്നു. മനോഹരമായ ആ കൊച്ചുമുഖത്തേക്ക് അങ്ങിനെ നോക്കിയിരുന്നപ്പോൾ...എന്തെല്ലാം എന്തെല്ലാം വികാരങ്ങളായിരുന്നു. കണ്ണുകൾ നനയുന്നപോലെ...നിരവധി സ്മരണയൾ ഹൃദയത്തെ കിക്കിളിപ്പെടു

ത്തി. ആ പിഞ്ചുമുഖത്തു് ഒന്നമർത്തി ചുംബിച്ചപ്പോൾ രോമാഞ്ചമുണ്ടായി.

ഫോട്ടോ കവറിൽ വെച്ചിട്ടു് കത്തു് വായിക്കാൻ തുടങ്ങി.

പ്രിയപ്പെട്ട ജീവിതേശാ—!

ദാഹിച്ചു പൊരിയുമ്പോൾ ഒരു ഇളന്നീർ മോന്തി കുടിച്ചപോലെ തോന്നി.

പ്രിയപ്പെട്ട ജീവിതേശാ—!

വളരെ വളരെ എഴുതീട്ടുണ്ടു്. എല്ലാം ഉപദേശങ്ങളാണു്. വിവാഹിതരായ സ്നേഹിതരുടെ വിചാരം പ്രണയലേഖനമാണെന്നാണു്. "......ഇതാ, എല്ലാററിലും വളരെ സൂക്ഷ്മതവേണം കെട്ടോ. രാത്രിയിൽ ഉറങ്ങുമ്പോഴും മററും പ്രത്യേകം ഓർമ്മവേണം. മഴയും കാററുമൊക്കെയുള്ള കാലമാണു്. കപ്പലിൻെറ വക്കിലും മററും ചെന്നു കിടക്കരുതേ? രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ ഇങ്ങനെ ഓരോന്നു് ഓർത്തോർത്തു് ദേഹവും മനസ്സും പുകഞ്ഞുംകൊണ്ടു് കഴിക്കുകയാണു് ഞാൻ......"

ആ വരികളിൽത്തന്നെ വീണ്ടും വീണ്ടും കണ്ണോടിച്ചു് കൃഷ്ണൻകുട്ടി വളരെനേരം തരിച്ചിരുന്നുപോയി......

മഴയും കാററുംകൊണ്ടു് ക്ഷോഭിച്ച കടൽ...ഇരുളണ്ട രാത്രി. ഊക്കനുക്കൻ തിരമാലകൾ ഉയന്നുവരു

ന്നു. കടൽ അലറുകയാണു്! കപ്പൽ ആടുകയും ചാടു കയും ചെയ്യുന്നു.......

നാഴികകൾക്കപ്പുറത്തുള്ള കൊച്ചുവീട്ടിലെ മുറി യിൽ ഉറക്കംവരാതെ കിടന്നു് അവൾ ഓക്കുകയായിരി ക്കും. തീച്ച്യയായും അവൾ കിടുകിടാ വിറച്ചുപോകും. ആടിമറിയുന്ന കപ്പലിൻെറ വക്കിൽ കിടക്കുകയാണെ ങ്കിൽ...അങ്ങിനെ ആ അലയാഴിയിലേക്കു് ആരാരുമറി യാതെ മറിഞ്ഞുവീഴുകയാണെങ്കിൽ......ഓ, അവൾ ജീ വിക്കുന്ന ഓരോ നിമിഷവും എത്ര ഭയങ്കരങ്ങൾ! അവ ളുടെ ആ അസ്വസ്ഥതയെപ്പററി ഓത്തപ്പോൾ കൃഷ്ണൻകു ട്ടിയുടെ ഹൃദയത്തിന്നു മുറിവ് പററുന്നു! കണ്ണെത്താത്ത രണ്ടു സ്ഥാനങ്ങളിലിരുന്നു് രണ്ടു ജീവിതങ്ങൾ പൊരി യുകയാണു്!

അവൾ വീണ്ടും എഴുതുന്നു:

"നല്ല തണുപ്പില്ലേ അവിടെ? വിരിക്കാനും പുത ക്കാനും ഉണ്ടോ? എൻെറ പൊന്നെ. ആ കാര്യമൊക്കെ ഓത്തിട്ടു് ഈ മഴയത്തും തണുപ്പിലും എനിക്കൊന്നു പുത ക്കാൻകൂടി തോന്നാറില്ല......"

കൃഷ്ണൻകുട്ടി വേദനയോടുകൂടി ഒന്നു പുഞ്ചിരിച്ചു. നേരല്ലേ?

ഒന്നും വിരിക്കാതെ ഒരു വീതികുറഞ്ഞ കുഷ്യൻ ബെഞ്ചിലാണു് കുറെ ദിവസമായി കിടക്കുന്നതു്. ഇ ല്ലാഞ്ഞിട്ടല്ല, ഒന്നു കിടന്നുറങ്ങാൻ ശ്രമിച്ചതിൻെറ ഫല

മാണ്. നല്ല ചൂട്ടതോന്നി. മുറിയിൽ കിടക്കാൻ പ്രയാസമായിരുന്നു. അതുകൊണ്ട് ബെഡ്ഡിങ്ങുമെട്ടത്തു് മുകൾത്തട്ടിലേക്കു പോയി. അവിടെയും സ്ഥലമില്ലായിരുന്നു. ഒന്നു തലചായ്ക്കണം...ബെഡ്ഡിങ്ങും വഹിച്ച് അങ്ങുമിങ്ങും ചുററിനടന്നു. എത്രനേരം നടക്കാം. ഒട്ടവിൽ ഒരിടത്തു് ബെഡ്ഡ് നിവത്തി. കപ്പൽ വല്ലാതെ ഉയരുകയും താഴുകയും ചെയ്യുന്നുണ്ടായിരുന്നു. തലക്ക് വല്ലാതെ കനമുണ്ട്. വലിയ വലിയ തിരമാലകൾ കപ്പലിൽ പ്ലേ-പ്ലേ എന്ന് വന്നടിക്കുന്ന ശബ്ദം കേൾക്കുമ്പോൾ മനംപുരട്ടുന്നുണ്ടായിരുന്നു. വളരെ സമയത്തിന്നുശേഷം ഒന്നു മയങ്ങാൻ തുടങ്ങിയപ്പോൾ......കപ്പൽ ഭയങ്കരമായി ഒന്നുയൻ്റു, പിന്നെ അങ്ങ് താണു. അതോടൊപ്പം ഒരു വലിയ വെള്ളപ്പൊക്കമൊണ്ടായതു്. മുകൾത്തട്ടു മുഴവൻ വെള്ളത്തിൽ മുങ്ങിയപോലെ. ഭംഗിയായി ഒന്നു കുളിച്ചു തട്ടിപ്പിടഞ്ഞെഴുന്നേററ് ബെഡ്ഡിങ്ങും വാരിയെട്ടത്തു് എങ്ങോട്ടെന്നില്ലാതെ ഓടി. എല്ലാം നനഞ്ഞു; ഉപ്പുവെള്ളമാണ്. അങ്ങിനെ കിടക്കാനും പുതക്കാനുമുള്ളതെല്ലാം അതേപടി ഒരിടത്തു് ചുരുട്ടിവെച്ചിരിക്കയാണ്. അതെല്ലാം ഒന്നു ശരിയാക്കണമെങ്കിൽ കുറേ പണിയുണ്ട്. സമയവുമില്ല; ഉള്ള സമയത്തു് അല്പം വിശ്രമിക്കാനേ തോന്നൂ. ഉറക്കം വരുമ്പോൾ എവിടെയെങ്കിലുമൊന്നു കിടക്കണം. ഉറങ്ങുകയാണ് ആവശ്യമെങ്കിൽ അതിനു് മണിമാളികയും പട്ടമെത്തയും ഒരാവശ്യമല്ലെന്ന തത്വശാസ്ത്രം മുന്നിൽ ഉണ്ട്. അതുകൊണ്ട് വീതികുറഞ്ഞ കുഷ്യൻബെഞ്ചിൽ മലൻ്റു കിടക്കും. പിന്നെ പുതക്കുന്ന കാര്യം. ഓ, ലോകത്തിൽ എത്ര മനുഷ്യന്മാർ തണുപ്പ് സഹിക്കുന്നു!

ഏതായാലും ഒന്നു് പരമാത്ഥമാണു്. കഴിഞ്ഞ പന്ത്രണ്ടുവഷത്തെ ജീവിതം ചിലതൊക്കെ പഠിപ്പിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഏതു് പരിതഃസ്ഥിതിയിലും ഹൃദയം നോവാതെ ജീവിക്കാം......

അങ്ങനെ വിരിക്കാനും പൊതക്കാനുമില്ലാത്ത തനിക്കുവേണ്ടി അവ⟨?⟩ വിരിക്കുകയും പുതക്കുകയും ചെയ്യാതെ കഷ്ടപ്പെടുന്ന കാര്യമോത്തപ്പോൾ......കൃഷ്ണൻകുട്ടി മെല്ലെ വിളിച്ചുപോയി.

"എൻെറ കരളേ—!"

നനയാൻ തുടങ്ങുന്ന കണ്ണുകൾ തുടച്ച് കൃഷ്ണൻകുട്ടി വായന തുടന്നു:

"......വിനുമോൻെറ ഫോട്ടോ ഇതാ അയക്കുന്നു. കണ്ടില്ലെ വികൃതിയെ...ഓ എന്തു വികൃതിയാണെന്നോ. അച്ഛൻെറ മോനല്ലേ. ആ കണ്ണുകൾ കണ്ടില്ലെ? ആളുകളെ സുയ്യാക്കുന്ന ആ കണ്ണുകൾ......"

കൃഷ്ണൻകുട്ടി ലക്കോട്ടിൽനിന്നു് വീണ്ടും ആ ഫോട്ടോ എടുത്തുനോക്കി. അപ്പോൾ വീണ്ടും മനസ്സിൽ തങ്ങിനിന്ന എല്ലാ വേദനകളും നീങ്ങിയതായി തോന്നി.

കമിഴ്ന്നുകിടന്നു് തലയുയത്തിപ്പിടിച്ച് ഉല്ക്കണ്ഠയോടുകൂടിയുള്ള ആ നോട്ടം നേരാണു്. ആ കണ്ണുകൾ എത്ര മനോഹരങ്ങളാണു്. അതു് ആളുകളെ സുയ്യാക്കുന്ന കണ്ണുകളാണോ? ഓത്തപ്പോൾ അറിയാതെ ചിരിച്ചുപോയി.

ആ താടിയും, നെററിയും, ചുണ്ടുകളുമെല്ലാം കാണു മ്പോൾ ഹൃദയത്തിന്നു വല്ലാതെ ദാഹിക്കുന്നതുപോലെ. സദാ പുഞ്ചിരിക്കുന്ന ആ ചുണ്ടുകൾ അവളുടേതുതന്നെ യാണു്!

വളരെനേരത്തോളം ആ മുഖത്തേക്കു് അങ്ങിനെ നോക്കിയിരുന്നപ്പോൾ കൃഷ്ണൻകുട്ടി വിചാരിച്ചു:

"ബന്ധങ്ങൾ വളരുകയാണു്!"

അപ്പോൾ അവനെ വാരിയെടുത്തു് ചുംബിക്കണ മെന്നുതോന്നി. അവനെ ഒരിക്കൽ മാത്രമേ കണ്ടിട്ടുള്ളു. ആറുമാസങ്ങൾക്കുമുമ്പു്. അതിന്നുശേഷം അവൻ മിടു ക്കനായി വളൎന്നിരിക്കുന്നു. ഇനിയും ഏഴോ എട്ടോ മാ സങ്ങൾ കഴിഞ്ഞേ ഒന്നു കാണാൻ കഴിയുകയുള്ളു......

വലിയ മോന്നു് എപ്പോഴും അച്ഛനെപ്പററി മാത്ര മേ ചിന്തയുള്ളു. ഇന്നലെ എന്നോടു പറയുകയാണു്:

"അമ്മേ, എനിക്കു് അച്ഛനെ അച്ഛനെ ഒന്നു കാ ണണം അമ്മേ—!"

ഞാൻ കരഞ്ഞുപോയി. എപ്പോഴും എന്തോ ആ ലോചിക്കുന്നപോലെയാണു്. അവിടെയും ഇവിടെയും ഒററയായി പോയിനില്ക്കും. അവന്റെ കാര്യമോൎക്കുമ്പോ ഴാണു് സഹിച്ചുകൂടാത്തതു്.

മഴയത്തു് നനഞ്ഞ് ഒരു കോഴി ഇറയത്തു് വന്നു് അനങ്ങാതെ നില്ക്കുകയായിരുന്നു. അവൻ വളരെനേരം

അതിനെത്തന്നെ നോക്കിനിന്നു. എന്നിട്ട് അമ്മയെ വിളിച്ചു ചോദിക്കുകയാണ്: "അച്ചമ്മേ, ആ കോഴീടെ അച്ഛൻ എവിട്യാ അച്ചമ്മേ? എന്നാ ആ കോഴീടെ അച്ഛൻ വര്ണത്?" എന്നിട്ട് അവൻ അമ്മയുടെ കാൽമുട്ടുകളിൽ പററിപ്പിടിച്ച് നിന്നു. അമ്മ അവനെ വാരിയെടുത്ത് ഉമ്മവെക്കുമ്പോൾ അവൻെറ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. അമ്മയും ഞാനുമൊക്കെ കരഞ്ഞുപോയി... ...

കൃഷ്ണൻകുട്ടിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഹൃദയം പൊട്ടിത്തകരുകയായിരുന്നു. അവനെപ്പററി ഓക്കുമ്പോഴെല്ലാം അങ്ങിനെ സംഭവിക്കാറുണ്ട്. നാലുവയസ്സ് മാത്രമേയുള്ളവെങ്കിലും അവൻ ഒരു വലിയ മനുഷ്യനെപ്പോലെയാണ്.

കഴിഞ്ഞ നാലു വഷളായി തൻെറ ഓരോ ചലനവും അവനെ ലക്ഷ്യമാക്കി മാത്രമാണ്. തൻെറ അനുഭവങ്ങളൊന്നും അവനു് ഉണ്ടായിക്കൂടാ. അതാണ് ജീവിതത്തിൻെറ ഉദ്ദേശം. അതിന്നുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ സന്നദ്ധനാണ്. പക്ഷേ, ചെറുപ്പന്നേ ആ കൊച്ചുഹൃദയം വേദനയിൽക്കൂടിയാണോ വളരുന്നതു? അച്ഛനെ കാണാനുള്ള അത്യാശ അവനെ വേദനിപ്പിക്കുന്നുണ്ടോ? അവനെ അങ്ങിനെ വേദനിപ്പിച്ചുകൊണ്ട് ജീവിക്കുന്നതു് പാപമല്ലേ? ഓ, എന്തൊരു ജീവിതം!

കൃഷ്ണൻകുട്ടി കിതച്ചുകൊണ്ടു് ആ വരികളിലേക്ക് വീണ്ടും നോക്കി. ഒരു കവിയെപ്പോലെ ആ കൊച്ചുമ

നുഷ്യൻ ചോദിക്കുന്നു: "അച്ഛമ്മേ, ആ കോഴീടെ അച്ഛൻ എവിടു്ാ അച്ഛമ്മേ—?"

"എന്നിട്ട് അവനെ ഒന്നു് കാണാൻ വരാൻ തോന്നുന്നില്ലല്ലോ. വല്ലാത്ത ഒരു മനസ്സ്തന്നെ."

നനഞ്ഞ കണ്ണുകളോടുകൂടി അയാൾ വളരെനേരം ചിന്താധീനനായിരുന്നു. കഷ്ടപ്പെടുന്നതിനൊന്നും അർത്ഥമില്ലാത്തപോലെ തോന്നി. അപ്പോൾ അയാൾ സ്വയം മന്ത്രിച്ചു:

"എന്റെ മീനാ നിണക്കു് ഇങ്ങനെ പറയാൻ തോന്നുന്നുവല്ലോ. എന്റെ വേദനകൾ നീ അറിയുന്നില്ലെ—?"

കണ്ണീർത്തുള്ളികൾ ഇററുവീണു നനഞ്ഞ കത്തിലേക്കു് വീണ്ടും അയാൾ കണ്ണോടിച്ചു.

"പിന്നെ എന്തൊക്കെയാണു് വിശേഷങ്ങൾ? സുഖമല്ലെ? പുതിയ പുതിയ രാജ്യങ്ങളിലേക്കല്ലേ പോകുന്നതു്? ഉം, ഉം. ആവശ്യമുള്ള എല്ലാം അവിടെ കിട്ടുമല്ലോ? എന്തായാലും ഒരുത്തി ഇങ്ങിനെ ഇവിടെ ഉരുകിയുരുകി ജീവിക്കുകയാണെന്നു് മറക്കരുതേ—"

കൃഷ്ണൻകുട്ടി ഞെട്ടിപ്പോയി. എന്താണവൾ എഴുതിയിരിക്കുന്നതു്? അങ്ങിനെ എഴുതുമ്പോൾ അവൾ വിതുമ്പി കരഞ്ഞിരിക്കും. രണ്ടു കൊച്ചു കുഞ്ഞുങ്ങളെ

ഉറക്കിക്കിടത്തി ആ കട്ടിലിൽ ചരിഞ്ഞിരുന്നുകൊണ്ടു് അവൾ ആ വരികൾ എഴുതിയ രംഗം കൃഷ്ണൻകുട്ടി വ്യക്തമായി കണ്ടു

"എന്തായാലും ഇങ്ങിനെ ഒരുത്തി ഉരുകിയുരുകി ഇവിടെ ജീവിക്കുകയാണെന്നു് മറക്കരുതേ—"

കണ്ണീരോടുകൂടി ആ വരികളിലേക്കു് അങ്ങിനെ നോക്കിയിരുന്നുകൊണ്ടു് കൃഷ്ണൻകുട്ടി നിശ്ശബ്ദമായി പിറുപിറുത്തു:

"എൻെറ പൊന്നേ, നീ എന്നെ മനുഷ്യനാക്കുകയാണു്."

# ഭീരു

കൃഷ്ണൻമാസ്റ്റർ മലന്നു കിടക്കുകയാണു്. മുകളിൽ നൂറായിരം വിദ്യുത്പങ്കകൾ വട്ടംതിരിയുന്നപോലെ തോന്നുന്നു. അനങ്ങാൻ ശക്തിയില്ല. വിറയൽ മാറിയിട്ടില്ല. ഒരു കുടം നിറയെ വെള്ളം കുടിക്കണമെന്നുണ്ടു്. വെള്ളമെവിടെ?

"വെള്ളം...!" അത്യുച്ചത്തിൽ പറയുകയാണെന്നാണു് കൃഷ്ണൻമാസ്റ്ററുടെ ധാരണ. പക്ഷെ, ശബ്ദം പുറത്തേക്കു് വരുന്നില്ല!

"കാത്ത്യായനീ—! കാത്ത്യാ—!" തൊണ്ട പൊട്ടുന്നത്ര ശക്തിയോടെ വിളിക്കുകയാണു്. ആരെങ്കിലും ആ ശബ്ദം കേൾക്കുന്നുണ്ടോ?

"ഇവൾ എവിടെപ്പോയി ദൈവമേ—!" അയാൾ നിസ്സഹായതയോടെ ആലോചിച്ചു.

കാത്ത്യായനിയമ്മ അയാളുടെ കാലിന്നടുത്ത് കിടക്കയിൽ തലചായ്ച്ച് കട്ടിലിന്ന് കീഴെയിട്ട ചെറിയ സ്ററൂളിൽ ഇരിക്കുകയാണ്. അവരുടെ കഴുത്തിലൂടെ കിടക്കയിലേക്ക് വെള്ളം ഉററിവീഴുന്നു.

കൃഷ്ണൻമാസ്റ്ററുടെ ചങ്ക് പ്രപഞ്ചംപോലെ വീക്കുകയാണ്. അടുത്ത നിമിഷം ഒരു ബലൂൺപോലെ പൊട്ടിത്തെറിച്ചുപോകുമോ? അതിന്നു മുമ്പെ......

"കാ—ത്ത്യാ—!" അയാൾ സർവ്വ ശക്തികളും സംഭരിച്ച് വിളിച്ചു. അതോടുകൂടി പൊറുക്കാൻ കഴിയാതെ അയാൾ കയ്യും കാലും കുടഞ്ഞു ഒരൊററ പിടയൽ! കാത്ത്യായനിയമ്മയും സ്ററൂളും 'പ്ധോ' എന്ന് താഴോട്ട് മറിഞ്ഞുവീഴുന്നു. പിന്നെ അനക്കമില്ലാ—ശബ്ദമില്ലാ......

കാത്ത്യായണിയമ്മ നിലത്ത് വീണുകിടക്കുകയാണ്, തലമുടി അഴിഞ്ഞു ചിതറിക്കിടക്കുന്നു. നെററിയിൽനിന്നും, കഴുത്തിൽനിന്നും വെള്ളം ഒഴുകുന്നു. ഉടുത്ത മുണ്ട് അരയിൽനിന്നു അങ്ങിങ്ങ് മാറിക്കിടക്കുന്നു വായ പകുതിയും തുറന്നുവെച്ചിട്ടുണ്ട്......കൃഷ്ണൻമാസ്റ്റർ കിടന്നുകൊണ്ട് എല്ലാം കാണുകയാണ്. അയാൾക്ക് ചാടിയെഴുന്നേല്ക്കണമെന്നുണ്ട്. അവരെ വാരിയെടുത്ത് കിടക്കയിൽ കിടത്തി മുഖത്ത് വെള്ളം തളിക്കുകയും, തോർത്തുമുണ്ട് മടക്കി വീശുകയും ചെയ്യേണ്ടിയിരുന്നു. അനങ്ങാൻ വയ്യാ. വലിയൊരു മലയോട്ട് ചേർത്തികെട്ടി കിടത്തിയതുപോലെ......

കൃഷ്ണൻമാസ്റ്റർ നിസ്സഹായതയോടെ കാത്ത്യായണി അമ്മയേയും നോക്കി കിടന്നു. ഉള്ളിൽ എന്തൊക്കെയൊ വീർത്തു വീർത്ത് വരുന്നുണ്ടോ? നാവ് ഉള്ളിലേക്ക് വലിഞ്ഞുപോവുകയാണോ? ദൈവമേ ദൈവമേ, അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു.

ഈ ലോകത്തിൽ, താനും കാത്ത്യായനിയുമൊഴിച്ച് ഒരു മനുഷ്യനുമില്ലെ എന്ന് കൃഷ്ണൻമാസ്റ്റർ ആദ്യമായി ഓർത്തുപോയി. നാവ് ഇറങ്ങിപ്പോകുംമുമ്പേ ഒരിറക്കു വെള്ളം തരാൻ......ബോധമില്ലാതെ വീണുകിടക്കുന്ന അവളുടെ മുഖത്തൊരിററു വെള്ളം തളിക്കാൻ......ഉറക്കെയൊന്നു കരയണമെന്ന് കൃഷ്ണൻമാസ്റ്റർക്ക് തോന്നി.

ദൈവമേ അവൾക്കുവേണ്ടി തനിക്കൊന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ......കൃഷ്ണൻമാസ്റ്റർ കാത്ത്യായനിയമ്മയെ സങ്കടത്തോടുകൂടി നോക്കി കിടന്നു ചിന്തിക്കുകയാണ്....തനിക്കുവേണ്ടി ആ നിമിഷംവരെ ത്യാഗം സഹിച്ചവൾ...അവൾ മുമ്പിൽ വെറും നിലത്ത് ബോധമില്ലാതെ വീണുകിടക്കുമ്പോൾ...അതും നോക്കി കിടക്കേണ്ടിവന്നിരിക്കുന്നു. അയാൾ പൊട്ടിക്കരയുന്നമാതിരി വിളിക്കാൻ പാടുപെട്ടു.

"കാത്ത്യായനീ—!"

നാവ് ഇറങ്ങിപ്പോയോ?......

ശ്വാസം അടക്കിപ്പിടിച്ച് കണ്ണുകൾ ഇമവെട്ടാതെ കാത്ത്യായണിയമ്മയെ വേദനയോടെ നോക്കി അയാൾ കിടന്നു.

"കാത്ത്യായനീ... കാത്ത്യായനി."

അയാളുടെ ചുണ്ടുകൾ ചലിച്ചുകൊണ്ടിരുന്നു.

അവൾക്കിനി എന്നെങ്കിലും സമാധാനമായി ജീവിക്കാൻ കഴിയുമോ? കൃഷ്ണൻമാസ്റ്റർ വേദനയോടുകൂടി ഓർത്തുപോവുകയാണ്......

എത്ര ദിവസങ്ങൾ കഴിഞ്ഞു? ദിവസങ്ങളാണോ? വർഷങ്ങൾ. രണ്ടു നീണ്ട വർഷങ്ങൾ. രാവും പകലും കണ്ണുകൾ പൂട്ടാതെ അവൾ അരികിൽ കഴിച്ചുകൂട്ടി. ഒരു കുടുംബത്തിലെ എല്ലാ ജോലികളും ചെയ്യണം. അതൊക്കെ അറിഞ്ഞുകൊണ്ടുതന്നെ നൂറുതവണ അവളെ വിളിക്കേണ്ടിവരുന്നു. അവൾ അടുത്തുവന്നിരിക്കുമ്പോൾ എല്ലാററിനും ഒരാശ്വാസം തോന്നുന്നതുകൊണ്ടല്ലേ. അടുക്കളയിൽ തിരക്കിട്ട് ജോലിചെയ്യുമ്പോഴായിരിക്കും. അല്ലെങ്കിൽ തിരക്കിട്ട് ഒന്ന് കുളിക്കാൻ തുടങ്ങുമ്പോഴായിരിക്കും. അപ്പോഴെല്ലാം ശ്രദ്ധ ഈ മുറിയിലേക്കാണ്. അതുകൊണ്ട് ഒരു തവണയേ വിളിക്കേണ്ടിവരൂ; ഓടിയെത്തും. ഉൽക്കണ്ഠയോടെ ആവശ്യമാരായും. അവൾക്കതിൽ വെറുപ്പോ, മടുപ്പോ ഇല്ല! ജീവിക്കുന്നത് സേവനത്തിന്നുവേണ്ടിയാണെന്ന് നിശ്ചയിച്ചുറച്ചതുപോലെയാണ്. രണ്ടു വർഷങ്ങളായി അവൾ നേരത്തിന്നു കുളിച്ചിട്ടില്ല. ഭക്ഷണം കഴിച്ചിട്ടില്ല, ഉറങ്ങീട്ടില്ല. ഉറക്കൊഴിച്ചൊഴിച്ച്...ജോലി ചെയ്തുചെയ്തു...ആധി മൂത്തുമൂത്ത് അവൾ ക്ഷീണിച്ചുപോയി. ദൈവമെ, അവൾ ഇല്ലായിരുന്നുവെങ്കിൽ......! എന്നിട്ട് ബോധമി

ല്ലാതെ വീണുകിടക്കുമ്പോൾ തനിക്കൊന്നിന്നും കഴിയു ന്നില്ല……

എപ്പോഴാണ് അവൾ അങ്ങിനെ ബോധമില്ലാതെ വീണുപോയതു്? ഒന്നും ഓർമ്മിക്കാൻ അയാൾക്കു് കഴി യുന്നില്ല. പുറത്തു് ഒരു മെച്ചിങ്ങ വീണതു് ഓർമ്മയുണ്ടു്. അതുകേട്ടു് പതിവുപോലെ ഞെട്ടിപ്പോയി. അതോടുകൂ ടി തുടങ്ങുകയും ചെയ്തു. മെച്ചിങ്ങ വീണതു് കേട്ടപ്പോൾ ഉടനെ അവൾ ഓടി മുറിയിലെത്തി. അടുക്കളയിൽ ജോലിചെയ്യുകയായിരുന്നു. മുഖത്തു് വെണ്ണീറും, നെ റ്റിയിൽ വിയപ്പുമുണ്ടായിരുന്നു. പിന്നീടൊന്നും ഓർമ്മ യില്ല……

"അമ്മേ—!" കൃഷ്ണൻമാസ്റ്റർ ഭയങ്കരമായൊന്നു ഞെട്ടി. അയാൾ ഒരു മുയൽക്കുഞ്ഞിനെപ്പോലെ ശ്ര ദ്ധിച്ചു:

"അമ്മേ—!"

ഓ, മോനാണു്.

"മോനേ—!"

വളരെ ശ്രമപ്പെട്ടു് അയാൾ വിളിച്ചു. അവൻ വിളികേട്ടില്ല. വീണ്ടും വീണ്ടും അയാൾ വിളിച്ചുനോ ക്കി. ഇല്ല, അവൻ മിണ്ടിയില്ല.

കൃഷ്ണൻമാസ്റ്റർ ഒന്നെഴുന്നേല്ക്കാൻ ശ്രമിച്ചുനോക്കി. സന്ധികൾ വിട്ടുകിടക്കുകയാണോ? സമയമെത്രയായി

ക്കാണും? ജാലകങ്ങൾ പൂട്ടിയിട്ടിരിക്കുന്നു. പൂട്ടിയിടേ ണ്ടെന്നു കാത്ത്യായനിയമ്മ പലപ്പോഴും പറയാറുണ്ട്. കൃഷ്ണൻമാസ്റ്റർ സമ്മതിക്കുകയില്ല. പൂട്ടിയിട്ടില്ലെങ്കിൽ അയാൾക്ക് കണ്ണുകൾ മുറുക്കെ ചിമ്മി കിടക്കേണ്ടിവരും. എത്രനേരമാണങ്ങിനെ കിടക്കുക... ...

കൃഷ്ണൻമാസ്റ്റർ വീണ്ടും മോനെ . വിളിച്ചുനോക്കി. അവൻ അട്ടക്കളയിലെങ്ങോ ഒതുങ്ങിയിരിക്കുകയായി രിക്കും.

അവനെയൊന്ന് നേരെ കണ്ടിട്ട് എത്ര നാളുകളാ യി. അവൻ ഒരിക്കലും മുമ്പിലേക്ക് വെല്ലാറില്ല. അ ച്ഛൻ ഭ്രാന്തനാണെന്ന് അവൻ മനസ്സിലാക്കിവെച്ചിരി ക്കുന്നു. ഭ്രാന്തന്മാരെ അവന് വലിയ ഭയമാണ്. വി കൃതി കളിക്കുകയും, വാശിപിടിച്ചു കരയുകയും ചെയ്ത കാ ലത്ത് അവനെ ഭയപ്പെടുത്തിയിരുന്നത് ഭ്രാന്തന്മാരെക്കു റിച്ചു പറഞ്ഞായിരുന്നു ... ...

കുട്ടികൾ അവനോട്ട് പറഞ്ഞു:

"നിൻറ്യച്ഛനു് ഭ്രാന്താണ്", നീ ഭ്രാന്തൻെറ മോ നാണ്."

അവൻ പേടിച്ചുപോയി. നാലാംക്ലാസ്സിലേക്കു ജ യിച്ചിട്ടും പുസ്തകത്തിനുവേണ്ടി അവൻ അയാളെ സമീ പിച്ചില്ല. രാമൻകുട്ടിമാസ്റ്റർ അവനൊരു പഴയ പുസ്ത കം വാങ്ങിക്കൊടുത്തു. പാവം, രാമൻകുട്ടിമാസ്റ്റർ! അ

യാളെ ഒന്നു കണ്ടിട്ട് എത്ര ദിവസം കഴിഞ്ഞു. തനിക്കു പകരമല്ലേ അയാൾ നാലാംക്ലാസ്സിലെ മാസ്റ്ററായുയന്നതു്.

"മോനേ—!" അയാൾ ഒരിക്കൽക്കൂടി വിളിച്ചു നോക്കി. അവൻ വിളികേൾക്കുകയില്ല. കൃഷ്ണൻമാസ്റ്റർ ഒരു നിശ്വാസത്തോടെ കാത്ത്യായണിയമ്മയെ നോക്കി. അരയിൽനിന്നു് ഉടുത്ത മുണ്ടു് അങ്ങിങ്ങു് മാറി ക്കിടക്കുന്നു. കണ്ണുടച്ചുകളയാൻ അയാൾക്കു് കഴിഞ്ഞി ല്ല. സങ്കടം തോന്നി; നിറഞ്ഞ കണ്ണുകളോടുകൂടി അയാൾ വിചാരിച്ചു:

"മോൻ ഇങ്ങോട്ടു വരാതിരിക്കട്ടെ."

കൃഷ്ണൻമാസ്റ്റർ ആ നശിച്ച മെച്ചിങ്ങയെ ശപിക്കുകയാണു്. ആ മെച്ചിങ്ങ വീണിട്ടില്ലായിരുന്നെങ്കിൽ! ഓ, അല്ലെങ്കിൽ ആ ചെന്തെങ്ങ് ഉള്ളിടത്തോളം കാലം കുടുംബത്തിൽ സമാധാനമുണ്ടാകുമോ?

നിറയെ ഓലകളും, പൂക്കുലകളും, ഇളനീരും, തേങ്ങകളുമായി നില്ക്കുന്ന ആ ചെന്തെങ്ങിനെക്കുറിച്ചോർക്കുമ്പോൾ കൃഷ്ണൻമാസ്റ്റർ ഞെട്ടിപ്പോവുകയാണു്. അപ്പോൾ നെററിയിൽ വിയപ്പു പൊടിയുകയും, കരളിൽ ശക്തിയായ മിടിപ്പുണ്ടാവുകയും ചെയ്യുന്നു. അതുകൊണ്ടു് ആദ്യമായി അയാൾ വിചാരിച്ചുപോയി: "ആ തെങ്ങു് വെട്ടിമുറിച്ച് കളയുകതന്നെ—"

കൃഷ്ണൻമാസ്റ്ററുടെ അന്തരംഗത്തിൽ അപ്പോഴും ഭയങ്കരമായ ഒരു നട്ടക്കമുണ്ടാവുകയാണു്. ആ തെങ്ങ്

മുറിച്ചുകളയുകയോ? അതു് ആ തറവാടിൻെറ ഭാഗ്യമാണെന്നു് പറഞ്ഞുകേട്ടിട്ടുണ്ടു്. തകൻകിടന്ന ആ തറവാട്ടിലെ നിർഭാഗ്യവാനായ അന്നത്തെ കാരണവക്കു് ആ തെങ്ങിൻതൈ എങ്ങിനെയോ കിട്ടി. വീട്ടിൻെറ മുൻവശത്തു് അതു് വളൻവന്നു. അതോടുകൂടി ക്രമേണ ആ തറവാട്ടിൽ ചില മാററങ്ങളുണ്ടായി.

അവിടെ ആണുങ്ങൾ വന്നു. പെണ്ണുങ്ങൾ വിവാഹിതരായി. കുട്ടികളുമായി, എല്ലാമുണ്ടായി. അതു് ഭാഗ്യത്തെങ്ങാണു്. അതു് നശിക്കുമ്പോൾ കുടുംബവും നശിക്കും. അങ്ങിനെയൊക്കെയാണു് കാരണവന്മാർ പറഞ്ഞുകേട്ടിട്ടുള്ളതു്. അതുകൊണ്ടു് ആ തെങ്ങിന്നു് പ്രത്യേകം വളമിട്ടു്, തടം തുറന്നു വെള്ളമൊഴിച്ചു. പഴക്കമേറിയ ആ തെങ്ങു് വളരെ പ്രായംകുറഞ്ഞ ഒരു തെങ്ങുപോലെ ഉയൻനില്ക്കുന്നു. നിറയെ ഇളന്നീക്കുലകൾ! അമൃതുപോലെ മധുരമുള്ളഇളന്നീർ! അതു് ഭാഗ്യത്തെങ്ങാണു്. ആ തെങ്ങു് ഉണ്ടായിരുന്നില്ലെങ്കിലോ. താനോ, കാത്ത്യായിണിയോ, മോനോ ഉണ്ടാകുമായിരുന്നോ?

എന്നിട്ടു്, എന്തു് ഹൃദയശൂന്യതയോടുകൂടിയാണു് വിചാരിച്ചുപോകുന്നതു്. ആ തെങ്ങു് വെട്ടിമുറിച്ചു കളയുകതന്നെ.

കാണുന്നവരും, കേൾക്കുന്നവരുമൊക്കെ അങ്ങിനെ പറയുന്നു:

"ആ തെങ്ങു് ഉടനെ മുറിക്കണം." അല്ലെങ്കിൽ, താൻ എന്നും ഇങ്ങിനെ ജീവിക്കേണ്ടിവരുമത്രെ!

അതു് ശരിയല്ലേ? ആ തെങ്ങ് കാണാതിരിക്കാൻ വേണ്ടിയല്ലേ, വാതിലും ജനലുകളും അടച്ചുപൂട്ടി താൻ ഈ മുറിയിൽ കഴിച്ചുകൂട്ടുന്നതു്. ഒരു മെച്ചിങ്ങ വീഴുമ്പോഴേക്കും, തന്നോടൊപ്പം ഒരു കുടുംബം ഞെട്ടിത്തെറിക്കുകയല്ലേ—

ഒരുപക്ഷെ എന്നെന്നേക്കുമായി ആ തെങ്ങ് കുടുംബത്തിലെ ഒരു പേടിസ്വപ്നമായി അവശേഷിക്കുകയേ ഉള്ളുവെങ്കിൽ!

തലമുറകളായി ആ ഭയങ്കരമായ സംഭവങ്ങളെപ്പററി ഓർമ്മിക്കും.

കൃഷ്ണൻമാസ്റ്ററുടെ മനസ്സിലെ കുററബോധം അയാളെ അവശനാക്കുകയാണു്. കഴുത്തിൽനിന്നും നെററിയിൽനിന്നും വിയർപ്പൊഴുകി. പൊറുത്തുകൂടാത്ത ദാഹത്തോടുകൂടി അയാൾ ജനൽപടിയിലേക്കു നോക്കി. അവിടെ ഒരു ഗ്ലാസിൽ ജീരകവെള്ളമുണ്ടു്. അതെടുത്തു വായിൽ ഒഴിച്ചുകൊടുക്കാൻ ആരുമില്ല. അപ്പോൾ നിസ്സഹായതയോടുകൂടി അയാൾ വിചാരിച്ചുപോയി:

"ദാഹമെന്നൊന്നു് ഉണ്ടായിരുന്നില്ലെങ്കിൽ."

അങ്ങനെ, ദാഹംതോന്നിയ ആ ഞായറാഴ്ചയെപ്പററി അയാൾ നടുക്കത്തോടുകൂടി ഓർക്കുകയാണു്.

ഒരു ഇളന്നീർ കുടിക്കണമെന്നു് ആശിച്ചുപോയി! ഇളന്നീർ കുലകളുമായി കണ്ണിന്നു മുന്നിൽ ആ ഭാഗ്യത്തെങ്ങ് നില്ക്കുന്നു.

ഒരിളനീർ വലിച്ചു തരുവാൻ ആളെ കിട്ടിയിരുന്നെങ്കിൽ! കൃഷ്ണൻമാസ്റ്റർ പടിക്കലേക്കും നോക്കി ആശയോടുകൂടി നില്ക്കുകയായിരുന്നു. അപ്പോഴാണ് കേൾക്കുന്നതു്:

"ഒരിറക്കു് കഞ്ഞിവെള്ളം തരണേ തമ്പ്രാനെ—"

കൃഷ്ണൻമാസ്റ്റർ അത്യുത്സാഹത്തോടുകൂടി എഴുന്നേറ്റ് മുണ്ടു് മടക്കിക്കുത്തി മുററത്തിറങ്ങി, അവരെ നോക്കി.

ആ രൂപങ്ങൾ അയാൾ വ്യക്തമായി കൺമുമ്പിൽ കാണുകയാണു്......ഈറക്കിൽപോലെ കറുത്തു ശോഷിച്ച ഒരു യുവാവ് അവൻെറ പിന്നിൽ ഒരു ചോരക്കുഞ്ഞിനെ ഒക്കത്തെടുത്ത അവൻെറ ഭാര്യ......

കൃഷ്ണൻമാസ്റ്റർ ഞെട്ടുകയാണു്! ഈറക്കിൽപോലെ കറുത്തു ശോഷിച്ച ആ മനുഷ്യൻ! അവൻ ആ പടിക്കൽ തന്നെ സൂക്ഷിച്ചുനോക്കി നില്ക്കുകയാണോ......?

അവൻെറ ഭാര്യ ദയനീയസ്വരത്തിൽ പറയുന്നു:

"ഒരിറക്കു് കഞ്ഞിവെള്ളം തരണേ തമ്പ്രാനേ—!"

"ഇങ്ങോട്ടു് വന്നിരുന്നോളൂ!" അവരെ മുററത്തേക്കു ക്ഷണിക്കുകയാണു് ചെയ്തതു്. ശങ്കിച്ചു ശങ്കിച്ചുകൊണ്ടു് അവർ നടന്നുവന്നു...

"ഊണു് തയ്യാറാകട്ടെ കെട്ടോ "

"ഓ—"

അവൻ ആശയോടുകൂടി ഭാര്യയുടെ മുഖത്തേക്കു നോക്കി.

"ഊണാവുമ്പോഴെക്കു് നീ ഒരു കാര്യം ചെയ്യ്."

അവൻ എന്തിന്നും സന്നദ്ധനായി എഴുന്നേററു.

"ആ തെങ്ങിന്മേൽ കയറി ഒരു ഇളന്നീര് ഇട്ടുതാ. നിണക്കൊരു തേങ്ങയും എടുത്തോളൂ."

അവൻ വാ പൊളിച്ചു നിന്നു. എന്നിട്ട് വിനീതമായി പറഞ്ഞു:

"തെങ്ങിമ്മെ കേറാൻ അറിഞ്ഞൂടല്ലൊ തമ്പ്രാനെ"

"ഒരു വല്ല്യ മനുഷ്യനായിട്ട് തെങ്ങിന്മേൽ കയറാൻ അറിഞ്ഞുകൂടെ—"

അവനെ കളിയാക്കിക്കൊണ്ടാണ് ചോദിച്ചതു്.

"കേറീട്ടില്ല."

"ഒന്നു കേറിനോക്കു്. നീ ഒരു തേങ്ങ എടുത്തോ. അപ്പഴെക്കും ഊണാവട്ടെ—"

അവൻെറ ആശകൾ വർദ്ധിക്കുകയായിരുന്നു. വയറുനിറയെ ഊണുകഴിക്കാം. ഒരു തേങ്ങയും കിട്ടും. ഒരു തളപ്പുകെട്ടി, ഉടുത്ത മുണ്ടു് മടക്കികുത്തി, മടിക്കുത്തിലുണ്ടായിരുന്ന നാലു കാലണ നാണ്യങ്ങൾ എടുത്തു്

ഭാര്യയുടെ കയ്യിൽ കൊടുത്തു. അപ്പോൾ അവൾ അവ നോടു പറഞ്ഞു: "സൂക്ഷിച്ച് കേറണേ—"

അവൻ കയറുകയാണ്......മുന്നോട്ടു പോകുന്നില്ല. നെഞ്ചും വയറും തെങ്ങിന്മേൽ ഉരയുകയാണ്. സൂക്ഷി ക്കണം. മുറുക്കെ പിടിക്കണേ. ഇടക്കിടെ അവനോ ട് പറയുന്നുണ്ട്. പകുതിയും അവൻ കയറിക്കഴിഞ്ഞും അവൻ നെററി തെങ്ങോടു ചേർത്തി അങ്ങിനെ പററി ക്കിടന്നു...എന്നിട്ട് കിതച്ച് കിതച്ചുകൊണ്ട് താഴോട്ടു നോക്കി പറഞ്ഞു:

"കയറാൻ വയ്യാ!"

"പേടിക്കേണ്ട!"

"വയ്യ!"

അവൻെറ കൈകാലുകൾ തളരുകയാണ്; ഹൃദ യം ശക്തിയായി മിടിക്കുകയാണ്. അവൻെറ ഭാര്യ പ രിഭ്രമിച്ചെഴുന്നേററു. എന്നിട്ട് തെങ്ങിന്നടുത്തേക്ക് ഓ ടിച്ചെന്ന് പറഞ്ഞു:

"വേഗം എറങ്ങിക്കോളീ!"

കാർത്ത്യായണി അടുക്കളയിൽനിന്ന് ഓടിവന്ന് തെങ്ങിന്മേലേക്ക് നോക്കി. അമ്പരപ്പോടുകൂടി അവൾ വിളിച്ചുപറഞ്ഞു:

"ഇനി കയറണ്ടാ! മെല്ലെ വേഗം ഇറങ്ങിക്കൊ!"

"എറങ്ങിക്കൂടാ!" തെങ്ങിന്മേൽനിന്ന് പൊട്ടിക്കരയുമ്പോലെ അവൻ പറഞ്ഞു.

"ഹെന്ത്?"

"എൻറീശ്വരാ!"

"ഹയ്യോ!" അവൻെറ ഭാര്യ ഒരൊററ നിലവിളി!

"ഇറങ്ങ്."

ശബ്ദങ്ങൾ മുഴങ്ങുകയാണ്!

"ഇറങ്ങ്! ഇറങ്ങ്! ഇറങ്ങ്!"

"ഹയ്യോ!"

ലോകം മുഴവൻ അങ്ങിനെ ഉറക്കെ ശബ്ദിച്ചിരുന്നുവോ? അതിന്നിടക്ക് ഒരു മല ആകാശത്തിൽനിന്നു അററുവീഴുന്നതുപോലെ കേട്ടു:

"പ്ത്തും!"

എല്ലാവരും അങ്ങോട്ടോടീട്ടുണ്ട്! നേരിയൊരു ഞരക്കം കേൾക്കുന്നു:

"ഹ...യ്യോ.......!"

കൃഷ്ണൻമാസ്റ്റർ കിടക്കയിൽ തലയിട്ടടിക്കുകയാണ്! ആ നാവ് പുറത്തേക്ക് നീണ്ടുവരുന്നു. കൺമിഴികൾ മുകളിലേക്കു മറഞ്ഞു മറഞ്ഞു പോകുന്നു. അയാൾ കിട്ടുകിടെ വിറയ്ക്കുകയാണ്...അയാൾ കിതപ്പോടുകൂടി മുന്നി

ല്പുള്ള ചുവരിലേയ്ക്കു സൂക്ഷിച്ചുനോക്കി കിടന്നു. അവിടെ ഒരു പട്ടുതുണി വലിച്ചെറിഞ്ഞതുപോലെ ചോര കുത്തിയൊലിക്കുന്നു. അവൻെറ ഭാര്യ കരയുന്നില്ല. ബോധമില്ലാതെ അവൻെറ ദേഹത്തിൽ വീണുകിടക്കുകയാണ്! അവൻെറ കൈകളും കാലുകളും അങ്ങിങ്ങ് തെറിച്ചു വീണുകിടക്കുന്നു. തല പൊട്ടിച്ചിതറിക്കിടക്കുന്നു! എല്ലാം ഒരൊററ നോക്കുമാത്രമേ കണ്ടിട്ടുള്ളു... ...

പിന്നീടെന്തെല്ലാം സംഭവിച്ചു? എല്ലാം ഭയങ്കരങ്ങളായിരുന്നു! എല്ലാം സഹിച്ചു. പക്ഷെ, അന്നത്തെ രാത്രി! ഒരു മല ആകാശത്തിൽനിന്നു് അററുവീഴുന്ന ആ ശബ്ദം! തെറിച്ചുകിടക്കുന്ന കൈകാലുകൾ! പൊട്ടിച്ചിതറിയ തല! പട്ടുതുണി വലിച്ചെറിഞ്ഞപോലത്തെ ചോര!

ഉറക്കെ നിലവിളിച്ചു! കിട്ടുകിടാ വിറച്ചു. കാത്ത്യായണി കെട്ടിപ്പിടിച്ച് കിടന്നു!

അതങ്ങിനെ തുടൻുപോയി. ഒരു കാലൊച്ചകേട്ടാൽ ഞെട്ടിപ്പോകുന്നു. അകത്തുനിന്നു് പുറത്തേക്കുനോക്കാൻ ഭയമാണ്! കണ്ണിനുമുമ്പിൽ ആ തെങ്ങുണ്ട്. ജനങ്ങൾ പറഞ്ഞു:

"ഭ്രാന്താണ്! മനശ്ശക്തി ക്ഷയിച്ചുപോയി; തലച്ചോറ് ഇളകിപ്പോയി!"

ചികിത്സകൾ നടന്നു; ജോലി നഷ്ടപ്പെട്ടു. എല്ലാം അവസാനിച്ചു. എല്ലാവർക്കും വെറുപ്പാണ്. അവർ പറയുന്നു:

"ഭീരു!"

ഒരാൾ മാത്രം ഈ ലോകത്തിൽ തനിക്കുവേണ്ടി ജീവിക്കുകയാണു്; കാർത്ത്യായണി. അവൾ ഒട്ടവിൽ ക്ഷീണിച്ച് തളൎന്നു വീണിരിക്കുന്നു! അപ്പോൾ അവൾക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ തനിക്കു കഴിയുന്നില്ലാ!

അവൾക്കുവേണ്ടി എന്താണു് ചെയ്യേണ്ടതു്? ആ തെങ്ങ് വെട്ടി മുറിച്ച് കളയുകയോ?

ആ തെങ്ങിന്മേൽനിന്നു ഓലമടലുകൾ വീഴുന്നു; മെച്ചിങ്ങകൾ വീഴുന്നു. അപ്പോഴെല്ലാം താൻ അവൾക്കു് വഹിക്കാൻ കഴിയാത്ത ഒരു മഹാഭാരമായി തീരുന്നു... കൃഷ്ണൻമാസ്റ്റർ വീണ്ടും കാർത്ത്യായണിയമ്മയെ നോക്കി. ആ മാറിടം ഉയരുകയും താഴുകയും ചെയ്യുകയാണു്. വയർ ഒട്ടിക്കിടക്കുന്നു. അരയിൽനിന്നു് വസ്ത്രം അങ്ങിങ്ങ് മാറി കിടക്കുന്നു. അയാളുടെ കണ്ണുകളിൽ വെള്ളം തളംകെട്ടിക്കിടന്നു. വേദനയോടുകൂടി അയാൾ പിറുപിറുത്തു:

"എല്ലാം ഞാൻ മറക്കുകയാണു്! എന്റെ കാർത്ത്യായണീ, നിനക്കുവേണ്ടി ഞാൻ നിശ്ചയിച്ചുകഴിഞ്ഞു."

നിറഞ്ഞൊഴുകുന്ന കണ്ണുകളോടുകൂടി അയാൾ കാർത്ത്യായനിഅമ്മയേയുംനോക്കി അങ്ങിനെ കിടന്നു...

വാതിലും ജനലുകളും ഭദ്രമായി പൂട്ടിയിരിക്കുന്നു. കൃഷ്ണൻമാസ്റ്ററെ ഉത്തരത്തിൽ കെട്ടിപ്പിടിച്ചു. കാർത്ത്യായണിയമ്മ കിടക്കുകയാണു്!

ആകാശത്തിൽനിന്നു ഒരു മല അററുവീഴുന്ന ശബ്ദം തുടരെത്തുടരെ അയാൾ കേൾക്കുകയാണു്!

"നിത്തു! നിത്തു!" അയാളുടെ അന്തരംഗം ഉറക്കേ വിളിച്ചുപറയുന്നു. ആരും കേൾക്കുന്നില്ല. അയാൾ അസഹ്യമായ വേദന അനുഭവിക്കുകയാണു്!

ആ തെങ്ങു് വെട്ടിമുറിക്കുകയാണു്, ഓരോ തവണയും മഴ തെങ്ങിന്മേൽ ആഞ്ഞിറങ്ങുമ്പോൾ കൃഷ്ണൻമാസ്റ്റർ ഞെട്ടി പിടയുന്നു! ഓരോ വെട്ടും തന്റെ ഹൃദയത്തിലാണു് കൊള്ളുന്നതെന്നു് അയാൾക്കു് തോന്നുകയായിരുന്നു!

ആ മുററത്തു് അയൽപക്കക്കാരുണ്ടു്. ചിലർ ആ മുറിയിൽ നിശ്ശബ്ദരായി നില്ക്കുകയാണു്.

പുറത്തുനിന്നു് ആഞ്ഞുവെട്ടുന്ന ആ ശബ്ദം കേൾക്കുമ്പോഴെല്ലാം കാത്ത്യായനിഅമ്മ കോരിത്തരിക്കുകയാണു്. അവർ ആശ്വസിക്കുകയായിരുന്നു!

"എല്ലാം അവസാനിക്കാൻ പോകയാണു്!"

പ്രപഞ്ചത്തിന്റെ ഒരററംമുതൽ മറേറ അററംവരെ ഓടിയെത്തിയ ഒരാളെപ്പോലെ കൃഷ്ണൻമാസ്റ്റർക്കു് കിതപ്പും, വിയപ്പുമുണ്ടായി. അസഹ്യമായ എന്തൊക്കെയോ വേദനകൾ അനുഭവിക്കുന്ന ഒരാളെപ്പോലെ അയാൾ കാത്ത്യായണിയമ്മയെ ഉററുനോക്കി......

തെങ്ങ് മുറിഞ്ഞു വീഴുകയാണ്. ഭയങ്കരമായ ഒരലച്ചയോട്ടുകൂടി അതു് പൊട്ടിവീഴുകയാണ്!

"പ്ലൊ!" ആകാശത്തിൽനിന്ന് ഒരു മല അററുവീഴുന്ന ശബ്ദം!

"പ്ലൊം"

ഒരു റബ്ബർപന്തുപോലെ കൃഷ്ണൻമാസ്റ്റർ കിടക്കയിൽനിന്നു ഞെട്ടിത്തെറിച്ചിട്ടുണ്ട്! ആ കണ്ണുകൾ രണ്ടു മെച്ചിങ്ങകൾപോലെ പുറത്തേക്കു തുറിച്ചുനിന്നു! അതു് കാർത്ത്യായണിഅമ്മയെ ഉററുനോക്കുകയാണോ?

ഗംഭീരമായ ഒരു നടുക്കത്തോടുകൂടി കാർത്ത്യായണി അമ്മ ചാടിയെഴുന്നേററു. ഏററവും ദയനീയമായ ഒരു പൊട്ടിക്കരച്ചിലോടെ ആ സ്ത്രീ ആ കണ്ണുകളിലേക്കു് ഉററുനോക്കി. അവൾ തന്നെ ഭയങ്കരമായി തുറിച്ചുനോക്കുന്നതായി അവർ കണ്ടു. കാർത്ത്യായണിഅമ്മയുടെ അന്തരംഗത്തിലൂടെ ഏററവും വേഗതയോടെ വിറപ്പിക്കുന്ന ഒരു തോന്നൽ പറന്നുപോയി:

"എല്ലാം അവസാനിക്കുകയാണോ?"

# പാതിര കഴിഞ്ഞപ്പോൾ

മണി പന്ത്രണ്ടരയാകാൻ പോകയാണ്. എല്ലാവരും ഉറങ്ങുന്നു. എങ്ങും ഒരു ശബ്ദവുമില്ല. പൂപ്പോലത്തെ നിലാവ്. അതുവരെ ഉണ്ടായിരുന്ന ആ വല്ലാത്ത ചൂടില്ലാ. ജനാലയിലൂടെ നല്ല സുഖമുള്ള കാററ് വന്നുകൊണ്ടേയിരിക്കുന്നു. എല്ലാവരും ഉറങ്ങട്ടെ.

ഇങ്ങിനത്തെ ഒരു രാത്രിക്കുവേണ്ടി എത്ര കൊതിച്ചു! പൊരിയുന്ന ചൂടിൽ തിരിഞ്ഞും, മറിഞ്ഞും; മൂളിയും, ഞരങ്ങിയും കിടന്നുരുളുമ്പോൾ മറെറല്ലാററിനേക്കാളും ആശിച്ചുപോയതു് ഒന്നായിരുന്നു; ചൂടില്ലാത്ത ഒരു രാത്രി. രണ്ടുമാസത്തെ രാത്രികളും പകലുകളും വിയർപ്പിൽ കുളിച്ച് കഴിഞ്ഞുപോയിരിക്കുന്നു. ആകാശം പൊട്ടുമ്പോലുള്ള ഇടി. വിറപ്പിക്കുന്ന കാററ്. "ശേ—" നിന്നു് തോരാതെ പെയ്യുന്ന മഴ. എല്ലാം ഒരു പാഠം പഠിപ്പിക്കാൻവേണ്ടിത്തന്നെ എങ്ങോ ഒളിഞ്ഞിരിക്കുകയാ

യിരിക്കും. എല്ലാം സഹിച്ചു രണ്ടു ദിവസങ്ങൾകൂടി കഴിഞ്ഞു ഈ വീട്ടിന്നു പുറത്തിറങ്ങുമ്പോൾ പെരുമാരിയും, കൊടുങ്കാററും എത്തുകയും ചെയ്യും.

ഓ, ആ സുഖമൊന്നും വേണ്ടായിരുന്നു! ശരീരം ചുട്ടുപൊരിഞ്ഞുകൊള്ളട്ടെ, സഹിച്ചുകൊള്ളാം. മനസ്സ് പൊരിഞ്ഞു പുകയുകയാണെങ്കിലോ—അതുകൊണ്ടാണ് ഉറക്കം വരാതെ കിടന്നു വിഷമിക്കുന്നതു്. സമയമെത്രയായി. പന്ത്രണ്ടു് നാല്പതു്. എങ്ങും ഒരു ശബ്ദവുമില്ലാ. മേശയുടെ മുകളിൽനിന്നു് ടൈംപീസ് മാത്രം ടിക്ക് ടിക്ക് എന്നു് തുടച്ച്യയായി ശബ്ദിക്കുന്നുണ്ടു്. ആ ശബ്ദം നൊമ്പരപ്പെടുത്തുന്നു. ഓരോ ശബ്ദവും നിമിഷങ്ങൾ നീങ്ങുന്നതിൻേറതാണു്. ഇന്നു രാത്രി: നാളെ പകൽ. വീണ്ടും ഒരു രാത്രി കഴിഞ്ഞു. ഈ വീട്ടിൽനിന്നും യാത്ര പറയണം. വിചാരിച്ചുകൂടാ.

അടുത്തു് കിടന്നുറങ്ങുന്നതു് കൊച്ചുമോനും അവന്റെ അമ്മയുമാണു്. അവർ അങ്ങിനെ നിശ്ശബ്ദമായി കിടക്കാൻ തുടങ്ങീട്ടു് പതിനഞ്ചു് മിനുട്ടായിട്ടേയുള്ളു. അവൻ പൊട്ടിപ്പൊട്ടി കരയുകയും, കണ്ണീരോടുകൂടി അവൾ 'വാവാവാവൊ—' പാടി മുറിയിൽ അങ്ങുമിങ്ങും നടക്കുകയും ചെയ്തു. അവൻെറ വേദനകൾ അനുഭവിക്കുന്നതു് അവളാണു്. ദേഹത്തിലെ വലിയ വലിയ കുരുകൾ ചുകന്നു് പൊട്ടാൻ തയ്യാറായി നില്ക്കുകയാണു്. രണ്ടു കൺപോളകളും വീങ്ങി അടഞ്ഞിരിക്കുന്നു. ആ പിഞ്ചുപൈതൽ അത്രയും വേദന അനുഭവിക്കുന്നതോക്കുമ്പോൾ മനസ്സ് പൊട്ടിത്തകരുകയാണു്. അപ്പോൾ ഒരൊററ പ്രാത്ഥനയേയുള്ളു.

"ഈശ്വരാ, കുറേനേരം അവൾ സുഖമായുറങ്ങണേ"

ഇനി രണ്ടുദിവസമേയുള്ളൂ വീട്ടുവിടാൻ. അല്പം വിശ്രമിക്കാൻ ബാക്കിയുള്ള ദിവസങ്ങളാണ്. സാദ്ധ്യമല്ലാ. കൊച്ചുമോൻെറ കരച്ചിലും അവളുടെ കണ്ണീരും കണ്ടുകൊണ്ട് വിശ്രമിക്കാൻ ഇരുന്നുകൂടാ.

നേരം പുലർന്നതിന്നുശേഷം എത്രതവണ പൊരിയുന്ന വെയിലത്ത് പരന്നുകിടക്കുന്ന വയൽവരമ്പുകളിലൂടെ ഓടീട്ടുണ്ട്. പതിനഞ്ചാമത്തെ തവണ ഓട്ടുമ്പോൾ ആ വെയിലത്ത് കാലും തലയും ചുട്ടു പൊരിഞ്ഞപ്പോൾ ഒരു നിസ്സഹായനെപ്പോലെ സ്വയം കരഞ്ഞുപോയി.

വൈദ്യരെ കണ്ടു; മരുന്നിന്ന് എഴുതിത്തന്നു. വടിക്കാൻ, കുടിക്കാൻ. അങ്ങിനെ നേരെ വിയർത്തൊലിച്ച് വീട്ടിലേക്കോടി. കാശുണ്ടോ? ഇല്ലാ. മരുന്നുകൾ വാങ്ങണം. മോൻ വേദനസഹിക്കാനാകാതെ കരയുന്നു. വീങ്ങിവീർത്ത കൺപോളകളും, ചുകന്ന് ഉരുണ്ടു നില്ക്കുന്ന കുരുക്കളും കാണുമ്പോൾ കരൾ പൊട്ടിപ്പോകുന്നു!

ഒരു മൂന്നുനാലു രൂപയേ ആവശ്യമുള്ളൂ. നാലു രൂപാക്കുവേണ്ടി അഭിമാനത്തിനെ മുറിച്ച് വേദനിപ്പിക്കണം. ആരോടും ചോദിക്കാം. ചോദിച്ചാൽ ഇല്ലെന്നു പറയുന്നർ ധാരാളമാണ്, ഒന്ന് കഷ്ടപ്പെടുന്നതു് കാണാനും, മുമ്പിൽ തലകുനിക്കുന്നതു് കാണാനും കാത്തുനില്ക്കുന്നവരാണെല്ലാം. അതെന്താണെന്ന് അറിഞ്ഞുകൂടാ. പക്ഷെ, അവർ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവരെ സമീപിച്ചുകൂടാ. ഉള്ളിലെ സ്ഥിതി അങ്ങിനെ

ആരും അറിയാതിരിക്കട്ടെ. ഉള്ളിലെ സ്ഥിതി! ആ വാക്കുകൾ ജീവിതത്തിലൊരിക്കലും മറക്കാനാവില്ലാ. ആരും പറഞ്ഞിട്ടില്ലാത്ത ആ വാക്കുകൾ ആദ്യമായി അവളുടെ നാവിൽനിന്നു പൊട്ടിവീണു! "ദുഷ്ടത്തി!"

ആ നാട്ടിൻെറ നാവുകളിൽനിന്നു തെറിച്ചുവീഴാൻ കാത്തുനിന്ന വാക്കുകളാണതു്. അതു് അവളിൽക്കൂടി പുറപ്പെട്ടെന്നേയുള്ളൂ.

അന്നു മുഴുവൻ ഉള്ളിൽ കൊട്ടങ്കാററടിക്കുകയായിരുന്നു. വൈകുന്നേരമാണു്. വിശന്നു് പൊറുത്തുകൂടാത്ത ഒരമ്മയും മൂന്നു കൊച്ചു മക്കളും പടിക്കൽ വന്നുനിന്നു് ദീനമായി വിളിച്ചുപറയുന്നതു് കേട്ടു:

"ഒരിററു വെള്ളം തരണേ!"

അതൊരു പൊട്ടിക്കരച്ചിലാണെന്നു് തോന്നിപ്പോയി. പാവപ്പെട്ടവരാണു്. പൊരിയുന്ന വെയിലത്തു് തെണ്ടിത്തിരിഞ്ഞെത്തിയവരാണു്. അവരെ വീട്ടിലേക്കു് വിളിച്ചു.

എന്തു് ആവേശത്തോടും ആശ്വാസത്തോടുംകൂടിയാണവർ പടി കയറിവന്നതു്! ആരും ആ നാട്ടിൽ അവരുടെ വിളി കേട്ടതായി നടിച്ചിരുന്നില്ലെന്നു് ആ ആവേശം വേദനയോടുകൂടി പറയുന്നതായി തോന്നും. മദ്ധ്യവയസ്കയായ ആ മാതാവിൻെറ തലയിൽ മടക്കിയ ഒരു മെത്തപ്പായയുണ്ടു്. അതിന്മേൽ വൃത്തികെട്ടൊരു തുണിക്കെട്ടു്. അതിന്മേൽനിന്നു് ഈച്ചകൾ കൂട്ടം കൂട്ടമായി

പറക്കുന്നു. കറുത്തു മെലിഞ്ഞ മൂന്നു മക്കൾ. ഒക്കത്തൊരു ചോരക്കുഞ്ഞും. അവർ മുററത്തുവന്നു് അവശതയോടെ ചടഞ്ഞിരുന്നു. വിശപ്പുണ്ടെങ്കിലും ആ മക്കൾ മുററത്തു കിടന്ന ഒരൊഴിഞ്ഞ പൗഡർടിന്നിനു വേണ്ടി ബഹളം കൂട്ടുകയും, ശാഠ്യം പിടിച്ച് കരയുകയുമായിരുന്നു. അപ്പോൾ ആ അമ്മ പല്ലുകൾ ഞെരിച്ചുകൊണ്ടു് പറഞ്ഞു:

"ഓ, ഇവറേറ്യള അങ്ങെടുത്തുപോയെങ്കിൽ ദൈവേ. എവിടേം കേറിച്ചെന്നാല്യ് അവിടേം ശല്ല്യണ്ടാക്ക്ണ മൂടിവിത്ത്ങ്ങള്ള്!"

ആ അമ്മ അങ്ങിനെ പാടില്ലാത്തതു് പറയുന്നതുകേട്ടപ്പോൾ വീട്ടിലുള്ളവർ നടുങ്ങിപ്പോയി. ഓ. വല്ലാത്ത ഒരമ്മ! അവളുടെ മടിയിൽ കിടന്നു് ഒഴിഞ്ഞ കവിടിസഞ്ചിപോലത്തെ മുല നുണച്ചിറക്കുന്ന ആ ചോരക്കുഞ്ഞ് മലവിസർജ്ജനം ചെയ്തുകൊണ്ടേ ഇരിക്കയാണു്. ഇളം മഞ്ഞയും പച്ചയും കലന്ന ഒരു കൊഴുത്ത വെള്ളം. അവൾ ഉടുത്ത മുണ്ടു് മുഴവൻ ആ നിറമാണു്. അവിടൊക്കെ പ്രതിഷേധക്കാരെപ്പോലെ ഈച്ചകൾ കൂട്ടംകൂടി നില്ക്കുന്നു.

അവരുടെ മുമ്പിൽ ഒരു കിണ്ണം നിറയെ കഞ്ഞി വെച്ചുകൊടുത്തപ്പോൾ കുട്ടികൾ ആ പൗഡർടിന്നിൻെറ കാര്യം പെട്ടെന്നു് മറക്കുകയാണു് ചെയ്തതു്. ആ തള്ളയുടെ കയ്യിൽനിന്നു കഞ്ഞിയും കിണ്ണവും പിടിച്ചു പററുവാൻ ധൃതിപ്പെടുകയായിരുന്നു. അത്യാർത്തിയുടെ ഒരു ബഹളം! കുട്ടികൾ പിടിച്ചുപററി കുടിച്ചു തീർത്തുകള

യുമോ എന്നാണ് അമ്മയുടെ ഭയം. തിന്നാൻ കിട്ടിയാൽ എല്ലാം മറന്നുകളയുന്ന ഒരു പഹച്ചിയാണ് അമ്മ എന്ന് കുട്ടികൾക്കും. ഒരൊററ വീപ്പിൽ ആ അമ്മ വെള്ളം മുഴവൻ മോന്തിക്കുടിച്ചു. അപ്പോൾ നെററിയിൽ നിന്ന് വിയപ്പുതുള്ളികൾ ഉററുററിവീഴുകയായിരുന്നു. ആ മുഖത്ത് ഒരു മഞ്ഞനിറം പരന്നു. വാ പൊളിച്ച് ഇടക്കിടെ കുടുന്നീരിറക്കിക്കൊണ്ട് ആ സ്ത്രീ കിതച്ചുകൊണ്ടിരുന്നു. എന്നിട്ട് ഒരു വീപ്പ്കൂടി കഞ്ഞി മോന്തിക്കുടിച്ചിട്ട് കിണ്ണം കുട്ടികളുടെനേരെ നീട്ടി കിതപ്പോടുകൂടി പറഞ്ഞൊപ്പിച്ചു:

"വാരി തിന്നോളീ—"

അത് മറെറാരു ബഹളത്തിൻെറ തുടക്കമായിരുന്നു. കുട്ടികൾ അന്യോന്യം വാരിപ്പിടിക്കുകയും കശപിശ കൂട്ടുകയും ചെയ്യുകൊണ്ടിരുന്നു. അന്നു രാത്രി കിടന്നുറങ്ങാൻ ഒരിടത്തെപ്പററി...കുട്ടികളുടെ വികൃതികളെപ്പററി...അവരുടെ അച്ഛൻെറ ഹൃദയശൂന്യതയെപ്പററി അവൾ ആരോടെന്നില്ലാതെ പറയുകയാണ്.

"അപ്പം കുട്ട്യേൾടെ അച്ഛനെവിട്യാ?" ഭാര്യ ചോദിച്ചു.

"ആ പകേനോ?" അവളുടെ കണ്ണുകൾ പ്രകാശിക്കുന്നു. കിതപ്പോടുകൂടി മടിയിൽ കിടന്നു മയങ്ങുന്ന ചോരക്കുഞ്ഞിൻെറ വിയപ്പ് തുടച്ചുകൊണ്ടവൾ പറഞ്ഞു:

"ഇതിനെ വയററിലുള്ളേരം പോയതാ. ഒരു ദുഷ്ടത്തി ഓൻെറ വയററില് മരുന്ന് കൊടുത്തതാ. എ

ന്നിട്ട് ഈ കുട്ട്യേളും വിട്ട് ഓൻ ഓള്യപ്പം പോയി—''
അവൾ കരഞ്ഞില്ലാ. ഭാര്യയുടെ കണ്ണുകളാണ് നനഞ്ഞതു്, ആ അലിവു കണ്ടപ്പോൾ അവൾ പറകയാണു്.

''ഈ കുട്ട്യേൾക്കു് മേലിടാൻ എന്തെങ്കിലും തരോ? ആ കൊണം ങ്ങടക്കു് കിട്ടും—''

ആ ഗുണം സമ്പാദിക്കാനുള്ള അത്യാഗ്രഹത്തോടെയെന്നപോലെ അവൾ അകത്തേക്കുപോയി. പഴക്കം ചെന്ന നാലഞ്ചു് കുഞ്ഞിക്കുപ്പായങ്ങൾ അവൾ ആ കുഞ്ഞുങ്ങളുടെ മുമ്പിലേക്കിട്ടുകൊടുത്തു. അപ്പോഴും അവർ ബഹളമുണ്ടാക്കി. പറയാൻ പാടില്ലാത്ത വാക്കുകൾ ആ അമ്മ പറഞ്ഞു. കേട്ടവർ ഞെട്ടിപ്പോയി!

അങ്ങിനെ കഞ്ഞിക്കിണ്ണവും, കുഞ്ഞിക്കുപ്പായങ്ങളുമായി മുററത്തിരിക്കുന്ന അമ്മയെയും മക്കളെയും രൂക്ഷമായി നോക്കിക്കൊണ്ടാണു് ആ ദുഷ്ടത്തി മുററത്തുകൂടെ നടന്നു വന്നതു്. കയ്യിലൊരു മൺപാത്രവുമായി ആ അയല്ക്കാരി വെള്ളം കോരിയെടുക്കാൻ വരികയാണു്.

ആ ചുററുപാടിൽ എങ്ങും വെള്ളമില്ലാ. അസൂയയുടെ ചൂടുകൊണ്ടു് വററിപ്പോയെന്നാണു് ഓരോരുത്തരും പറയുക. പറയുന്നവരോരോരുത്തരും ദുഷ്ടന്മാരാണെങ്കിലും കേൾക്കുമ്പോൾ നേരാണെന്നു തോന്നുകയും ചെയ്യും.

വെള്ളം കോരിയെടുക്കുന്നതിന്നിടയിൽ ആ സ്ത്രീ ആരോടെന്നില്ലാതെ പറയുന്നതുകേട്ടു:

"ഹും, ഇടവഴിയിലൂടെ പോകുമ്പം വീട്ടിൻെറ ഉയരോം പൊകപ്പും കണ്ടിട്ട കേറീതാന്നാ തോന്നുണ്. ഉള്ളിലത്തെ സ്ഥിതി എന്താന്നു് ആരെങ്കിലും അറിയ്യ്യാ?"

ആ വാക്കുകൾ പുറപ്പെട്ടിടത്തേക്കു് എല്ലാവരും നോക്കിപ്പോയി. ആ അമ്മയും മക്കളും ആ സ്ത്രീയെ ഒന്നു നോക്കീട്ടു് വീട്ടിലുള്ളവരെയും അമ്പരപ്പോടെ ഒന്നു നോക്കി.

'എന്തേ ആ പറഞ്ഞതിൻെറ സാരം?" എന്നു് ആ നോട്ടം ഒരു പുച്ഛഭാവത്തിൽ ചോദിക്കുന്നതായി തോന്നി. മററുള്ളവരുടെ സഹായവും തേടിവരുന്ന ആ പട്ടിണിക്കാരിയുടെ കണ്ണുകളാണു് അങ്ങിനെ ഒരു ചോദ്യം ചോദിക്കുന്നതു്!

മനസ്സിൽ തീയാളുകയായിരുന്നു. അതിനെ ജ്വലിപ്പിച്ചുകൊണ്ടു് കൊടുങ്കാററും. വെള്ളം കോരിക്കൊണ്ടിരിക്കുന്ന ആ സ്ത്രീയെ കുറേനേരം നോക്കിയിരുന്നു. താൻ ഒന്നും പറഞ്ഞിട്ടില്ലെന്നാണു് അവളുടെ ഭാവം. അപ്പോൾ ആദ്യമായി മറക്കലിൻെറയും, പൊറുക്കലിന്റെയും, സ്നേഹത്തിൻെറയും വേരുകൾ അററുപോയി. പ്രായംചെന്ന ആ സ്ത്രീയുടെ മുഖത്തേക്കു് തുറിച്ചുനോക്കി കതിനവെടിപോലെ ചോദിച്ചു:

"നിങ്ങളോടു്: എന്താ ആ പറഞ്ഞതെന്നു്!"

അവൾ ഞെട്ടി. അപ്പോൾ, പട്ടിണിക്കാരിയായ സ്ത്രീ പറയുകയാണു്:

“ഓടിട്ട ഉയരമുള്ള ഈ വീട്ടും പൂന്തോട്ടവും കണ്ടിട്ട് ഞങ്ങൾ കേറീതാണെന്നു്. ഉള്ളില് എല്ലാം പൂജ്യാന്നാ. ഞങ്ങക്കറിയ്യോ അതൊക്കെ—”

ഞെട്ടിപ്പോയി! ഇരുന്നിടത്തുനിന്നെഴുന്നേററിട്ട് വീണ്ടും ഉറക്കെ ചോദിച്ചു:

“എന്താ ആ പറഞ്ഞതെന്നു് നിങ്ങളോടാണു് ചോദിച്ചതു്?”

ആ സ്ത്രീ ഭയത്തോടുകൂടി ചുററും നോക്കി. പിന്നെ വാക്കുകൾക്കു് ഒരു വെള്ളച്ചാട്ടത്തിൻെറ ശക്തിയായിരുന്നു. എന്തൊക്കെ പറഞ്ഞുകൂടാ, ആരൊക്കെ കേട്ടുകൂടാ എന്നൊന്നും ചിന്തിക്കാൻ കഴിഞ്ഞില്ലാ. ഉറക്കെ ഉറക്കെ ആ നാട്ടിൻപുറത്തെ അയല്ക്കാരുടെ ദുഷ്ടതകളുടെ നേക്കു് വലിയ തീക്കട്ടകൾ വാരിയെറിയുകയായിരുന്നു. ലോകം മുഴുവൻ കിടുകിടെ വിറക്കുന്നതായി തോന്നി. മൺപാത്രവും വെള്ളവും ഒക്കത്തെടുത്തു് ആ സ്ത്രീ അങ്ങിനെ തരിച്ചു നില്ക്കുകയാണു്. ഒരമ്മയും മൂന്നു മക്കളും മുററത്തു് കരിങ്കൽ പ്രതിമകൾപോലെ നിശ്ചലരായിരിക്കുന്നു. ഭാര്യ തുണംചാരി അനങ്ങാതെ താഴോട്ടും നോക്കി നില്ക്കുന്നു.

‘അങ്ങിനെ, മററുള്ളവരുടെ ഉള്ളിലെ സ്ഥിതിഗതികളറിയാനും, അതേപ്പററി ദുഷ്ടതയോടെ പറയാനും ഈ നാട്ടുകാക്കുള്ളസർവ്വാക്കുന ആ നിമിഷമെങ്കിലും ഒന്നു നട്ടങ്ങട്ടെ! പണവും! പ്രതാപവുമായി വിശക്കുന്നവരും ദാഹിക്കുനാവരുമായ നിർഭാഗ്യവന്മാരെ അവജ്ഞയോ

ടെ നോക്കുന്ന ഭാഗ്യവാന്മാർ ലജ്ജിക്കട്ടെ!' ആ സ്ത്രീയുടെ മുഖത്തുനോക്കി ഉറക്കെ പറയുമ്പോൾ അങ്ങിനെയൊക്കെ ആശിച്ചുപോയി!

ഒരുപക്ഷേ, ഉള്ളിലെ സ്ഥിതി മോശമായിരിക്കാം. അല്ലെങ്കിൽ കേമമായിരിക്കാം. മററുള്ളവർ അങ്ങോട്ട് എന്തിനാണു് അസൂയയോടുകൂടി നോക്കുന്നതു്!

അല്ലെങ്കിൽ ഉള്ളിൽ എന്തു തകരാറാണുള്ളതു്?

അവളും മോനും കിടന്നുറങ്ങുകയും, താൻ ജനാലയിലൂടെ പുറത്തെ നിലാവിലേക്കു് നോക്കിയിരിക്കുകയും ചെയ്യുന്ന ഈ കട്ടിലിന്നു് നല്ല വീതിയുണ്ടു്. ഭംഗിയായി വിരിച്ച കിടക്ക! പൂക്കൾ തുന്നിപ്പിടിപ്പിച്ച തലയിണകൾ. വയലററു പുള്ളികളുള്ള വിരിപ്പിട്ട മേശ. വലിയ കണ്ണാടി. മേശമേൽ പൌഡർ ടിന്നുകൾ. സിഗരററു പേക്കററുകൾ. മാസികകൾ. ഒരു കൊച്ചു റേഡിയോ. ചുവരിൽ ഘടിപ്പിച്ചുണ്ടാക്കിയ അലമാരയിൽ നിറയെ പുസ്തകങ്ങൾ അടുക്കിവെച്ചിരിക്കുന്നു. അഞ്ചുമണിയാകുമ്പോൾ മധുരമായ റേഡിയോഗീതങ്ങൾ വീട്ടിൽനിന്നു പുറപ്പെടുന്നു. കുട്ടികൾ ഉടുപ്പുകളിട്ടു് ഓടിയാടി നടക്കുന്നു; അപ്പോൾ മററുള്ളവരുടെ മനോഗതികൾ ഇങ്ങിനെയാണ്.

"ഓ, ഒരു പാട്ടും കൂത്തും!"

"ഇതെന്തൊരു നിലയാണ്!"

ആ അഭിപ്രായങ്ങൾ മാറുള്ളവരിൽനിന്നു് ആ അന്തരീക്ഷത്തെ ഒററപ്പെടുത്തുകയാണു്, ക്രൂരമായ നോട്ടങ്ങളുടെയും 'കുശുകുശു'ക്കലിൻെറയും നടുവിൽ പെട്ട് ഞെരുങ്ങുകയാണ്. സാധാരണക്കാരന്നു് നന്നായി ജീവിച്ചുകൂടെ? ഉള്ളതുകൊണ്ടു് എല്ലാം ഭംഗിയാക്കുവാൻ ശ്രമിച്ചുകൂടെ? അവൻെറ വീട്ടിൻെറ ചുവരുകൾക്കു് വെള്ളനിറം പാടില്ലെ? വൃത്തികേടുകളിൽനിന്നു് അകന്നു നില്ക്കാൻ ശ്രമിച്ചുകൂടെ...? കുളിക്കുന്നതുകൊണ്ടോ, 'ഇടാനും, ഉടുക്കാനു'മുള്ളതു് നനച്ചു വൃത്തിയാക്കി ഉപയോഗിക്കുന്നതുകൊണ്ടോ തെററുണ്ടോ? അവൻെറ വീട്ടിൽ സംഗീതം നിഷേധിക്കപ്പെട്ടിട്ടുണ്ടോ? കണ്ണീരും, 'ഇല്ലായ്മ' പറയലും, അസംതൃപ്തിയും അവൻെറ കൂടപ്പിറപ്പായി കരുതണമോ? എങ്കിൽ ഈ നാട്ടിലെ ഹൃദയങ്ങൾക്കു തൃപ്തിയായി......

അങ്ങിനെയൊക്കെ ഓർത്തുപോകുന്നു. സമയം ഒരു മണിയോടടുക്കുകയാണ്. മോനും, അവളും സുഖമായുറങ്ങുന്നു, ഉറങ്ങട്ടെ! ആ മുഖങ്ങളിൽ വേദനയുടെ പാടുകൾ നിഴലിച്ചുകാണുന്നു. ഉറങ്ങുമ്പോഴും ആ കൊച്ചുകുഞ്ഞു് വേദനയനുഭവിക്കുകയായിരിക്കാം.

രണ്ടു ദിവസങ്ങളേയുള്ളു. ആ നിലയും കണ്ടു് വീട്ടിൽനിന്നു് പുറത്തിറങ്ങേണ്ടിവരുമോ? ഈ പടിയിറങ്ങുംമുമ്പു് അവൻ സ്വസ്ഥതയോടെ മുററത്തും കോലായിലും ഓടിനടക്കുന്നതു് കാണണം. അതിന്നുവേണ്ടിയാണ് പൊരിയുന്ന വെയിലത്തു് പത്തു്പതിനഞ്ചു് തവണ ഓടിയതു്. വൈദ്യരെ കണ്ടു. വടിക്കാനും കുടി

ക്കാനും മരുന്നുകൾക്കെഴുതിത്തന്നു. അതു വാങ്ങാൻ കാശില്ല. മററാരു വഴിയുമില്ലെന്നു് മനസ്സിലായപ്പോൾ നാണംകെട്ട മററാരുവഴിയിലേക്കു് തിരിയേണ്ടിവന്നു. അവളുടെ നടുവിരലിലിട്ട മോതിരത്തിലേക്കു് കണ്ണുകൾ പറന്നുചെന്നു. അവൾ ഏററവുമധികം ഇഷ്ടത്തോടെ സൂക്ഷിക്കുന്ന ഒന്നാണതു്. അതിന്മേൽ തൻെറ പേരിൻെറ ആദ്യത്തെ അക്ഷരം കൊത്തിയിട്ടുണ്ടു്. അവൾ തൻേറതായി വീട്ടിൽ വന്ന ആ രാത്രിയിൽ വിരലിൽ ഇട്ടുകൊടുത്ത മോതിരമാണ്. ഒരു മോതിരമെന്ന നിലയിലല്ല അവൾ അതിനെ ഇഷ്ടപ്പെടുന്നതു്. അവളുടെ ജീവിതത്തെ വലയംചെയ്തുകിടക്കുന്ന മഹത്തായ സ്നേഹബന്ധമാണതെന്നു് അവൾ കരുതുന്നു. ആ കൈവിരലുകൾ കൂട്ടിപ്പിടിച്ച് ചുംബിച്ചുകൊണ്ടു് വേദനയോടെ പറഞ്ഞു:

"മോന്നു് മരുന്നുവാങ്ങാനാണു്", ആ മോതിരം തല്ക്കാലം പണയും വെക്കണം......"

കൈകൾക്കുള്ളിൽനിന്നു് ആ വിരലുകൾ പെട്ടെന്നു ശക്തിയോടേ വലിഞ്ഞു. അവൾ കണ്ണുകളിലേക്കു് തന്നെ നോക്കിനിന്നു. ആരും ഒന്നും മിണ്ടിയില്ല. ആ നിശ്ശബ്ദത കുറച്ചങ്ങനെ നീണ്ടിയപ്പോൾ ആ മോതിരം അവൾ തൻെറ കൈകളിലേക്കു തന്നു. ആ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു, ഒരുപക്ഷെ, കുഞ്ഞിൻെറ വേദനകളെപ്പററി ഓർത്തായിരിക്കാം. അല്ലെങ്കിൽ അവൻെറ അച്ഛൻെറ നിസ്സഹായതയെപ്പററി ചിന്തിച്ചായിരിക്കാം. ഒരുപക്ഷെ, ആ മോതിരം അങ്ങനെ ഏഴ

കൊല്ലങ്ങൾക്കുശേഷം ആദ്യമായി മററൊരാളുടെ കൈക ളിലേക്കു് ചെന്നുവീഴുന്നതോർത്തായിരിക്കാം......

അവൾ തലക്കു് കീഴിൽ മടക്കിവെച്ച ആ കൈ വിരലിലേക്കു് നോക്കി. ആ മോതിരത്തിൻെറ പാടുമാ ത്രമുണ്ടു്. സങ്കടത്തോടുകൂടി അപ്പോൾ അവളെ ആക മാനമൊന്നു നോക്കാതിരിക്കാൻ കഴിഞ്ഞില്ല. കുഞ്ഞി നു് മുലയും കൊടുത്താണവൾ അങ്ങിനെ ക്ഷീണത്തോടു കൂടി ഉറങ്ങിപ്പോയതു്. ആ മുലക്കണ്ണു് അവന്റെ ചുണ്ടു കളിൽനിന്നു് വിട്ടുകിടക്കുന്നു. ഉയർന്നുനില്ക്കുന്ന ആ നീല ബ്ലൗസ്സ് താഴോട്ടു നീക്കുമ്പോൾ അവൾ ഉണരുമോ എന്നു സംശയം തോന്നി. നെററിയിൽ കുറേശ്ശ വിയർപ്പുപൊ ടിഞ്ഞിട്ടുണ്ടു്. തുവ്വാലകൊണ്ടു് മെല്ലെ തുടച്ചുകളഞ്ഞി ട്ടു് ലേശം പൌഡർ വിതറുമ്പോൾ അവൾ ഒരു ഞട്ടലോ ടുകൂടി മലർന്നുകിടന്നു. ആ മുഖത്തു് വല്ലാത്ത ക്ഷീണമു ണ്ടു്; ആ കവിളുകളിൽ കണ്ണീരിൻെറ പാടുമുണ്ടു്. ആ കണ്ണീർപാടിലേക്കു് നോക്കിയിരുന്നപ്പോൾ അനിയന്ത്രി തമായി മുഖം താണുപോയി. ആ കവിളിൽ അമർത്തി ചുംബിച്ചപ്പോൾ അവൾ ഞെട്ടിയുണർന്നു. ഒരു കുററബോ ധത്തോടുകൂടി അങ്ങനെ അവളുടെ മുഖത്തേക്കു് നോക്കി യിരുന്നപ്പോൾ ആ കവിളിലേക്കു് മുഖം പിടിച്ചുചേ ർത്തി കിടന്നുകൊണ്ടവൾ ചോദിച്ചു:

"ഉറങ്ങാതിരിക്ക്യാന്നൊ?"

"ഞാൻ കണ്ടുകൊണ്ടിരിക്ക്യായിരുന്നു."

ആ കണ്ണുകളിൽനിന്നു് ഉതിർന്നൊഴുകിയ കണ്ണീർ മുഖം നനച്ചുകളഞ്ഞു. വളരെനേരം കഴിഞ്ഞപ്പോൾ അവൾ ചോദിച്ചു:

"നേരമെന്തായി?"

"രണ്ടു്!"

ജനലഴികളിലൂടെ കടന്നുവന്നു് ഞങ്ങളെ വരിഞ്ഞുകെട്ടിയ നിലാവിൻെറ വള്ളികളിൽ കുടുങ്ങി അങ്ങനെ കിടക്കുകയായിരുന്നു. അപ്പോഴാണു് രണ്ടു മൂന്നുവീടുകൾ അകലെയെങ്ങോനിന്നു് ഒരു കൂട്ടനിലവിളി ഉയർന്നുകേട്ടതു്.

"അതെന്താണു്?"

കാതുകളിൽ സർവ്വശക്തികളും കേന്ദ്രീകരിച്ചു ശ്രദ്ധിച്ചുകിടന്നു.

"എൻെറ മോളെ!" അങ്ങനെ വിളിച്ചുകരയുന്നതായി കേട്ടതുപോലെ തോന്നി.

"എവിടുന്നാണു്?"

അപ്പോൾ പെട്ടെന്നു് ഓർമ്മവന്നതു് ഒരു കുടുംബത്തെപ്പററിയായിരുന്നു.

വീട്ടിൽനിന്നു് മൂന്നുനാലു വീടുകൾക്കപ്പുറത്തുള്ള ഒരു കുടുംബമാണതു്. ഗർഭവതിയായ ഒരു മകളും, അവളുടെ ഒരു കൊച്ചുകുട്ടിയും, തള്ളയുമാണവിടെ ജീവിക്കു

ന്നതു്. അവളുടെ ഭർത്താവു് വയനാടൻ മലകളിൽ ആ കുടുംബത്തിനുവേണ്ടി മലമ്പനിയും, കഷ്ടപ്പാടുകളുമായി ജീവിക്കുകയാണു്.

പതിനഞ്ചാമത്തെ തവണ ആ മോതിരവും പണയംവെച്ച് വീട്ടിലേക്ക് തിരക്കിട്ട നടന്നുവരികയായിരുന്നു. അപ്പോൾ ആ തള്ള മകളുടെ കൊച്ചുകുഞ്ഞിനേയും ഒക്കത്തെടുത്തു് ധൃതിയിൽ അവരുടെ പടിക്കലേക്കോടിവന്നു. പടിക്കലെത്തിയപ്പോൾ ആ തള്ള പറഞ്ഞു:

"ഒന്നു പറയാനുണ്ടേ. കണ്ടിട്ടാ ഇങ്ങോട്ട് ഓടി വന്നതു്."

എന്തു പറയാനായാലും അതു കേട്ടുനില്ക്കാൻ നേരമില്ലാത്ത നിലയാണു്. വീട്ടിൽ കുഞ്ഞു വേദന സഹിക്കുകയാണു്. വാങ്ങിയ മരുന്നുകൊണ്ടു് വടിക്കാനും കുടിക്കാനും തയ്യാറാക്കിയേ മനസ്സമാധാനമുള്ളൂ. എന്നാലും അവിടെ അങ്ങനെ നിന്നു ചോദിച്ചു:

"എന്താ—?"

"മോളു് കൊറേശ്ശ വേദന്യായി കെടക്വാണു്. തെകഞ്ഞ മാസാ. ഇന്നു് അടുപ്പിൽ തീ മൂട്ടീട്ടില്ല. ഈ കുഞ്ഞ് വെശന്നു് കരയ്യാണു്. അച്ഛൻ ഇന്നൊ, നാളേ്യാ വരുംന്നു് പറഞ്ഞതാ. വന്നുകാണു്ണില്ല. ഒരഞ്ചുറുപ്പിക തരോ. പെണ്ണിനു് വല്ലതും അധികാച്ച്യാൽ ആരേം വിളിക്കെണ്ടേല്ലോ. ഇത്തിരി അരിവാങ്ങി എന്തേം കാച്ചിക്കൊടുക്കേം വേണം, കുട്ടീടച്ഛൻ വന്നാൽ

ആദ്യം ആ പണം തരേം ചെയ്യാം—''

തല പുകയുമ്പോൾ മററൊരു പ്രാരബ്ധക്കാരി മുന്നിൽ വന്നുനില്ക്കുന്നു. അനുകമ്പയല്ല ഉണ്ടായതു്; അമർഷമായിരുന്നു. എന്തുകൊണ്ടാണെന്നറിയില്ലാ, അങ്ങു് പറഞ്ഞുപോയി:

"നിങ്ങൾക്കൊക്കെ വല്ല കാര്യോം അറിയ്യോ? മററുള്ളോരുടെ കഷ്ടപ്പാട് നിങ്ങൾക്കറിയില്ലാ. എന്താ എനിക്കു് ബാങ്കുണ്ടെന്നാണോ വിചാരം—''

പിന്നെ അവിടെ നിന്നില്ലാ. ഉടനെ മുന്നോട്ടു നടന്നു. ഒരു തവണ തിരിഞ്ഞുനോക്കിയപ്പോൾ ആ സ്ത്രീ കുഞ്ഞിനേയുമെടുത്തു് അങ്ങിനെ തരിച്ചുനില്ക്കുകയായിരുന്നു. ആ സ്ത്രീ കരയുകയായിരിക്കുമോ എന്നു തോന്നി.

കുഞ്ഞിന്നു മരുന്നുകൾ ചെയ്തപ്പോൾ ആ രംഗം വീണ്ടും മനസ്സിൽ തെളിഞ്ഞുവന്നു. ഗർഭം തികഞ്ഞ ഒരു സ്ത്രീ. അവൾക്കു് വേദനയാണു്; പ്രസവവേദന!

അവളുടെ ഭർത്താവു് എങ്ങോ വയനാടൻ മലകളിലാണു്. കുഞ്ഞ് വിശന്നു കരയുന്നു. ഒരഞ്ചുറുപ്പിക ആ വീട്ടിൽ അപ്പോൾ ഒരത്യാവശ്യമാണു്......

അതുകേട്ടപ്പോൾ ഭാര്യ ചോദിച്ചു:

"എന്നിട്ടു് ഒന്നും കൊടുത്തില്ലെ?''

അതുകേട്ടപ്പോൾ ആശ്ചര്യമാണു് തോന്നിയതു്. മ

രുണ്ടവാങ്ങാൻവേണ്ടി മോതിരം പണയംവെച്ച കാര്യം അവൾ മറന്നുപോയപോലെ—

"വല്ലതും കൊടുക്കാനുണ്ടായിന്നോ?"

"പാവം! ആ കരച്ചിൽ അവിടുന്നായിരിക്കുമോ?"

നിശ്ശബ്ദമായ ആ പാതിരാവിൽ ആ രോദനം ഉയ ന്നുയന്നു കേൾക്കുന്നു.

"ൻെറ പൊന്നുമോളൊ—!"

എഴുന്നേററ് ജനാലയിലൂടെ പുറത്തേക്കുനോക്കി ശ്രദ്ധിച്ചുകൊണ്ടു് ആലോചിച്ചു:

"അവൾക്കു് വല്ല തകരാറും പററിയോ? അവ രെ സഹായിക്കാൻ ആരെങ്കിലുമുണ്ടാകുമോ?"

ആ രോദനം കേട്ടതുകൊണ്ടായിരിക്കാം ചില വീട്ടു കളിൽനിന്നു ആളുകൾ ഉറക്കെ കൂയ് എന്നു കൂക്കിവിളി ക്കുന്നുണ്ടു്, ചൂട്ടുകൾ കത്തിച്ച് ആരൊക്കെയോ ഓടുന്നു. ആ നിശ്ശബ്ദത മുഴവൻ അകന്നു തരിപ്പണമാവുകയാണു്. എല്ലാ വീടുകളിലെയും പട്ടികൾ കുരച്ചാർക്കുന്നു. 'ഫൗ!' വീട്ടിലെ കോലായിൽ ചുരുണ്ടു കിടന്നുറങ്ങിയ പട്ടിയും കുരച്ചോടി. അതുകേട്ട് കുട്ടി ഞെട്ടിയുണന്നു് ഉറക്കെ പൊട്ടിക്കരഞ്ഞു. ജനാലക്കരുകിൽനിന്നു് ഞെട്ടിത്തിരി ഞ്ഞു നോക്കി. അവൻ ഉറക്കെ വാപൊളിച്ചു കരയുക

യാണ്. അവൻെറ അമ്മ നിസ്സഹായതയോടെ വാ വാ വോ പാടുന്നു. എങ്ങും നിലക്കാത്ത രോദനങ്ങൾ. പട്ടികളുടെ പേടിപ്പിക്കുന്ന കുരകൾ! ലോകം ഞെട്ടിയുണർന്നിരിക്കുന്നു!

# റയിൽവേസ്റ്റേഷനിൽ ഒരു പ്രസവം

റെയിൽവെസ്റ്റേഷനിൽവെച്ചൊരു പ്രസവം! ഒരു പുതിയ സംഭവമൊന്നുമല്ല. പറന്നുകൊണ്ടിരിക്കുന്ന വിമാനത്തിൽവെച്ച് ഗത്യന്തരമില്ലാതെ പെണ്ണുങ്ങൾ പെററിട്ടുണ്ട്. പിന്നെ തെരുവീഥികളിൽവെച്ച്...... തീവണ്ടിയിൽവെച്ച്......ആക്കും ഒന്നും പറയാനില്ലാത്ത കാര്യമാണ്. ഒരു വശത്ത് പ്രസവം നടന്നുകൊണ്ടിരിക്കുമ്പോൾ, മുമ്പിൽ മററുള്ളവർ കണ്ണുകളടച്ച് പ്രാത്ഥിക്കുകയും ആശ്ചര്യപ്പെടുകയുമായിരിക്കും:

"ദൈവമേ, ഇതെന്തൊരു കഥയാ—!"

പക്ഷെ ആരെങ്കിലും ഒരിക്കലെങ്കിലും പറഞ്ഞതായി കേട്ടിട്ടുണ്ടോ?

"ഡേം ഫണ്ണി ഈസിററ്?"

"ഡിസ് ഗ്രെയിസ്!"

ചോദ്യകർത്താവ് യോഗ്യനായ ഒരാണും പിൻതാങ്ങിയതു് യോഗ്യത്തിയായ അയാളുടെ 'ഡാർലിങ്ങു'മായിരുന്നു......

"ദുഷ്ടന്മാർ വിവേകമില്ലാത്തവർ!"

അങ്ങിനെയൊന്നും കേട്ടവരിലൊരു കുട്ടിയും പറഞ്ഞില്ല. എല്ലാവരും ആ പ്രസവവും നോക്കി ആഹ്ലാദഭരിതരായി അങ്ങിനെ നില്ക്കുകയായിരുന്നു. എന്തു രസകരമായ കാഴ്ച! ചിലർ ചെണ്ടകൊട്ടുംപോലെ പൊട്ടിച്ചിരിച്ചു.

ചുററും അങ്ങിനെ ആണുങ്ങളും പെണ്ണുങ്ങളും തടിച്ചുകൂടി നിന്നു് സന്തോഷിക്കുന്നതു് കണ്ടിട്ട് അവൾ കരഞ്ഞതൊന്നുമില്ല. അവൾ കുഞ്ഞിനെ വാരിയെടുത്തു് തുരുതുരെ ഉമ്മവെച്ചു. എന്നിട്ട് പൊട്ടിച്ചിരിക്കുന്ന എല്ലാവരുടേയും മുഖത്തേക്കു് അനുകമ്പാർഹമാംവിധം മാറിമാറി നോക്കി. ആ നെററിത്തടം വിയർത്തൊലിച്ചിരുന്നു. ചുരുണ്ട ചെമ്പിച്ച മുടിയിഴകൾ വിയർപ്പിൽ നനഞ്ഞ് നെററിയിൽ പററിക്കിടന്നു......

ആ കണ്ണുകളിൽ പരിഭ്രമം നിഴലിച്ചു നിന്നിരുന്നോ? അവൾ ആ കുഞ്ഞിനെ മാറോടമർത്തി പിടിച്ചിരിക്കുന്നു. ആ കുഞ്ഞിനെ വല്ലവരും തട്ടിയെടുത്തു് കൊണ്ടുപോയ്ക്കളയുമോ എന്ന ഭയാശങ്കകളോടുകൂടിയാണു് അവൾ എല്ലാവരേയും നോക്കുന്നതു്......

"ദുഷ്ടന്മാർ! ഒന്നിനെയിങ്ങ് പുറത്തിറക്കാനുണ്ടായ വേദന അവക്കറിയാമോ? എത്ര നേരമായി സഹിച്ചുകൊണ്ടിരിക്കുന്ന വേദനയായിരുന്നു! തുടകൾ പിളരുന്നതുപോലെ തോന്നുകയായിരുന്നു. ഒന്നു താങ്ങിപ്പിടിച്ച് കിടത്തുമോ? എല്ലാവരും ഒന്നു മറുവശത്തേക്കു തിരിഞ്ഞുനില്ക്കിൻ! എന്നെല്ലാം അറിയിക്കാൻ ആരുടെയെല്ലാം മുഖത്തേക്കു നോക്കിയതായിരുന്നു. മിണ്ടാൻ നാവ് പൊങ്ങാത്തതുകൊണ്ടായിരുന്നില്ലേ? എന്നിട്ട് ആ ആവശ്യങ്ങളിൽ എന്തെങ്കിലുമൊന്ന് ആർക്കെങ്കിലും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അങ്ങിനെ വേദനയോടുകൂടിയാണ് പ്ലേററുഫോമിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടിരുന്നതു്. അപ്പോൾ ചിലർ കണ്ണെടുക്കാതെ സൂക്ഷിച്ചുനോക്കി. മററു ചിലർ പുഞ്ചിരിച്ചു. അവരുടെ ആവശ്യങ്ങൾ എത്ര പെട്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞതു്. ഹും; അമ്മക്കു് മരണവേദനയെടുക്കുമ്പോഴാണ് മകൾക്കു് വീണവായനയുടെ തിരക്കു്. ദുഷ്ടന്മാർ! തോന്നുന്നല്ലൊ, ഈ പത്തുമാസവും തികഞ്ഞ് പൊരുത്തുകോഴിയെപ്പോലെ കവച്ചു കവച്ചു നടക്കുന്നവളെ വാരി വിഴുങ്ങിക്കളയണമെന്നു് വിചാരിക്കാൻ..."

"കുട്ടി പൊട്ടിക്കരഞ്ഞിരുന്നോ? ഇല്ലാ അതു് ആ കൈകളിൽ മലന്നു കിടക്കുകയായിരുന്നു. എന്തൊരു ശാഠ്യമാണു്?......"

വരിഞ്ഞുകെട്ടിയ ജംബറിൻെറ കെട്ടഴിച്ച് തടിച്ചുരുണ്ട ഒരു മുല പുറത്തെടുത്ത്ു് അവൾ കുഞ്ഞിന്നു മുല

കൊടുത്തു. മുല വലിച്ചു വലിച്ചു കുടിക്കുന്ന കുഞ്ഞിനെ ആവേശപൂർവ്വം അങ്ങിനെ നോക്കിയിരുന്നു......

"ഇക്കിളിയാവുകയാണ്. ആ പതമുള്ള തൊണ്ണു് തട്ടുമ്പോൾ, ഹൗ: അന്നും ഇങ്ങിനത്തെ ഒരു ഇക്കിളി യൊക്കെയായിരുന്നു......"

നാണമില്ലാത്ത ആ മാതിരി കണ്ടിട്ട് ആരൊക്കെ യോ പറഞ്ഞു: "അസത്ത്!"

ചിലർ ആ കുഞ്ഞിൻെറ ചുണ്ടുകളിലേക്കെന്നപോലെ നോക്കി നില്ക്കുകയാണ്......

"വിഭാഗതയില്ലാത്തവർ! കുഞ്ഞിന്നു മുല കൊടുക്കുമ്പോഴാണ് നോട്ടം. പാൽ നിറഞ്ഞു വീർത്ത മുലയിലേക്ക് ഇങ്ങിനെ നോക്കിയാലോ?...... നാണമില്ലാതെ നോക്കിക്കൊള്ളട്ടെ......"

അവൾ ആരുടേയും മുഖത്തേക്ക് നോക്കിയില്ല. എങ്കിലും ആ കണ്ണുകൾ ജനക്കൂട്ടത്തിലെങ്ങോ തങ്ങിനിന്നിരുന്നു. എല്ലാവരേയും ഒരൊററ വ്യക്തിയായാണവൾ കാണുന്നത്. അയാൾ ആ കുഞ്ഞിനെ വാരിയെടുത്ത് ഉമ്മവെയ്ക്കുവാൻ ഇങ്ങ് വരുന്നില്ല!

തടിച്ചുകൂടി നില്ക്കുന്നവർ അന്യോന്യം നോക്കി. ആരെയാണവൾ നോക്കുന്നത്?

ആരുമില്ലാ. പിന്നെ?

"അവൾക്ക് മുഴുത്ത ഭ്രാന്താണ്!"

"ഇപ്പോഴെ മനസ്സിലായുള്ളൂ?"

"അവൾ നോക്കുന്നതു് കുട്ടിയുടെ അച്ഛനെയാണ്"

"പാവം!"

"എന്തൊക്കെയോ സംഭവിച്ചിട്ടുണ്ട്!"

"ഇതുവരെയും പ്ലേററുഫോമിൽ തെക്കും വടക്കും നടക്കുകയായിരുന്നു."

"തിരഞ്ഞുപിടിക്കാനാണ്."

"വല്ലാതെയാണല്ലൊ തിരഞ്ഞുപിടിക്കുക. അയാൾ ഈശ്വരനെപ്പോലെ സർവ്വവ്യാപിയാണ്. അജ്ഞാതനാണ്; അദൃശ്യനാണ്. ആവശ്യമുള്ളേടത്ത് കാണില്ല—"

ആ തമാശകേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു. അവൾ കിതപ്പോടുകൂടി എല്ലാവരെയും നിസ്സഹായതയോടെ മാറി മാറി നോക്കി.

"ദുഷ്ടന്മാർ! തോന്നുന്നല്ലൊ ഇങ്ങിനെ നിന്നു കഴുതകളെപ്പോലെ പൊട്ടിച്ചിരിക്കാൻ. അയാൾ ഈശ്വരനൊ, കള്ളനൊ ആരെങ്കിലുമായിക്കൊള്ളട്ടെ. ഇവക്കൊക്കെ എന്താണ് ചേതം? അയാൾ ഓമനക്കുഞ്ഞിൻെറ അച്ഛനാണ്! ങ്ഹാ—! വേണ്ടാത്തതു് പറഞ്ഞാലുണ്ടല്ലോ—!"

"ചുരുളൻ മുടിയും, വെളുത്തു നീണ്ട ദേഹവുമുള്ളവരെ വല്ല്യ പ്രിയമുള്ളവളാണ്."

"അതു് നേരാണു്. അവരുടെ മുമ്പിൽച്ചെന്നു് എത്ര നേരമാണവൾ നില്ക്കുക."

"അങ്ങിനെ നോക്കിനിന്നിട്ടു് പിന്നെ മെല്ലെ ഒരു ചിരിയാണു്. എന്നിട്ടു് ചൂണ്ടുവിരൽകൊണ്ടു് കവിൾത്തടം തൊട്ടുകാണിക്കുകയും. ആരെങ്കിലും കണ്ടാൽ എന്തൊരു കുറവാണു്!... ..." വെളുത്തു നീണ്ട ദേഹവും, ചുരുളൻ മുടിയുമുള്ള ഒരു മര്യാദക്കാരൻ ആവലാതിപ്പെട്ടു. അങ്ങിനെ പലരും.

"അവളുടെ കവിളുകളിലുള്ള നുണക്കുഴികളാണു് തൊട്ടുകാണിക്കുന്നതു്. ഭ്രാന്താണെങ്കിലും ഒരു സുന്ദരിയാണു്."

"ഒരു വെളുത്തുനീണ്ട ശരീരക്കാരൻ ആ നുണക്കുഴികളെപ്പററി പലപ്പോഴും അവളോട് പറഞ്ഞുകാണും"

"അതു് കാണുമ്പോഴെങ്കിലും മനസ്സിലാകട്ടെ എന്നായിരിക്കും വിചാരം."

"മഹാപാപി!"

അപ്പോഴും അവൾ എല്ലാവരേയും വിമ്മിഷ്ടത്തോടെ നോക്കി.

"ദുഷ്ടന്മാർ!"

അയാൾ എത്ര നല്ലവനാണ്. വിശന്നു പൊരിയു മ്പോൾ ഈ ദുഷ്ടന്മാരാരെങ്കിലും ഒന്നു വന്നു നോക്കിയി രുന്നോ? ആരും കാണരുതെ എന്നു പ്രാർത്ഥിച്ചുകൊ ണ്ടാണ് ചുരുണ്ടു കിടന്നതു്. വിശന്നു ചത്താലും തര ക്കേടില്ല. ഓരോരുത്തരുടേയും നോട്ടം കാണുമ്പോൾ പേടിച്ചുപോയിരുന്നു. നല്ല കൂരിരുട്ടായിരുന്നതുകൊ ണ്ടു് ആരും കണ്ടില്ലാ. അപ്പോൾ വന്നിരിക്കുന്നു ഒരു കു രുത്തംകെട്ട മഴ. വെള്ളം അടിച്ചുകേറി. എന്തൊരു ശീതക്കാററായിരുന്നു! കണ്ണും ചിമ്മി ചുരുണ്ടു കിടന്നു.

അപ്പോഴാണ് കാലുപിടിച്ച് കലുക്കിക്കൊണ്ടു് മെ ല്ലെ ഒരു ചോദ്യം കേൾക്കുന്നതു്:

"ആരാ—?"

ഞെട്ടിപ്പോയി. പിടച്ചെഴുന്നേററിരുന്നു. പേടി യോടെ അയാളെ ആകപ്പാടെ ഒന്നു നോക്കി. ഇരുട്ടായ തുകൊണ്ടു് ശരിക്കു കണ്ടില്ല. ചുരുണ്ട മുടിയാണു; വെ ളുത്തു നീണ്ട ദേഹവും. മിണ്ടാൻ നാവു പൊങ്ങിയില്ല. അങ്ങിനെ നോക്കിയിരുന്നുപോയി.

"പേടിച്ചോ?"

പേടിക്കാതിരിക്ക്യോ? പേടികൊണ്ടു് നാവന ക്കാൻ കഴിഞ്ഞില്ല.

"ചായകുടിക്കാൻ കാശുവേണോ?"

മനസ്സിൽകിടന്നു് എന്തോ ഒന്നു പിടച്ചു.

"ചായ കുടിക്കാൻ......"

അപ്പോഴും മിണ്ടിയില്ല. വേണമെന്നു പറയുകയാണെന്നു് അയാൾ മനസ്സിലാക്കി.

"ദേ, വരുന്നു."

മഴയത്തുതന്നെ അയാൾ പുറത്തേക്കിറങ്ങി വേഗം നടന്നു. ആ പോക്കും നോക്കി നില്ക്കുമ്പോൾ വിചാരിക്കാതിരിക്കാൻ കഴിഞ്ഞില്ല,

"എന്തൊരു നല്ല ആൾ."

എല്ലാ ആണുങ്ങളെയും പേടിയായിരുന്നു. അദ്ദേഹത്തെ പേടിക്കാൻ കഴിഞ്ഞില്ല. തിരിച്ചുവരാതെ പോകുമോ എന്നായിരുന്നു പേടി. ശേ എന്നു് പെയ്യുന്ന മഴയിലേക്കു് സൂക്ഷിച്ചുനോക്കി ഇരുന്നു. എത്ര നേരമാണു്! ഇനി വരില്ലേ? അങ്ങിനെയിരിക്കുമ്പോൾ അതാ വരുന്നു. പാവം! നനഞ്ഞൊലിച്ചിരുന്നു. സങ്കടം തോന്നിപ്പോയി. മുഖത്തുനോക്കി സ്നേഹത്തോടുകൂടി ഒന്നു ചിരിക്കാൻ വിചാരിച്ചു. ചിരി വന്നില്ല. ആദ്യമായി ഒരാളോടു ചിരിക്കാൻ കഴിയ്യോ?

"തിന്നോളൂ."

ഒരു പൊതി നീട്ടി പറഞ്ഞു. വാങ്ങാൻ മടിയുണ്ടായിരുന്നു. എന്നാലും വാങ്ങാതിരിക്കാൻ മനസ്സുവന്നില്ല. മുഖത്തേക്കു നോക്കിക്കൊണ്ടുതന്നെ വാങ്ങി. ചൂടുള്ള പൊതി.

"വേഗം തിന്നോളൂ."

പൊതിയഴിച്ചു; പൂരി. മുമ്പിലിരുന്നു ആത്തിയോടെ തിന്നാൻ നാണമായിരുന്നു.

"നാണിക്കേണ്ട."

തിന്നുന്നതും നോക്കി അയാൾ അടുത്തുതന്നെ ഇരുന്നു. എന്തൊരാളാണ്!

"വിശപ്പു മാറ്യോ?"

"ഓ—"

താഴോട്ടുനോക്കിയാണ് പറഞ്ഞതു്.

"വീടില്ലെ?"

ഇല്ലെന്നു് തലയാട്ടി.

"പേരെന്താ?"

"അംബികാ—"

"എത്ര വയസ്സായി?"

ഓർമ്മയില്ലായിരുന്നു. പത്തുപതിനെട്ടായിക്കാണുമോ? അറിഞ്ഞുകൂടാ. അതുകൊണ്ടു് പറഞ്ഞില്ല. പിന്നെ എന്തൊക്കെയോ ചോദിച്ചു, അയാൾ ദേഹത്തോടു് തൊട്ടിരിക്കുകയായിരുന്നു. പിടിച്ചൊരു തള്ളുകൊടുക്കാൻ മനസ്സുവന്നില്ല. ഓക്കാപ്പുറത്തായിരുന്നു. മുഖം അയാളുടെ കൈകൾക്കുള്ളിൽ ഒരു താമരമൊട്ടുപോലെ കുടുങ്ങിപ്പോയി. പിടിച്ചൊരു നുള്ളുകൊടുക്കാൻ മനസ്സുവ

രുമോ? ആ മുഖത്തു് സിഗരററിൻെറയും പൗഡറിൻെറയും മണമുണ്ടായിരുന്നതുകൊണ്ടല്ല. നല്ല ഒരാളാണു്। ആദ്യമായി അയാളാണു് വയസ്സു് എത്രയെന്നു പറഞ്ഞതു്. പതിനേഴ വയസ്സുകൂടി ആയിട്ടില്ല. അതെങ്ങിനെ മനസ്സിലായാവോ? അതു് പറയുമ്പോൾ വല്ലാത്ത വേദനയുണ്ടായിരുന്നു......

ശ്രേ— എന്നു് മഴ പെയ്യുമ്പോൾ എന്തൊരു വിയപ്പായിരുന്നു! എഴന്നേററു് വിയപ്പുതുടച്ചിട്ടു് അയാൾ പറഞ്ഞു:

"പോട്ടെ—"

ഞെട്ടിപ്പോയി! കിതപ്പുകൊണ്ടു് മിണ്ടാൻ കഴിഞ്ഞില്ല,

"കാശുവേണോ?" അയാൾ ട്രൗസറിൻെറ രണ്ടു കീശകളിലും കൈകൾ കടത്തി.

എന്തിനാണു് കാശു്! കാശിലും വലിയ ഒന്നുമില്ലേ? ആ കൈ നിറയെ കാശുണ്ടായിരുന്നു.

"ദാ."

വാങ്ങിയില്ല. മനസ്സു് പൊട്ടിപ്പിളരുന്നതുപോലെ തോന്നി.

"ദാ"

"എനിക്കു് കാശുവേണ്ട!" പൊട്ടിക്കരഞ്ഞുപോകരുതെ എന്നു് പ്രാർത്ഥിച്ചുകൊണ്ടാണു് പറഞ്ഞതു്.

"എന്നാൽ പോട്ടെ—"

അയാൾ കുനിഞ്ഞുനിന്നു് താടിപിടിച്ചുയർത്തി കു ലുക്കിക്കൊണ്ടു് ചോദിച്ചു. ആദ്യമായി ഒരാണിന്റെ കൈ പിടിക്കുകയായിരുന്നു. രോമം നിറഞ്ഞ ആ കൈ പിടിച്ചുകൊണ്ടു് വിറയലോടെ പറഞ്ഞുപോയി:

"പോകണ്ട—!"

"നല്ല കാര്യം."

അയാൾ എന്തോ ആലോചിച്ചുകൊണ്ടു് നിന്നു. എന്നിട്ട് കൈവിരലുകളിൽ ചുംബിച്ചുകൊണ്ടു് പറഞ്ഞു:

"ഞാൻ പോട്ടെ—"

മിണ്ടാതെ തലതാഴ്ത്തിയിരുന്നു. അപ്പോഴാണു് പെട്ടെന്നു് മനസ്സിൽ തോന്നിപ്പോയതു്:

"വല്ലതും ആയിപ്പോവ്വോ?"

ഒരു ഞെട്ടലോടുകൂടി തലയുയർത്തി അയാളെ നോക്കി. അപ്പോഴും അയാൾ ചോദിച്ചു:

"പോട്ടെ കെട്ടോ—"

ഇതെന്തൊരു ചോദ്യമാണു്? ഇഷ്ടംപോലെ വന്നു; ഇഷ്ടംപോലെയൊക്കെ ചെയ്തു എന്നിട്ട് ഇഷ്ടം പോലെ പോവേ? ഇത്രക്കു് വിലയിടിഞ്ഞ ജീവിയാണോ താൻ? ആ ചോദ്യം തന്റെ വിലയിടിക്കുകയ

ല്ലെ? നാല്യ പൂരിക്കുവേണ്ടിയായിരുന്നോ? പൂരിയെ ക്കാളും വലിയ പലതും മുമ്പിൽ നീണ്ടുവന്നിരുന്നതല്ലേ? അന്നു് ആ കൈകൾ വെട്ടിമുറിക്കണമെന്നു തോന്നി. അവരെ ഒന്നു നോക്കിയതുപോലുമില്ല. അങ്ങിനത്തെ തനിക്കു് എങ്ങിനെ അയാളെ വെറുക്കുവാൻ കഴിഞ്ഞില്ല? അവസാനം എല്ലാം കഴിഞ്ഞപ്പോൾ അയാൾ പോകുന്നു· തന്നെ ആപത്തിൻെറ നടുവിലേക്കു് വലിച്ചെറിഞ്ഞു കൊണ്ടു് ഇറങ്ങിപ്പോകാൻ തോന്നുന്നല്ലൊ! പാടില്ലാത്തതു വല്ലതും വന്നുപോയാലോ?

"വല്ലതും ആയിപ്പോയാലോ?" തൊണ്ടയിടറിപ്പോയി.

"അതപ്പോഴല്ലെ?" അയാൾ ശബ്ദമുണ്ടാക്കാതെ ചിരിച്ചു.

"അപ്പൊഴൊ?"

"അപ്പോൾ കാണാമല്ലൊ!"

"കാണെ്വാ?"

"പിന്നെന്ത്യാ?"

പുറത്തിറങ്ങി നടന്നുപോകുമ്പോഴാണു് അങ്ങിനെ പറഞ്ഞതു്. വിതുമ്മിക്കരഞ്ഞുപോയി. നേരിയ മഴച്ചാറലിലൂടെ അയാൾ നടന്നു. നീണ്ടു വെളുത്ത ദേഹവും, ചുരുളൻ മുടിയും, എന്തൊരു നല്ല ആൾ!

തീച്ച്യയായും അയാൾ വരും. വരണമെങ്കിൽ വല്ലതും ആകണം. ഈശ്വരാ......

പിന്നെ പ്രാർത്ഥനയായിരുന്നു. എന്തുതന്നെ ആയാലും തരക്കേടില്ല. അയാൾ വരണം; തീച്ച്യയായും വരും. അങ്ങിനത്തെ ഒരു ചീത്ത മനുഷ്യനായിരുന്നെങ്കിൽ യാത്രചോദിക്കാതെ ഇഷ്ടംപോലെ ഇറങ്ങിപ്പോകുമായിരുന്നില്ലെ? കൈവിരലുകൾ കൂട്ടിപ്പിടിച്ച് എത്ര സ്നേഹത്തോടുകൂടിയാണു് ഉമ്മവെച്ചതു്!

കാത്തു. ദിവസങ്ങൾ പോയി; മാസങ്ങൾ വന്നു. വിചാരിച്ചതുപോലെയൊന്നുമായില്ല. എന്തുപററി? അപ്പോൾ അയാൾക്ക് വരേണ്ട ആവശ്യമുണ്ടാകയില്ലെന്നു വരുമോ......? ഈശ്വരാ......

മുന്നിൽക്കൂടി കൂട്ടം കൂട്ടമായി പൊയ്ക്കൊണ്ടിരുന്ന ആൾത്തിരക്കിലേക്കു് സൂക്ഷിച്ചുനോക്കി. വെളുത്ത നീണ്ട ദേഹവും, ചുരുളൻ തലമുടിയും. വളരെപേരുണ്ടു്. ആരും ഇങ്ങോട്ട് നോക്കുന്നില്ല. മറന്നുകാണുമോ? പൊറുത്തുകൂടാത്ത ഒരു ദാഹംപോലെ—

എത്രയാണു് ഈ ദാഹം സഹിക്കുക? ഇങ്ങോട്ടു നോക്കാത്തവരുടെ മുമ്പിലേക്കു് ചെന്നാലോ? വെളുത്തു നീണ്ട ദേഹവും, ചുരുളൻ മുടിയുമുള്ളവരുടെയെല്ലാം മുമ്പിൽചെന്നു നില്ക്കുക. ഓ, ഇനി അതിനാണു് തെററ്! സംശയത്തോടുകൂടി മുമ്പിലേക്കു് ചെല്ലും. അവർ നോക്കുന്നില്ല. നോക്കിയാൽതന്നെ ഒരിക്കലും കണ്ടിട്ടില്ലാത്തപോലെ......കൂരിരുട്ടായിരുന്നു. തനിക്കും നല്ലപോ

ലെ ഓൎമ്മയില്ല. എല്ലാററിനെക്കാളും അയാൾ ഭംഗിയായി കണ്ടതു് കവിളുകളിലെ നുണക്കുഴികളാണു്. നുണക്കുഴിയൊ? തൻെറ കവിളിൽ അങ്ങിനെ ഒരു കുഴിയുമുണ്ടോ? ചിരിക്കുമ്പോഴാണെന്നു് അയാൾ പറഞ്ഞിരുന്നു. അതു് കാണാൻവേണ്ടി ഒന്നു ചിരിക്കാൻ എത്ര നിൎബ്ബന്ധിച്ചതാണു്. നിൎബ്ബന്ധംപിടിച്ചാൽ ചിരി വരുമോ? ചിരിക്കാൻവേണ്ടി അയാൾ കഴുത്തിൽ ചുംബിക്കുകയാണു് ചെയ്തതു്. കിക്കിളികൊണ്ടു് സഹിക്കവയ്യാതെ ചിരിക്കുകയും ചെയ്തു. എന്നിട്ടു് അയാൾ നുണക്കുഴികൾ കണ്ടു് സന്തോഷിച്ചു. അങ്ങിനെ, എന്തെല്ലാം അയാൾക്കുവേണ്ടി ചെയ്തതാണു്. എന്നിട്ടും മറന്നുകളഞ്ഞല്ലൊ. രാവും പകലും ഇങ്ങിനെ കാത്തിരിക്കുന്ന ഒരുത്തിയുണ്ടെന്നുകൂടി......ഉം.

അങ്ങിനെയുള്ളവരെ കാണുമ്പോൾ മനസ്സിൽ ഒരു പിടയലാണു്. മുമ്പിലേക്കോടിച്ചെല്ലും. എന്നിട്ടു് നോക്കിനിന്നു് ചിരിക്കും. നുണക്കുഴികൾ കാണാതിരിക്കുമോ? എന്നിട്ടോ? കണ്ടവരെല്ലാം പറഞ്ഞു:

"ഭ്രാന്താണു്!"

"പാവം, ഇത്ര ചെറുപ്പത്തിലെ ഭ്രാന്തായിപ്പോയി"

"ഇതു് സാധാരണ ഭ്രാന്തൊന്നുമല്ല."

പിന്നെയോ? വേറെ എന്തു ഭ്രാന്താണു്? ആരാണീ ഭ്രാന്തുപിടിപ്പിച്ചതു്? അയാളാണെന്നു പറയാൻ എങ്ങിനെ തോന്നും? ഈ നശിച്ച തെണ്ടിച്ചെറുക്കന്മാ

രല്ലേ? ചുററും വന്ന് കൊത്തിപ്പറിക്കുകയാണ്. തോണ്ടുന്നു, നുള്ളുന്നു, തോന്നുന്നേടത്തൊക്കെ പിടിച്ച് ഓടിക്കളയുന്നു. അയാൾ ഒരിക്കലും അന്ന് വേദനിപ്പിച്ചിട്ടില്ല. വേദനയുണ്ടോ എന്ന് ചോദിക്കുകയേ ചെയ്തിരുന്നുള്ളു. ഈ തെണ്ടിച്ചെറുക്കന്മാർ ഭ്രാന്തുപിടിപ്പിച്ചു. പന്തുപോലെ ചുരുട്ടിയ കടലാസുകഷ്ണങ്ങളും, കീറൻ തുണികളും അവർ ദേഹത്തിലേക്കു വലിച്ചെറിഞ്ഞു. സഹികെട്ട് ആ പിള്ളേരുടെനേരെ ഇറങ്ങിയോടി. അപ്പോൾ ഒരുകൂട്ടം പിന്നിൽനിന്ന് ഓടിയെത്തി. തിരിഞ്ഞുനില്ക്കുമ്പോൾ ഓടിക്കളയും. ഭ്രാന്തുപിടിക്കില്ലേ? പിടിച്ചു. എന്നിട്ടും ഒന്നുമാത്രം മറക്കാൻ കഴിഞ്ഞില്ല. അയാൾ......

അയാൾ വരുമൊ?

അതപ്പൊഴല്ലേ?

എപ്പോൾ?

എന്തെങ്കിലും ആയിപ്പോയാൽ!

ആകുന്നില്ലാ...ആകുന്നില്ലാ......

ആ രാത്രി മുഴവൻ തിരക്കായിരുന്നു. കൂരിരുട്ടാണ്. ആരും കണ്ടില്ല......നേരം പുലന്നപ്പോൾ വയറിനു കനമാണ്. വയറെല്ലാംകൂടി ഉടുപ്പിന്നിടയിൽക്കൂടി താഴോട്ടു പോകുമോ എന്ന് ഒരു തോന്നൽ. ഉറക്കെ പൊട്ടിച്ചിരിക്കാൻ ഒരാശ; ചിരിച്ചു. ഉറക്കെ......ഉറക്കെ...കേട്ടവരെല്ലാം ഞെട്ടിത്തിരിഞ്ഞു നോക്കത്തക്ക ശ

ന്തിയിലായിരുന്നു. നോക്കിയവരൊക്കെ പറയുന്നതു കേട്ടു:

"ഭ്രാന്താണ്. ഗർഭോം......പാപികൾ!"

ആളുകൾ തിങ്ങിക്കൂടുന്നിടത്തൊക്കെ ചെന്നുനിന്നു. ചിരിച്ച്, തുറിച്ചുനോക്കി.

കണ്ടില്ല. അങ്ങിനെ പലതവണ ഗർഭമുണ്ടായി; പെററു......ആരും വന്നില്ല......വീണ്ടും പ്രസവിച്ചിരിക്കയാണ്. ഭയങ്കരമായ പ്രസവം! അതുകണ്ടു് ആരും സഹതപിച്ചില്ല. പൊട്ടിച്ചിരിച്ചു, പരിഹസിച്ചു......

അങ്ങിനെ ആളുകൾ തിങ്ങിക്കൂടി നില്ക്കുന്നതുകണ്ടു് പോലീസുകാരെത്തി. അവർ അവളെ തുറിച്ചുനോക്കി. ആ ഉരുണ്ട കുറുവടികൊണ്ടു് ചത്തുചീഞ്ഞ പാമ്പിനെയെന്നപോലെ തോണ്ടീട്ട് അലറി:

"ഫൊ; അസത്തെ!"

അവൾക്കു് കിതച്ചു. എല്ലാവരേയും ദീനമായി ഒരിക്കൽക്കൂടി നോക്കി. ആ നോട്ടം പൊട്ടിക്കരഞ്ഞുകൊണ്ടു് ചോദിക്കുന്നു:

"ഇനിയും വന്നില്ലേ?"

കുഞ്ഞിനെ മാറോടുചേൎത്തിപ്പിടിച്ച് എഴുന്നേററ് പല്ലൊര ക്ഷീണത്തോടുകൂടി നടക്കുമ്പോൾ ഖലത്തെ ചുമ

ല്ലയർത്തി കണ്ണീർ തുടച്ചു. വാണ്ട കീഴ്ച്ചുണ്ട് ഒന്നു ടിച്ചു നനയ്ക്കുമ്പോൾ ആ കണ്ണുകൾ വിശ്വസിച്ചു:

"വരാതിരിക്കയില്ല. വരും......"

പ്ലേററുഫോമിൽനിന്നിറങ്ങി നേരിയ വെളിച്ച ള്ള റോഡിലൂടെ നടക്കുമ്പോൾ തെണ്ടിച്ചെറുക്കന്മാർ റും കൂടി വിളിച്ചാക്കുന്നതു് കേട്ടു:

"കുട്ട്യേത്തരോ പെറേറാളെ—?"

ആ രസകരമായ കാഴ്ചകണ്ടു് തൃപ്തിയോടെ തിരി പോകുന്ന ഒരു സുന്ദരി തൻെറ ഹൃദയേശ്വരനോടു് റഞ്ഞു:

"ഡേം ഫണ്ണി ഈസിററ്?"

"ക്വയററ് ഡ്രമേററിക്ക്!"

നേരിയ വെളിച്ചമുള്ള ആ റോഡിലൂടെ ഓരേ ത്ത് നടന്നുപോകുമ്പോൾ കൂരിരുട്ടുള്ള ഒരു മൂലയിൽവെ വീണ്ടും അവളെ കണ്ടുമുട്ടി. അവൾ വീണ്ടും ഗർഭവ യാവുകയായിരുന്നു!

പന്തുകൾപോലെ ചുരുട്ടിയ വലിയ കടലാസിലെ യും, കീറത്തുണിയുടെയും ആ കുഞ്ഞിനെ അവൾ അടി യററിന്നുമീതെ വെച്ചു കെട്ടുകയായിരുന്നു......!

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MF9 Acc. No. 70469

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

MF9
VIN-T

70469

വിനയന്

തിയ്യ തിരട്ടം